# ഭാരതീയ റിസർവ്വ് ബാങ്ക്

www.rbi.irg.in

ആർബിഐ/2017-18/14
എഫ്ഐഡിഡി.സിഓ.എസ്എഫ്ബി.നം.9/04.09.001/2017-18 ജൂലൈ 6, 2017

ചെയർമാൻ/മാനേജിങ് ഡയറക്ടർ/
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ചെറു സാമ്പത്തിക ബാങ്കുകൾ

മാന്യരെ,

**സ്മാൾ ഫൈനാൻസ് ബാങ്കുകൾ--സാമ്പത്തിക ഉൾപ്പെടുത്തലും വികസനവും സംബന്ധിച്ച മാർഗ്ഗ നിർദ്ദേശ രേഖകളുടെ സംക്ഷിപ്തരൂപം**

ചെറുകിട ബാങ്കുകൾക്ക് അനുമതി നൽകുവാനുള്ള പ്രഖ്യാപനം 2014 - 15 ലെ ബഡ്ജറ്റിൽ വന്നതിനാലും സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കും കൃഷിക്കും ഉള്ള വായ്പാ വിതരണത്തിനും ബാങ്കിങ് സേവനം ലഭ്യമല്ലാത്തതോ പരിമിതമായ സേവനം മാത്രം നിലവിലുള്ളതോ ആയ സ്ഥലങ്ങളിൽ മെച്ചപ്പെട്ട സേവനത്തിന് ശക്തമായ സമ്മർദ്ദം നൽകുവാനും സ്വകാര്യ മേഖലയിൽ സ്മാൾ ഫിനാൻസ് ബാങ്കിന് (SFBs) അനുമതി നൽകുവാൻ ഭാരതീയ റിസർവ്വ് ബാങ്ക് തീരുമാനിച്ചിരിക്കുന്നു. വേണ്ട നടപടിക്രമങ്ങൾക്കുശേഷം സെപ്റ്റംബർ 16, 2015 ലെ പ്രസ് റിലീസിൽ പറഞ്ഞതു പ്രകാരം SFBs സ്ഥാപിക്കുന്നതിനായി പത്ത് അപേക്ഷകർക്ക് തത്വത്തിൽ അനുമതി കൊടുത്തുകഴിഞ്ഞു.

അനന്തരം, 2016ഒക്ടോബർ 06ലെ DBR.NBD.No.26/16.13.218/2016-17 സർക്കുലർ പ്രകാരം ചെറു സാമ്പത്തിക ബാങ്കുകൾക്ക് പ്രവർത്തന മാർഗ്ഗരേഖ കൊടുത്തുകഴിഞ്ഞു. ആയതിൽ സാമ്പത്തിക ഉൾപ്പെടുത്തലും വികസനവും സംബന്ധിച്ച വിശാലമായ മാർഗ്ഗരേഖകൾ പ്രഖ്യാപിച്ചിട്ടുണ്ട്. അതിനുതുടർച്ചയായി, സംക്ഷിപ്തരൂപത്തിൽ സമഗ്രമായ ഒരു മാർഗ്ഗ നിർദ്ദേശരേഖ അനുബന്ധമായി നൽകിയിട്ടുണ്ട്. ഈ മാർഗ്ഗരേഖയുടെ പ്രവർത്തന പ്രാബല്യം സംക്ഷിപ്ത മാർഗ്ഗരേഖ പ്രസിദ്ധീകരിച്ച തീയതി മുതൽക്കായിരിക്കും.

വിശ്വാസ പൂർവ്വം,

(ഉമാശങ്കർ)
ചീഫ് ജനറൽ മാനേജർ-ഇൻ-ചാർജ്ജ്.

# സ്മാൾ ഫൈനാൻസ് ബാങ്കുകൾക്കുള്ള മാർഗ്ഗ നിർദ്ദേശരേഖകളുടെ സംക്ഷിപ്തരൂപം

## സാമ്പത്തിക ഉൾപ്പെടുത്തലും വികസനവും

**ഭാരതീയ റിസർവ്വ് ബാങ്ക്**

**<u>സാമ്പത്തിക ഉൾപ്പെടുത്തലും വികസനവും വിഭാഗം (FIDD)</u>**

<u>പട്ടിക</u>


| അദ്ധ്യായം | വിശദാംശങ്ങൾ | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 1 |
| 2 | വായ്പാ മുൻഗണനാ വിഭാഗം | 2 |
| 3 | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള വായ്പ | 18 |
| 4 | സാമ്പത്തിക സാക്ഷരത | 28 |
| 5 | സാമ്പത്തിക ഉൾപ്പെടുത്തൽ | 30 |
| 6 | കൃഷിമേഖല | 34 |
| 7 | ലീഡ് ബാങ്ക് പദ്ധതി | 58 |
| 8 | സർക്കാർ സ്പോൺസർ ചെയ്യുന്ന പദ്ധതികൾ | 59 |

അദ്ധ്യായം 1

## ആമുഖം

## സ്മാൾ ഫൈനാൻസ് ബാങ്കിന്റെ ഉദ്ദേശ്യം

സാമ്പത്തിക ഉൾപ്പെടുത്തൽ താഴെപറയും പ്രകാരം വിപുലപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാൾ ഫൈനാൻസ് ബാങ്കുകൾ സ്ഥാപിച്ചിരിക്കുന്നത്

a) ജനസമൂഹത്തിൽ വളരെ കുറച്ചുമാത്രം ബാങ്കിംഗ് സേവനം ലഭിക്കുന്നവർക്കും ഒട്ടും സേവനം ലഭ്യമല്ലാത്തവർക്കും സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കാനുള്ള വ്യവസ്ഥയുണ്ടാക്കൽ.

b) ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ, ചെറുബിസിനസ് യൂണിറ്റുകൾ, ചെറുകിട/മാർജിനൽ കൃഷിക്കാർ, സൂക്ഷ്മ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, അസംഘടിത മേഖലയിലെ സ്ഥാപനങ്ങൾ എന്നിവയ്ക്കെല്ലാം വായ്പ ലഭ്യമാക്കൽ.

**പ്രവർത്തനോദ്ദേശ്യം**

*ചെറുബിസിനസ്സ് യൂണിറ്റുകൾ, ചെറുകിട/മാർജിനൽ കൃഷിക്കാർ, സൂക്ഷ്മവും ചെറുതുമായ വ്യവസായങ്ങൾ, അസംഘടിത മേഖലയിലുള്ള സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ സേവനം ലഭ്യമല്ലാത്തവരും മതിയായ സേവനം ലഭിക്കാത്തവരുമായ വിഭാഗങ്ങൾക്ക് അടിസ്ഥാന ബാങ്കിംഗ് സേവനമായ നിക്ഷേപം സ്വീകരിക്കലും വായ്പ ലഭ്യമാക്കലും ഏർപ്പാടാക്കുകയാണ് ചെറു സാമ്പത്തിക ബാങ്കുകളുടെ (SFBs) പ്രാഥമികമായ ലക്ഷ്യം.

സ്മാൾ ഫൈനാൻസ് ബാങ്കുകൾ (SFBs) ആകെ ശാഖകളിൽ 25% ബാങ്കിംഗ് സേവനം ലഭ്യമല്ലാത്ത ഗ്രാമീണ മേഖലയിൽ തുറക്കണം

*കൂടാതെ, ഇത്തരം ബാങ്കുകൾ അവരുടെ ANBC (Adjusted Net Bank Credit) യുടെ 75% മുൻഗണനാ വിഭാഗത്തിനു കൊടുക്കണം.

**സാമ്പത്തിക ഉൾപ്പെടുത്തലും വികസനവും സംബന്ധിച്ച് SFBsന് ഉള്ള മാർഗ്ഗനിർദ്ദേശരേഖ**

*ബിസിനസ്സിന്റെ വ്യത്യസ്ഥ സ്വഭാവവും SFBsന്റെ സാമ്പത്തിക കേന്ദ്രബിന്ദുവും കണക്കിലെടുത്തും സൂക്ഷ്മ/ ചെറുകിട സംരംഭങ്ങൾ, കൃഷി എന്നിവയ്ക്ക് വായ്പ/ബാങ്കിംഗ് സേവനം ലഭ്യമാക്കുവാനും SFBsന്റെ സാമ്പത്തിക ഉൾപ്പെടുത്തലും വികസനവും യാഥാർഥ്യമാക്കുന്നതി നും SFBs നുവേണ്ടി പ്രത്യേക മാർഗ്ഗനിർദ്ദേശരേഖയുടെ സംക്ഷിപ്ത രൂപം തയ്യാറാക്കിയിരിക്കുന്നു.

*ഇതിലെ വ്യവസ്ഥകൾ ഭാരതത്തിൽ റിസർവ്വ് ബാങ്കിന്റെ പ്രവർത്തനാനുമതിയുള്ള എല്ലാ സ്മാൾ ഫൈനാൻസ് ബാങ്കുകൾക്കും ബാധകമായിരിക്കും.

അദ്ധ്യായം II

## മുൻഗണനാ വായ്പാവിഭാഗം - തരംതിരിക്കൽ

### വിഭാഗം-I മുൻഗണനാ വിഭാഗത്തിൻ കീഴിലുള്ളത്

1.മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ഇനങ്ങൾ താഴെപറയുന്നവയാണ്.

I) കൃഷി

ii) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ

iii) കയറ്റുമതി വായ്പ

iv) വിദ്യാഭ്യാസം

v) ഗൃഹ നിർമ്മാണം

vi) സാമൂഹ്യ അടിസ്ഥാനസൗകര്യങ്ങൾ

vii) പുനരുൽപ്പാദിക്കാവുന്ന ഊർജ്ജം

viii) മറ്റിനങ്ങൾ.

മേൽ പറഞ്ഞിരിക്കുന്ന വിഭാഗത്തിൽ വരുന്ന അനുയോജ്യ പ്രവർത്തികളെക്കുറിച്ച് വിഭാഗം III ൽ വ്യക്തമാക്കിയിട്ടുണ്ട്.

വിഭാഗം II

### മുൻഗണനാ വിഭാഗത്തിന്റെ ലക്ഷ്യം/ ഉപലക്ഷ്യം

ബാങ്കുകൾ അവരുടെ അഡ്ജസ്റ്റഡ് നെറ്റ് ബാങ്ക് വായ്പയുടെ (ANBC) 75% മുൻഗണനാ വിഭാഗത്തിനായി ലക്ഷ്യമിടണം. ANBC യുടെ 40% താഴെപറയുന്ന പ്രകാരം മുൻഗണനാ വായ്പാ വിഭാഗത്തിന്റെ (PSL) പല ഉപവിഭാഗങ്ങളിലായി നീക്കി വയ്ക്കുമ്പോൾതന്നെ ബാക്കി വരുന്ന 35% PSLന്റെ കീഴിലുള്ള ഏതെങ്കിലും ഉപവിഭാഗത്തിലോ അല്ലെങ്കിൽ ബാങ്കുകളുടെ മത്സരബുദ്ധി പ്രയോജനപ്പെടുത്തുന്ന തരത്തിൽ ഒന്നിലധികം ഉപവിഭാഗത്തിലോ നീക്കി വയ്ക്കേണ്ടതാണ്.

| വിഭാഗങ്ങൾ | ലക്ഷ്യം |
|---|---|
| മുഴുവൻ മുൻഗണനാ വിഭാഗം | ANBC യുടെ 75% |
| കൃഷി | ANBC യുടെ 18 %( കൃഷിക്ക് 18% ലക്ഷ്യമിട്ടിരിക്കുന്നതിൽനിന്നും ANBC യുടെ 8% ചെറുകിട/ മാർജിനൽ കൃഷിക്കായി ലക്ഷ്യമിടണം. |
| സൂക്ഷ്മ സംരംഭങ്ങൾ | ANBC യുടെ 7.5% |
| ദുർബല വിഭാഗങ്ങൾക്കുള്ള വായ്പ | ANBC യുടെ 10% |

മുൻഗണനാവിഭാഗത്തിന്റെ ലക്ഷ്യം/ഉപലക്ഷ്യം, നേട്ടങ്ങൾ എന്നിവ കണക്കുകൂട്ടുന്നത് മുൻവർഷത്തെ തത്തുല്യമായ തിയതിയിലെ മൊത്തം ANBC ആകണം.

വായ്പാ മുൻഗണനാ വിഭാഗം എന്ന ആശയത്തിൽ ANBC സൂചിപ്പിക്കുന്നത് ഇൻഡ്യയിൽ ബാക്കി നില്ക്കുന്ന ബാങ്ക് വായ്പാ തുകയിൽ നിന്നും (ആർ.ബി.ഐ നിയമം, 1934 ലെ 42(2) വകുപ്പിൻ പ്രകാരം ഫോറം.എ) യിലെ ഇനം നമ്പർ VI ൽ വ്യക്തമാക്കിയിരിക്കുന്ന പ്രകാരം) റിസർവ്വ് ബാങ്കും മറ്റ് ധനകാര്യ സ്ഥാപനങ്ങളും റീഡിസ്കൗണ്ട് ചെയ്തുകഴിഞ്ഞ ബിൽ തുക കുറച്ച്, അനുവദിക്കപ്പെട്ടിട്ടുള്ളതും കാലാവധിവരെ സൂക്ഷിച്ചിട്ടുള്ളതുമായ (HTM) ബോണ്ട്/ഡിബഞ്ചർ എന്നീ SLRൽ പെടാത്ത കടപ്പത്രങ്ങളും വായ്പാമുൻഗണനാ വിഭാഗത്തിൽ അർഹതയുള്ള മറ്റ് നിക്ഷേപങ്ങളും (ഉദാഹരണം സുരക്ഷിത ആസ്തികളിൽ ഉള്ള നിക്ഷേപങ്ങൾ)കൂടി കൂട്ടുന്നതാണ്. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന ഫണ്ട് (RIDF) ന്റെ നീക്കിയിരിപ്പു കൂടാതെ നബാർഡ്, എൻ.എച്ച്.ബി(NHB), സിഡ്ബി(SIDBI), മുദ്ര ലിമിറ്റഡ് (Mudra Limited) എന്നിവയുടെ വായ്പാ മുൻഗണനാ വിഭാഗത്തിന്റെ ലക്ഷ്യവും ഉപലക്ഷ്യവും നേടാൻ സാധിക്കാത്തതിനു പകരമായുള്ള ഫണ്ട് എന്നിവഎല്ലാം എ.എൻ.ബി.സിയുടെ ഭാഗമായിരിക്കും. FCNR(B)/NRE നിക്ഷേപങ്ങളുടെ വർദ്ധനവിനുനേരെ ഇൻഡ്യയിൽ കൊടുക്കുന്ന വായ്പകൾ, ഭാരതീയ റിസർവ് ബാങ്കിന്റെ ഓഗസ്റ്റ് 14, 2013 ലെ സർക്കുലർ DBOD No.Ret.BC36/1201/001/2013-14, അതോടൊപ്പം കൂട്ടി വായിക്കേണ്ട ജാനുവരി 31, 2014 ലെ DBOD No. Rct.BC.93/12.01.001/2013-14 ലെ സർക്കുലറും അനുസരിച്ച് CRR/SLR ആവശ്യകതയിൽ നിന്നും ഒഴിവാക്കപ്പെട്ട ഇനങ്ങൾ, ഫെബ്രുവരി 6, 2014 ലെ ഡി.ബി.ഒ.ഡി മെയിൽ ബോക്സിലെ വിശദീകരണമനുസരിച്ച് ഒഴിവാക്കിയ ഇനങ്ങൾ ഇവയെല്ലാം വായ്പാമുൻഗണനാ വിഭാഗത്തിന്റെ ലക്ഷ്യം നേടുന്നതിനായി കണക്കുകൂട്ടുന്ന ANBC യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. റിസർവ്വ് ബാങ്കിന്റെ ജൂലായ് 15, 2014 ലെ DBOD.BP.BCNo.25/08.12.04/2014-15 സർക്കുലർ പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ദീർഘകാലകടപത്രങ്ങളും ചെലവ് കുറഞ്ഞ വീടുകൾക്കുള്ള വായ്പയും വായ്പാ മുൻഗണനാ വിഭാഗത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതുമായി ബന്ധപ്പെട്ട ANBC യിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

**അഡ്ജസ്റ്റഡ് നെറ്റ്ബാങ്ക് ക്രെഡിറ്റ് കണക്കുകൂട്ടൽ**

| | |
|---|---|
| ഇൻഡ്യയിലെ ബാങ്ക് വായ്പ (ആർ.ബി.ഐ നിയമം 1934 ലെ 42(1) വിഭാഗം പ്രകാരം ഫാറം എ) യിലെ VI ഇനത്തിൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ) | I |
| റിസർവ്വ് ബാങ്കിലും മറ്റ് അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിലും റീ ഡിസ്കൗണ്ടു ചെയ്യപ്പെട്ട ബില്ലുകൾ | II |
| നെറ്റ്ബാങ്ക് ക്രെഡിറ്റ് (എൻ.ബി.സി) | III |

| | |
|---|---|
| | (I-II) |
| കാലാവധി പൂർത്തിയാകുന്നതുവരെ സൂക്ഷിക്കുന്ന എസ്.എൽ.ആറിനു പരിഗണിക്കാത്ത ബോണ്ട്/ഡിബഞ്ചർ എന്നീ കടപ്പത്രങ്ങൾ + മുൻഗണനാ വിഭാഗത്തിനു പരിഗണിക്കുന്ന മറ്റ് പണം മുടക്കുമുതലുകൾ+ആർ.ഐ.ഡി.എഫ് പ്രകാരമുള്ള ഡപ്പോസിറ്റുകൾ കൂടാതെ നബാർഡ്, എൻ.എച്ച്.ബി, സിഡ്ബി, മുദ്ര ലിമിറ്റഡ് തുടങ്ങിയവയിൽ മുൻഗണനാ വിഭാഗത്തിലെ അപര്യാപ്തതവഴി ഉണ്ടാകുന്ന നീക്കിയിരിപ്പ് ഫണ്ട്. | IV |
| റിസർവ്വ് ബാങ്കിന്റെ ജൂലായ്15, 2014 ലെ DBOD.BP.BC No.25/05.12.014/2014-15 സർക്കുലർ പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ദീർഘകാല കടപ്പത്രങ്ങളിന്മേ ലും ചെലവ് കുറഞ്ഞ വീടുകൾക്കുള്ള വായ്പയിലും ഒഴിവാക്കാൻ അർഹമായതുക (വായ്പാ മുൻഗണനാ വിഭാഗത്തിന്റെ ലക്ഷ്യം കൈവരിക്കുന്നതുമായി ബന്ധപ്പെട്ട ANBCയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.) | V |
| FCNR(B)/NRE നിക്ഷേപങ്ങളുടെ വർദ്ധനവിനുനേരെ ഇൻഡ്യയിൽ കൊടുക്കുന്ന അർഹമായ വായ്പകൾ,CRR/SLR ആവശ്യകതയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്ന തുക | VI |
| എ.എൻ.ബി.സി (ANBC) (III+IV) - (V- VI) | |

മുൻഗണനാവിഭാഗത്തിന്റെ കണക്കുകൂട്ടലിനുവേണ്ടി മാത്രം ബാങ്കുകൾ കൂട്ടിച്ചേർത്തുവച്ച പലിശ(accrued interest)/ നീക്കിയിരിപ്പുകൾ (പ്രൊവിഷൻസ്) എന്നിവയൊന്നും ANBCയിൽ നിന്നും കുറയ്ക്കാൻ പാടില്ല. ഡിപ്പാർട്ട്മെന്റ് ഓഫ് ബാങ്കിംഗ് റഗുലേഷന്റെ സ്മാൾ ഫൈനാൻസ് ബാങ്കുകളുടെ പ്രവർത്തന നിർദ്ദേശരേഖ (ഒക്ടോബർ 06, 2016 ലെ RBI/2016-17/81DBR.NBD.No.26/16.13.218/2016-17) പ്രകാരം എ.എൻ.ബി.സി കണക്കാക്കുന്നതിന് ബാങ്കുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

മേല്പറഞ്ഞ ബാങ്ക്, വായ്പ റിപ്പോർട് ചെയ്യുമ്പോൾ കോര്പറേറ് /ഹെഡ് ആഫീസ് തലത്തിൽ വിവേകപൂർവം എഴുതിത്തള്ളുന്ന തുക (prudential write-off) കുറക്കുക ആണെങ്കിൽ അതിൻപ്രകാരം മുൻഗണനാ വിഭാഗത്തിലോ മറ്റു ഉപവിഭാഗത്തിലോ എഴുതിത്തള്ളുന്ന തുക മുൻഗണനാ വിഭാഗത്തിന്റെയോ ഉപവിഭാഗത്തിന്റെയോ നേട്ടത്തിൽനിന്നും ഇനമനുസരിച്ചു കുറച്ചു എന്ന് ഉറപ്പാക്കണം

എല്ലാതരത്തിലുള്ള വായ്പകളും ധനനിക്ഷേപങ്ങളും അതുപോലെ മുൻഗണനാവിഭാഗലക്ഷ്യം ആയി തരംതിരിക്കാൻ അർഹമായ എല്ലാ ഇനങ്ങളും അഡ്ജസ്റ്റഡ് നെറ്റ്ബാങ്ക് ക്രെഡിറ്റിന്റെ ഭാഗമായിരിക്കും.

**വിഭാഗം.III - മുൻഗണനാ വിഭാഗത്തിന് അർഹമായ ഇന വിവരങ്ങൾ**

<u>1.കൃഷി</u>

കാർഷിക വിഭാഗത്തിനുള്ള വായ്പ ഇപ്രകാരം ഇനം തിരിച്ചിരിക്കുന്നു.

(i) കാർഷിക വായ്പ (ഹ്രസ്വകാല വിളവിനുള്ള വായ്പയും ഇടത്തരം/ ദീർഘകാല വായ്പകളും ഉൾപ്പെടെയുള്ള)

(ii)കൃഷിക്കുള്ള അടിസ്ഥാന സൗകര്യവും

(iii)അനുബന്ധ പ്രവർത്തനങ്ങളും.

ഓരോ വിഭാഗത്തിലും ഉൾക്കൊള്ളിക്കാവുന്ന പ്രവർത്തനത്തിന്റെ ഒരു ലിസ്റ്റ് താഴെകൊടുത്തിരിക്കുന്നു.

| | |
|---|---|
| 1 കാർഷിക വായ്പ | A.കർഷകർക്കുള്ള വ്യക്തിഗതവായ്പ (സ്വയംസഹായ ഗ്രൂപ്പ് (SHGs), പൊതു ബാദ്ധ്യതാ ഗ്രൂപ്പ് (JLGs), (അതായത് ബാങ്കുകൾ വായ്പയുടെ അടിസ്ഥാനവിവരങ്ങൾ പ്രത്യേകം പ്രത്യേകം സൂക്ഷിക്കാൻ പറ്റുന്നവിധത്തിൽ ഓരോ കർഷകനും ചേർന്നുള്ള കൂട്ടായ്മകൾ) നേരിട്ട് കാർഷികവൃത്തിയിൽ ഏർപ്പെടുന്നവർക്കും അനുബന്ധ പ്രവർത്തികൾ അതായത് പാൽ ഉല്പാദനം, മീൻവളർത്തൽ, മൃഗസംരക്ഷണം, കോഴി വളർത്തൽ, തേനീച്ചകൃഷി, പട്ടുനൂൽകൃഷി.<br>ഇതിൽ ഉൾപ്പെടുന്നവ:<br>i)കർഷകർക്കുള്ള ധാന്യവിള വായ്പകൾ, പരമ്പരാഗതവും അല്ലാത്തതുമായ തോട്ടങ്ങളും പൂന്തോട്ടങ്ങൾക്കും മറ്റു അനുബന്ധ പ്രവർത്തനത്തിനു-മുള്ള വായ്പകൾ ഉൾപ്പെടെയുള്ളവയും<br><br>ii) കാര്ഷികവൃത്തിക്കും അനുബന്ധ പ്രവർത്തനത്തിനും കർഷകർക്കുള്ള ഇടക്കാല/ ദീർഘകാല വായ്പകൾ (ഉദാഹരണം - കാർഷികോപകരണങ്ങളും യന്ത്രോപകരണങ്ങളും വാങ്ങാൻ, കൃഷിയിടത്തിനുള്ള ജലസേചന സൗകര്യം, മറ്റുവികസന പ്രവർത്തനങ്ങൾ, അനുബന്ധവികസന പ്രവർത്തനത്തിനുള്ള വായ്പകൾ<br>iii) വിളവെടുപ്പിനു മുമ്പും ശേഷവും ഉള്ള പ്രവർത്തനങ്ങൾക്ക് കർഷകർക്കു കൊടുക്കുന്ന വായ്പ-അതായത്, വെള്ളം തളിക്കൽ, കളപറിക്കൽ, വിളവെടുപ്പുകൾ, തരംതിരിക്കൽ, നിലവാരം നിശ്ചയിക്കൽ, കാർഷിക ഉല്പന്നങ്ങളുടെ ഗതാഗത സൗകര്യമൊരുക്കൽ എന്നിവയ്ക്ക്.<br>iv) കാർഷിക ഉല്പന്നങ്ങളുടെ ഈട്/പണയം എന്നിയ്ക്ക് നേരെ (ഗോഡൗൺ രസീത് ഉൾപ്പെടെ) കർഷകർക്ക് 50 ലക്ഷം രൂപ വീതം 12 മാസത്തിൽ കവിയാത്ത കാലാവധിയ്ക്ക് വായ്പ ലഭ്യമാക്കൽ<br>v)അംഗീകാരനിയുക്തമല്ലാത്ത സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് അവരോട് കടപ്പെട്ട് ദുരിതമനുഭവിക്കുന്ന കർഷകർക്കുള്ള വായ്പ<br>V1) കിസാൻ ക്രെഡിറ്റ് കാർഡ് പ്രകാരം കർഷകർക്കുള്ള വായ്പ |

| | |
|---|---|
| | V11)ചെറുകിട/മാർജിനൽ കർഷകർക്ക് കാർഷികാവശ്യങ്ങൾക്കായി സ്ഥലം വാങ്ങാൻ വായ്പ<br><br>B.സംഘടിത കർഷകർ, കാർഷിക ഉല്പന്ന സംഘടനകൾ/ വ്യക്തിഗത കർഷക കമ്പനികൾ, പങ്കാളിത്ത സ്ഥാപനങ്ങൾ കൂടാതെ പാലുല്പാദനം, മീൻ വളർത്തൽ, മൃഗസംരക്ഷണം, കോഴിവളർത്തൽ, തേനീച്ചവളർത്തൽ, പട്ടുനൂൽപ്പുഴു വളർത്തൽ എന്നീ വിഭാഗത്തിൽപ്പെടുന്നതും നേരിട്ടുള്ള കൃഷിയിലും അനുബന്ധ പ്രവർത്തനത്തിലും ഏർപ്പെട്ടിരിക്കുന്ന സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷകർക്ക് ഒരാൾക്ക് മൊത്തമായി 2 കോടി രൂപവരെ എന്ന നിരക്കിൽ വായ്പ.<br>ഇതിൽ ഉൾപ്പെടുന്നവ:<br>i)കർഷകർക്കുള്ള ധാന്യവിള വായ്പകൾ (പരമ്പരാഗതവും അല്ലാത്തതുമായ തോട്ടകൃഷിയും പൂന്തോട്ടകൃഷിയും ഉൾപ്പെടെ) കൂടാതെ അനുബന്ധ പ്രവർത്തനങ്ങൾക്കുള്ള വായ്പകൾ<br>ii)കാര്ഷികവൃത്തിക്കും അനുബന്ധ പ്രവർത്തിക്കും കർഷകർക്കുള്ള ഇടത്തരം/ ദീർഘകാല വായ്പകൾ (ഉദാ:- കാർഷികോപകരണങ്ങളും യന്ത്രോപകരണങ്ങളും വാങ്ങാൻ, കൃഷിയിടത്തിലേക്കുള്ള ജലസേചനവും മറ്റുവികസനപ്രവർത്തനങ്ങൾക്കുള്ള വായ്പ)<br>iii)വിളവെടുപ്പിനു മുൻപും ശേഷവും കർഷകർക്കുള്ള വായ്പ; വെള്ളം നിറയ്ക്കൽ, കള പറിയ്ക്കൽ, വിളവെടുപ്പ്, തരംതിരിക്കൽ നിലവാരം നിശ്ചയിക്കൽ, സ്വന്തം കാർഷിക ഉല്പന്നങ്ങളുടെ ഗതാഗത സൗകര്യമൊരുക്കൽ എന്നിവ.<br>iv)കാർഷിക ഉല്പന്നങ്ങളുടെ ഈട്/ പണയം എന്നിവയ്ക്ക് നേരെ (ഗോഡൗൺ രസീത് ഉൾപ്പെടെ) 50 ലക്ഷം രൂപവരെ 12 മാസത്തിൽ കവിയാത്ത കാലയളവിലേക്കുള്ള വായ്പ. |
| 1.2കൃഷിക്കുള്ള അടിസ്ഥാന സൗകര്യം | i)ശീതസംഭരണി യൂണിറ്റുകൾ/ ശീതസംഭരണ കാർഷിക വിളകൾ/ ഉൽപ്പന്നങ്ങൾ എന്നിവ സ്ഥല വ്യത്യാസം കൂടാതെ സൂക്ഷിക്കാനുള്ള ശീത സംഭരണ ശൃംഖലകൾ എന്നിവ ഉൾപ്പടെയുള്ള സംഭരണ സൗകര്യങ്ങൾ നിർമ്മിക്കാൻ (പൊതുവിതരണ ശാലകൾ, വ്യാപാര സ്ഥലം, ഗോഡൗൺ, പച്ചിലതീറ്റ സൂക്ഷിക്കുന്ന നിലവറകൾ)<br>ii)മണ്ണു സംരക്ഷണവും നീർച്ചുഴി വികസനവും<br>iii) പ്ലാന്റ് ടിഷ്യൂ കൾച്ചർ, കാർഷിക ജൈവസാങ്കേതികവിദ്യ, വിത്തുല്പാദനം, |

| | |
|---|---|
| | ജൈവകീടനാശിനി ഉല്പാദിപ്പിക്കൽ, ജൈവവളം, മണ്ണിരക്കൂട്ടുവളം മേൽപ്പറഞ്ഞ വായ്പകൾക്ക്, ബാങ്കിംഗ് സിസ്റ്റത്തിൽ ഒരാൾക്ക് അനുവദനീയമായ മൊത്തം വായ്പാ പരിധി 100 കോടി രൂപ |
| 1.3 അനുബന്ധ പ്രവർത്തനങ്ങൾ | i) അംഗങ്ങളുടെ കാർഷിക ഉല്പന്നങ്ങളുടെ ബാധ്യത തീർക്കുന്നതിലേക്കായി കാർഷിക സഹകരണ സംഘങ്ങൾക്കായി 5 കോടി രൂപ വരെ വായ്പ<br>ii)കാർഷിക ക്ലിനിക്കുകളും കാർഷിക ബിസിനസ്സു കേന്ദ്രങ്ങളും സ്ഥാപിക്കാൻ വായ്പ<br>iii)ഭക്ഷ്യവസ്തുക്കൾക്കും കാർഷിക സംസ്കരണത്തിനുമായി ഒരാൾക്ക് ബാങ്കിംഗ് സിസ്റ്റത്തിൽ അനുവദനീയമായ മൊത്തം വായ്പാ പരിധി 100 കോടി രൂപ<br>iv)അനവധി ട്രാക്ടറുകൾ, ബുൾഡോസറുകൾ, കുഴൽകിണർ സാമഗ്രികൾ, മെതിയന്ത്രങ്ങൾ, സംയോജന സാമഗ്രികൾ (combines) എന്നിവ നിലനിർത്തുന്നവരും കരാർ അടിസ്ഥാനത്തിൽ കൃഷിക്കാർക്കുവേണ്ടി കാർഷികവൃത്തികൾ ഏറ്റെടുക്കുന്നവരുമായ വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരാൽ നടത്തപ്പെടുന്ന ഇച്ഛാനുസരണ സേവന യൂണിറ്റുകൾക്കുള്ള വായ്പ.<br>v)വായ്പാ മുൻഗണനാ വിഭാഗത്തിന്റെ അപര്യാപ്തതമൂലം നബാർഡിന്റെ കൈവശമുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനഫണ്ടും (RIDF) മറ്റ് അർഹമായ ഫണ്ട് പ്രകാരം നിലവിലുള്ള നിക്ഷേപങ്ങൾ. |

*എട്ടുശതമാനം ലക്ഷ്യം കണക്കാക്കുന്നതിന്, ചെറുകിട/മാർജിനൽ കർഷകരോടൊപ്പം താഴെപറയുന്നവരും ഉൾപ്പെടും.

*ഒരു ഹെക്ടർ ഭൂമി സ്വന്തമായുള്ള കർഷകരെ മാർജിനൽ ഫാർമേഴ്സ് ആയികണക്കാക്കാം.

*ഒന്നിലധികം ഹെക്ടർ മുതൽ രണ്ട് ഹെക്ടർവരെ ഭൂമിയുള്ള കർഷകരെ സ്മോൾ ഫാർമേഴ്സ് ആയി കണക്കാക്കാം.

*ഭൂമി ഇല്ലാത്ത കർഷകതൊഴിലാളികൾ, കുടികിടപ്പുകാർ, വാക്കാലുള്ള വാടകക്കാർ, സമോൾ ആന്റ് മാർജിനൽ ഫാർമേഴ്സിന്റെ നിശ്ചിത പരിധിയിൽ താഴെ ഭൂമിയുള്ള പങ്കാളിത്ത വിളവെടുപ്പുകാർ.

*സ്വയംസഹായഗ്രൂപ്പുകൾ(SHGs), കൂട്ടായകടബാധ്യതാ ഗ്രൂപ്പുകൾ(JLGs) അതായത് ബാങ്കുകൾക്കു് വായ്പയുടെ വിഘടിത ഡേറ്റ നിലനിർത്താൻ സാധിക്കുന്ന തരത്തിലുള്ളതും കൃഷിയിലും അനുബന്ധ പ്രവർത്തിയിലും നേരിട്ട് ഏർപ്പെട്ടിരിക്കുന്നതുമായ ചെറുകിട, ഇടത്തരം കർഷകർക്കുള്ള വായ്പ.

*സ്മോൾ ആൻഡ് മാർജിനൽ ഫാർമേഴ്സിന്റെ അംഗത്വ എണ്ണത്തിൽ 75 ശതമാനത്തിൽ ആക്കുന്നതും അവരുടെ കൈവശമുള്ള ഭൂമിയുടെ പങ്ക് മൊത്തം ഭൂമിയുടെ 75 ശതമാനത്തിൽ കുറയാത്തതുമായതും നേരിട്ട് കർഷകവൃത്തിയിലും അനുബന്ധ പ്രവർത്തിയിലും ഏർപ്പെടുന്നതുമായ കർഷകവ്യക്തികളുടെയും കർഷക സഹകാരികളുടെയും ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾക്കുള്ള വായ്പകള്.

**2.സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (MSME)**

2.1. 2006 സെപ്റ്റംബർ 9, ലെ SO.16425E പ്രകാരം മൈക്രോ, സ്മോൾ ആൻഡ് മീഡിയം എന്റർപ്രൈസസ് മന്ത്രാലയത്തിന്റെ പ്രഖ്യാപനം അനുസരിച്ച് പ്ലാന്റ് ആൻഡ് മെഷിനറി/ ഉല്പാദനോപകരണങ്ങൾ/ സേവന സംരംഭം എന്നിവയ്ക്കുള്ള പണം മുടക്കൽ താഴെ പറയും പ്രകാരമാണ്.

| **ഉല്പാദന വിഭാഗം** | |
|---|---|
| **സംരംഭങ്ങൾ** | **യന്ത്രസാമഗ്രികളിലുള്ള നിക്ഷേപം** |
| മൈക്രോ സംരംഭങ്ങൾ | ഇരുപത്തഞ്ചു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. |
| ചെറു സംരംഭങ്ങൾ | ഇരുപത്തഞ്ചു ലക്ഷം രൂപയിൽ കൂടുതലും അഞ്ചുകോടി രൂപയിൽ കവിയാൻ പാടില്ലാത്തതും |
| ഇടത്തരം സംരംഭങ്ങൾ | അഞ്ചുകോടി രൂപയിൽ കൂടുതലും പത്തുകോടി രൂപയിൽ കവിയാൻ പാടില്ലാത്തതും |
| **സേവന വിഭാഗം** | |
| **സംരംഭങ്ങൾ** | **ഉപകരണങ്ങൾക്കുള്ള നിക്ഷേപം** |
| മൈക്രോ സംരംഭങ്ങൾ | പത്തുലക്ഷം രൂപയിൽ കവിയാൻ പാടില്ല |
| ചെറു സംരംഭങ്ങൾ | പത്തുലക്ഷം രൂപയിൽ കൂടുതലും രണ്ടു കോടി രൂപ കവിയാൻ പാടില്ലാത്തതും |
| ഇടത്തരം സംരംഭങ്ങൾ | രണ്ടു കോടി രൂപയിൽ കൂടുതലും അഞ്ചു കോടി രൂപ കവിയാൻ പാടില്ലാത്തതും |

ഉല്പാദന മേഖലയിലും സേവനമേഖലയിലുമുള്ള സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ ബാങ്കു വായ്പയ്ക്കായി മുൻഗണനാവിഭാഗത്തിൽ താഴെപറയും പ്രകാരം ഇനംതിരിക്കാനുള്ള യോഗ്യത ഉണ്ടായിരിക്കും

2.2. ഉല്പാദന സംരംഭങ്ങൾ

വ്യവസായ (വ്യവസായവും ചട്ടങ്ങളും) നിയമം, 1951 ൽ ഒന്നാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്നതു പോലെയും സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്നതുമായ വ്യവസായ സാധനങ്ങളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട് ഏർപ്പെട്ടിരിക്കുന്ന സൂക്ഷ്മവും, ചെറുതും ഇടത്തരവുമായ സംരംഭങ്ങൾ (MSMEs) പ്ലാന്റ് ആൻഡ് മെഷിനറിയിൽ പണം മുടക്കുന്നതിനെ അടിസ്ഥാനമാക്കിയായിരിക്കും ഉല്പാദനസംരംഭങ്ങളെ നിർവചിക്കുന്നത്.

2.3. സേവനസംരംഭങ്ങൾ

സേവനം നൽകുന്നതിൽ ഏർപ്പെട്ടിരിക്കുന്ന സൂക്ഷ്മവും ചെറുതുമായ സംരംഭങ്ങൾക്ക് ഒരു യൂണിറ്റിന് അഞ്ചുകോടി രൂപവരെയും ഇടത്തരം സംരംഭങ്ങൾക്ക് പത്തുകോടിരൂപവരെയും എം.എസ്.എം.ഇ.ഡി(MSMED) നിയമം, 2006 അനുസരിച്ച് ഉപകരണങ്ങൾക്കുവേണ്ടി പണം മുടക്കുന്നതിനായി ബാങ്കുവായ്പ ലഭ്യമായിരിക്കും.

2.4. ഫാക്ടറിങ് ഇടപാടുകൾ

പിന്തിരിഞ്ഞുപോകൽ അടിസ്ഥാനത്തിൽ (with recourse) ഓരോ വിഭാഗങ്ങളായി ഫാക്ടറിങ് / ബിസിനസ്സ് നടത്തുന്ന ബാങ്കുകൾ, എവിടെ ഓക്കെയാണോ അസ്സൈനർ (assigner) ഒരു MSME ആയിരിക്കുന്നത് അവിടെയെല്ലാം പ്ലാന്റ് ആൻഡ് മെഷിനറിയിലും, എക്യുപ്മെന്റിലും കൂടാതെ മുൻഗണനാ വിഭാഗത്തിന്റെ ഇനംതിരിക്കലിന്റെ നിലവിലുള്ള മാർഗ്ഗനിർദ്ദേശരേഖയനുസരിച്ചും വിധേയമായ പരിധിയിലും മുതൽ മുടക്കണം. ഇത്തരം നിലവിലുള്ള factoring portfolios നെ ബാങ്കുകൾ റിപ്പോർട്ടുചെയ്യുന്ന തീയതികളിൽ MSME വിഭാഗത്തിൽ തന്നെ ഇനംതിരിക്കുന്നതാണ്.

2015 ജൂലായ് 30 ലെ, “ബാങ്കുകളുടെ ഫാക്ടറിംഗ് സേവനങ്ങൾ-പുനരവലോകനം” എന്നതിനെക്കുറിച്ച് മറ്റുകാര്യങ്ങൾക്കൊപ്പം, ഡിപ്പാർട്ടുമെന്റ് ഓഫ് ബാങ്കിംഗ് റഗുലേഷൻ സർക്കുലർ DBR No.FSD.SC32/24.01.007/2015-16 ലെ 9ാം ഖണ്ഡിക പ്രകാരം, ഇരട്ട സാമ്പത്തിക സഹായം/കണക്കാക്കൽ ഒഴിവാക്കുന്നതിനായി കടക്കാരുടെ ബാങ്ക്, അവരിൽനിന്നും, കാലാകാലങ്ങളിൽ ഫാക്ടേഡ് റിസീവബിൾസിനെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. കൂടാതെ, ഇരട്ട ഫൈനാൻസിങ് ഒഴിവാക്കുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഫാക്റ്റേർസ്(factors) കടബാദ്ധ്യത ഉള്ളവർക്ക് അനുവദിച്ച വായ്പാപരിധി അറിയിക്കുകയും ബന്ധപ്പെട്ട ബാങ്കുകളുടെ ബാദ്ധ്യതാ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

ട്രേഡ് റിസീവബിൾസ് ഡിസ്കൗണ്ടിംഗ് സമ്പ്രദായം (TRCDs) വഴി നടക്കുന്ന ഫാക്ടറിംഗ് ഇടപാടുകളും മുൻഗണനാവിഭാഗത്തിന്റെ പരിധിയിലുള്ള ഇനം തിരിക്കലിന് അർഹത ഉള്ളതായിരിക്കും.

2.5.ഖാദി ഗ്രാമ വ്യവസായം (KVI)

ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകൾക്കുള്ള എല്ലാ വായ്പയ്ക്കും മുൻഗണനാവായ്പാ വിഭാഗത്തിന്റെ സൂക്ഷ്മ സംരംഭങ്ങൾ (micro enterprises)ക്കായി നിശ്ചയിച്ചിട്ടുള്ള 7.5% ഉപലക്ഷ്യ (subtarget) ത്തിൽപ്പെടുത്താൻ അർഹത ഉള്ളതായിരിക്കും.

2.6.എം.എസ്സ്.എം.ഇ (MSMEs) യ്ക്കുള്ള മറ്റു സാമ്പത്തിക സഹായം

i).വികേന്ദ്രീകൃത മേഖലയെ സഹായിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾക്ക് നിക്ഷേപം (inputs) നൽകുന്നതിനും കരകൗശല തൊഴിലാളികളുടെയും ഗ്രാമ കുടിൽ വ്യവസായത്തിന്റെയും ഉല്പന്നങ്ങൾക്ക് വിപണിയുണ്ടാക്കാനുമുള്ള വായ്പ.

ii).കരകൗശല തൊഴിലാളികൾ, ഗ്രാമ ഗ്രാമീണ കുടിൽ വ്യവസായങ്ങൾ എന്നീ വികേന്ദ്രീകൃത വിഭാഗത്തിൽപ്പെടുന്ന ഉല്പാദകരുടെ സഹകരണ സ്ഥാപനങ്ങൾക്കുള്ള വായ്പ

iii)ജനറൽ ക്രഡിറ്റ് കാർഡിന് വിധേയമായുള്ള വായ്പ (ഇപ്പോൾ നിലനില്ക്കുന്ന ആർട്ടിസാൻ ക്രഡിറ്റ് കാർഡ്, ലഘു ഉദ്യമി കാർഡ്, സ്വരോജഗർ ക്രഡിറ്റ് കാർഡ്, വീവേഴ്സ് കാർഡ് മുതലായവയും കാർഷികവൃത്തിയിൽപ്പെടുന്ന സംരംഭകർക്ക് വ്യക്തിഗത ആവശ്യങ്ങൾക്കുള്ള വായ്പയും)

iv)ഒരു ലക്ഷം രൂപയിൽകവിയാത്ത വീട്ടു വരുമാനമുള്ള ഗ്രാമവാസികൾക്കും ഒരുലക്ഷത്തി അറുപതിനായിരം രൂപയിൽ കവിയാത്ത വീട്ടുവരുമാനമുള്ള ഗ്രാമവാസികൾ അല്ലാത്തവർക്കുമായി പ്രധാനമന്ത്രിയുടെ ജൻധൻ യോജന(PMJDY)പ്രകാരം 2015 ഏപ്രിൽ 8, നുശേഷം ബാങ്കുകൾ നൽകിവരുന്ന ഓവർഡ്രാഫ്റ്റ്. ഇത്തരം ഓവർഡ്രാഫ്റ്റുകൾ മൈക്രോ എന്റർപ്രൈസസിൽ (MES) വായ്പാ ലക്ഷ്യം കൈവരിക്കുന്നതിലേക്ക് അർഹതപ്പെട്ടതായിരിക്കും

v)മുൻഗണനാവിഭാഗത്തിലുണ്ടാകുന്ന അപര്യാപ്തത മൂലം SIDBIയിലും മുദ്രാ ലിമിറ്റഡിലും നിലനില്കുന്ന നിക്ഷേപങ്ങൾ

2.7) മുൻഗണനാ വിഭാഗത്തിന്റെ പരിഗണനയ്ക്കുവേണ്ടിമാത്രം എം.എസ്.എം.ഇ എക്കാലവും ചെറുതും ഇടത്തരവുമായി നിലനില്ക്കില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി MSME യൂണിറ്റുകൾ, MSME ഇനത്തിൽനിന്നും വളർന്നുകഴിഞ്ഞാലും പിന്നീടുള്ള മൂന്ന് വർഷംവരെ മുൻഗണനാവിഭാഗ വായ്പ ലഭ്യമാകത്തക്ക വിധത്തിൽ അതേ സ്റ്റാറ്റസിൽ കണക്കാക്കുന്നതാണ്.

3)**കയറ്റുമതി വായ്പ :**

പ്രവർത്തനം ആരംഭിച്ച് ആദ്യത്തെ സാമ്പത്തിക വർഷം 100 കോടി രൂപവരെ വിറ്റുവരവുള്ള സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിൽപ്പെടുത്തി 25 കോടിവരെയുള്ള തുക ലഭ്യമാക്കുന്നതാണ്. എന്നിരുന്നാലും പിന്നീടുള്ള സാമ്പത്തിക വർഷങ്ങളിൽ വായ്പ ലഭ്യമാക്കിയിട്ടുള്ള മുൻവർഷത്തിന്റെ അതേ തീയതി കണക്കാക്കി ANBC യുടെ 2% വരെയുള്ള കയറ്റുമതി വർദ്ധന

വായ്പയ്ക്കു മാത്രമേ (incremental export credit) മുൻഗണനാവിഭാഗത്തിന് അർഹതയുള്ളൂ.

റിസർവ്വ് ബാങ്കിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ബാങ്കിംഗ് റഗുലേഷൻ പുറപ്പെടുവിച്ചിട്ടുള്ള കയറ്റുമതിക്കാർക്കുള്ള വായ്പയും സേവനവും (Rupee/Foreign Export Credit and Customer Service to Exporters) എന്ന വിഷയത്തിലെ മാസ്റ്റർ സർക്കുലറിൽ നിർവചിച്ചിട്ടുള്ളതുപോലെ കയറ്റുമതി വായ്പയിൽപ്പെടുന്നത് പ്രീ ഷിപ്മെന്റ്/ പോസ്റ്റ് ഷിപ്മെന്റ് എക്സ്പോർട്ട് ക്രഡിറ്റ് മാത്രം.

4.) **വിദ്യാഭ്യാസ വായ്പ**

തൊഴിൽ അധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആവശ്യത്തിനായി കൊടുക്കുന്ന പത്തുലക്ഷം രൂപവരെയുള്ള വായ്പയ്ക്ക്, അനുമതി നൽകിയ തുക എത്രയായാലും, മുൻഗണനാ വിഭാഗത്തിന്റെ അർഹത ഉണ്ടായിരിക്കുന്നതാണ്.

5) **വീടുവയ്ക്കൽ**

i)വാസ ഗൃഹം നിർമ്മിക്കുന്നതിനോ വാങ്ങിക്കുന്നതിനോ ഒരു കുടുംബത്തിന് മെട്രോപൊളിറ്റൻ കേന്ദ്രങ്ങളിൽ (പത്തുലക്ഷം മുതൽ മുകളിലോട്ട് ജനസംഖ്യ യുള്ള സ്ഥലം) ഒരു വ്യക്തിക്ക് 28 ലക്ഷം രൂപവരെയും മറ്റു സ്ഥലങ്ങളിൽ 20 ലക്ഷം രൂപവരെയും വായ്പ ലഭിക്കുന്നതാണ്. ഇത്തരം വായ്പകൾ ലഭ്യമാകണമെങ്കിൽ മെട്രോ സെന്ററിൽ വീടിന്റെ മൊത്തം ചെലവ് 35 ലക്ഷം രൂപയിൽ കവിയാൻ പാടില്ലാത്തതും മറ്റ് സെന്ററുകളിൽ 25 ലക്ഷം രൂപയിൽ കവിയാൻ പാടില്ലാത്തതുമാണ്. ബാങ്കിന്റ ഉദ്യോഗസ്ഥർക്കു കൊടുക്കുന്ന വായ്പകൾ ഇതിൽപ്പെടുത്താറില്ല. ദീർഘകാല ബോണ്ടുകളുടെ പിൻബലത്തിൽ കൊടുക്കുന്ന വായ്പകൾ ANBCയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ ബാങ്കുകൾ 28 ലക്ഷം രൂപവരെ മെട്രോ സെന്ററിലുള്ള വായ്പകളെയും 20 ലക്ഷം രൂപവരെ മറ്റു സെന്ററുകളിലുള്ള വായ്പകളേയും മുൻഗണനാ വിഭാഗത്തിൽപ്പെടുത്തുകയോ അല്ലെങ്കിൽ ANBCൽനിന്നുള്ള ഒഴിവാക്കൽ ആനുകൂല്യം സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ഒരുകാരണവശാലും രണ്ട് ആനുകൂല്യങ്ങളും കൂടി കൊടുക്കാൻ പാടില്ല.

ii)ഓരോ കുടുംബത്തിന്റെയും വാസഗൃഹത്തിന്റെ കേടുപാടുകൾ തീർക്കുന്നതിനായി മെട്രോപൊളിറ്റൻ സെന്ററുകളിൽ 5 ലക്ഷം രൂപവരെയും മറ്റു സെന്ററുകളിൽ 2 ലക്ഷം രൂപവരെയും വായ്പ നൽകാം.

iii)ചേരിപ്രദേശങ്ങളിൽ ചേരി നിർമ്മാർജ്ജനത്തിനും പുനരധിവാസ-ത്തിനുമായി സർക്കാർ ഏജൻസികൾ ഏറ്റെടുത്തു നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾക്ക് ഒരു വാസഗൃഹത്തിന് 10 ലക്ഷം രൂപവരെ എന്നതോതിൽ ബാങ്ക് വായ്പ ലഭ്യമാക്കാം.

iv)സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും താഴ്ന്ന വരുമാനക്കാർക്കുംവേണ്ടി മാത്രം വീട് നിർമ്മിച്ചുകൊടുക്കുന്ന പ്രോജക്റ്റുകൾക്കായി ബാങ്കുകൾ വായ്പ അനുവദിക്കുമ്പാൾ ഒരു വീടിന്റെ മൊത്തം നിർമ്മാണചെലവ് 10ലക്ഷം രൂപയിൽകൂടാൻ പാടില്ല എന്ന നിഷ്കർഷയുണ്ട്. സ്ഥലവ്യത്യാസമില്ലാതെ ഒരു കുടുംബത്തിന്റെ വാർഷിക

വരുമാനം 2 ലക്ഷം രൂപവരെ എന്ന പരിധിയാണ് സാമ്പത്തികമായി പിന്നോക്കംനില്കുന്നവരെ/താഴ്ന്ന വരുമാനക്കാരെ നിശ്ചയിയ്ക്കുന്നതിനുള്ള മാനദണ്ഡം.

v)നാഷണൽ ഹൗസിംഗ് ബാങ്കിന്റെ നിലവിലുള്ള ഡിപ്പോസിറ്റ് (outstanding deposit) മുൻഗണനാവിഭാഗത്തിനു നൽകിയ വായ്പയുടെ അപര്യാപ്തതയെ ആശ്രയിച്ചിരിക്കും.

6.**സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾ**

സ്കൂളുകൾ, ആരോഗ്യ സംരക്ഷണ സംരംഭങ്ങൾ, കുടിവെള്ള സൗകര്യമൊരുക്കൽ, ശുചിത്വപ്രവൃത്തികൾ ഒരുക്കൽ, ടയർ II മുതൽ ടയർ VI സെന്ററുകളിലെ വീടുകളിലെ ശൗചാലയങ്ങൾ, കുടിവെള്ളത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നിവയുമായി ബന്ധപ്പെട്ട നിർമ്മാണം/നവീകരണം, ഇത്യാദി സാമൂഹ്യ അടിസ്ഥാന സൗകര്യ വികസനപ്രവർത്തനത്തിനായി ഒരു വായ്പക്കാരന് 5 കോടി രൂപ എന്ന പരിധിയിൽ ബാങ്കുവായ്പ ലഭ്യമാകുന്നതാണ്.

7. **പുനരുൽപ്പാദിക്കാവുന്ന ഊർജ്ജം**

സോളാർ ആധാരമാക്കിയിട്ടുള്ള ഊർജ്ജോല്പാദനം, ജൈവ വസ്തുവിൽനിന്നുള്ള ഊർജ്ജോല്പാദനം, കാറ്റാടി മില്ലുകൾ, മൈക്രോഹൈഡൽ പ്ലാന്റ്, കൂടാതെ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ പാരമ്പര്യേതര ഊർജ്ജോല്പാദനം, തെരുവ് വിളക്ക് സ്ഥാപിക്കൽ, ഗ്രാമീണവൈദ്യുതീകരണം ഇത്യാദിപ്രവർത്തനങ്ങൾക്ക് വായ്പക്കാർക്ക് 15 കോടി രൂപ വരെ ബാങ്ക് വായ്പലഭിക്കുന്നതാണ്. ഒരു കുടുംബത്തിൽ ഒരു വായ്പക്കാരന് പരമാവധി 10 ലക്ഷം രൂപ വായ്പാ പരിധിയുണ്ടായിരിക്കും.

8.**മറ്റുള്ളവ**

8.1)ഗ്രാമപ്രദേശങ്ങളിൽ ഒരു വായ്പക്കാരന്റെ പ്രതിവർഷ വരുമാനം 1,00,000/- രൂപയിലും, മറ്റു പ്രദേശങ്ങളിൽ 1,60,000/- രൂപയിലും കവിയുന്നില്ല എങ്കിൽ, ഒരു വായ്പക്കാരന് 50,000/- രൂപയിൽ കവിയാതുള്ള തുക ബാങ്കുകൾ നേരിട്ട് വ്യക്തികൾക്കും കൂടാതെ അവരുടെ സ്വയംസഹായ കൂട്ടായ്മ/ കൂട്ടായ സാദ്ധ്യതാ ഗ്രൂപ്പ് (SHG/JLG) എന്നിവർക്കും നൽകുന്നതാണ്.

8.2)അധികാരനിയുക്തമല്ലാത്ത സ്ഥാപനങ്ങളിൽ അടച്ചു തീർക്കാനുള്ള കടബാധ്യത തീർക്കുന്നതിനായി ഒരു വായ്പക്കാരന് 1,00,000/- രൂപ എന്ന പരിധിയിൽ ദുരിതമനുഭവിക്കുന്ന വ്യക്തികൾക്കായി (III(1.1)A(V)വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കർഷകരിൽപ്പെടാത്തവർക്ക്)ബാങ്ക് വായ്പ ലഭ്യമാണ്.

8.3)സംസ്ഥാനം സ്പോൺസർ ചെയ്തിട്ടുള്ള പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായുള്ള സംഘടനകൾ സാധനങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനും സംഘടനയിലെ ഗുണഭോക്താക്കളുടെ ഉല്പന്നങ്ങൾക്കു വിപണി ലഭ്യമാക്കുന്നതിലേക്കുമായി ബാങ്ക് വായ്പ ലഭ്യമാണ്.

വിഭാഗം-IV

## ദുർബല വിഭാഗങ്ങൾ

മുൻഗണനാ വായ്പ ലഭിക്കുന്ന താഴെപറയുന്നവരെ ദുർബല വിഭാഗ ഇനത്തിൽ പരിഗണിക്കപ്പെടുന്നു.

| നമ്പർ | വിഭാഗം |
|---|---|
| (I) | ചെറുകിട /മാർജിനൽ കർഷകർ |
| (ii) | വ്യക്തിഗത വായ്പാപരിധി ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ലാത്ത കരകൗശല തൊഴിലാളികൾ, ഗ്രാമ-കുടിൽ വ്യവസായങ്ങൾ |
| iii) | മാന്വൽ സ്കാവഞ്ചേഴ്സിന്റെ പുനരധിവാസത്തിനായി സർക്കാർ സ്പോൺസർ ചെയ്തിട്ടുള്ള പദ്ധതിയുടെ ഗുണഭോക്താക്കളായ നാഷണൽ റൂറൽ ലൈവ്ലിഹുഡ് മിഷൻ, നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ, കൂടാതെ സ്വയംതൊഴിൽ പദ്ധതി |
| iv) | പട്ടികജാതി പട്ടികവർഗ്ഗം |
| v) | വ്യത്യസ്തമായ പലിശനിരക്കിലുള്ള പദ്ധതിയുടെ ഗുണഭോക്താക്കൾ |
| vi) | സ്വയം സഹായ സംഘങ്ങൾ |
| vii) | അധികാരനിയുക്തമല്ലാത്ത സ്ഥാപനങ്ങളോട് കടപ്പെട്ടിരിക്കുന്ന ദുരിതമനുഭവിക്കുന്ന കർഷകർ |
| viii) | അധികാരനിയുക്തമല്ലാത്ത പണമിടപാടുകാർക്കുള്ള ബാദ്ധ്യത തിരിച്ചുകൊടുക്കാനായി ദുരിതമനുഭവിക്കുന്ന കർഷകരല്ലാത്ത വ്യക്തികൾക്ക് ഒരുലക്ഷം രൂപയിൽ കവിയാത്ത വായ്പ |
| ix) | ഗുണഭോക്താക്കളായ സ്ത്രീകൾക്ക് ഒരു വായ്പക്കാരിക്ക് ഒരു ലക്ഷം രൂപവരെ |
| x) | വികലാംഗരായ വ്യക്തികൾക്ക് |
| xi) | വായ്പക്കാരുടെ കുടുംബവാർഷിക വരുമാനം ഗ്രാമപ്രദേശത്തുള്ളവർക്ക് 100000/- രൂപയിൽ കവിയാത്തവരോ ഗ്രാമേതര പ്രദേശങ്ങളിൽ 160000/- രൂപയിൽ കവിയാത്തവരോ ആണെങ്കിൽ അവർക്ക് പ്രധാനമന്ത്രി ജൻധൻ യോജന (PMJDY) പ്രകാരം5000/-രൂപവരെ ഓവർ ഡ്രാഫ്റ്റ് സൗകര്യം |
| xii) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്നവർക്ക് ഭാരത സർക്കാർ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്നതുപോലെ. |

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ന്യൂനപക്ഷ വിഭാഗം ചില സംസ്ഥാനങ്ങളിൽ ഭൂരിപക്ഷമാണെങ്കിൽ, വിഭാഗത്തിൽപ്പെടുത്തുന്നത് ന്യൂനപക്ഷ ലിസ്റ്റിൽ പ്രഖ്യാപിച്ചിട്ടുള്ള മറ്റേതെങ്കിലും വിഭാഗത്തെ ആയിരിക്കും.

വിഭാഗം -V

**പലവക**

**10.സുരക്ഷിത ആസ്തികളിൽ ഉള്ള ബാങ്ക് നിക്ഷേപങ്ങൾ**

i)സ്മാൾ ഫൈനാൻസ് ബാങ്കുകൾക്കായി ഡിപ്പാർട്ട്മെന്റ് ഓഫ് ബാങ്കിംഗ് റഗുലേഷൻ(ഒക്ടോബർ 06, 2016 തീയതിയിലെ RBI/2016-17/81 DBR.NBD.26 /16.13..213/2016-17) ഇറക്കിയിരിക്കുന്ന പ്രവർത്തന മാർഗ്ഗരേഖയിലെ ഖണ്ഡിക 1.9 വ്യവസ്ഥകൾ പ്രകാരം മറ്റുവിഭാഗത്തിൽപ്പെടാത്തതും, മുൻഗണനാവിഭാഗത്തിലെ "മറ്റു" വിഭാഗം ഒഴികെ, വിവിധ ഇനങ്ങളിൽപ്പെടുന്ന വായ്പയുമായി ബന്ധപ്പെട്ട് ബാങ്കുകൾ നിക്ഷേപിച്ചിട്ടുള്ള സുരക്ഷിത ആസ്തി (securitised assets) താഴെപറയുന്ന വ്യവസ്ഥകൾക്കുവിധേയമായി മുൻഗണനാവിഭാഗത്തിന്റെ തരംതിരിക്കലിന് അർഹതപ്പെട്ടതായിരിക്കും

*ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും വഴി ഉടലെടുത്ത സുരക്ഷിത ആസ്തികൾ, സെക്യൂരിറ്റൈസേഷനു മുൻപുതന്നെ, മുൻഗണനാവിഭാഗമായി തരംതിരിക്കാൻ അർഹതയുള്ളതും, സെക്യൂരിറ്റൈസേഷനെ സംബന്ധിച്ച ഭാരതീയ റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശരേഖ നിറവേറ്റപ്പെടേണ്ടതുമാണ്.

*അന്തിമ വായ്പക്കാരന്റെ മേൽ ഒറിജിനേറ്റിംഗ് എന്റിറ്റി ചുമത്തുന്ന എല്ലാം ചേർന്നുള്ള പലിശ, പണംമുടക്കുന്ന ചെറുസാമ്പത്തികബാങ്കിന്റെ MCLR ഉം 8 ശതമാനവും (വാർഷികം) ചേർന്ന തുകയേക്കാൾ കൂടാൻ പാടില്ല.

*ജൂലായ് 17, 2016 ലെ മാസ്റ്റർ ഡയറക്ഷൻ - പ്രയോറിറ്റി സെക്ടർ ലെൻഡിംഗ്-RBI/FIDD/2016-17/33 FIDD.CO.Plan.1/04.09/01/2016-17 ന്റെ 19ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന MFIs നെ, അവർക്ക് മാർജിനിലും പലിശനിരക്കിലും പ്രത്യേകം പരിധി ഉള്ളതിനാൽ, മുൻപുപറഞ്ഞ പലിശ പരിധിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

ii)NBFCs ന്റെ സുരക്ഷിത ആസ്തിയിൽ നിക്ഷേപം നടത്തുന്ന ബാങ്കുകൾ, അതിൽ ആസ്പദമായ ആസ്തി സ്വർണ്ണ ഉരുപ്പടിയിന്മേലുള്ള വായ്പ ആണെങ്കിൽ, അത്തരം വായ്പക്ക് മുൻഗണനാ വിഭാഗത്തിന്റെ അർഹത ഉള്ളതായിരിക്കില്ല.

**11.നേരിട്ടുള്ള അസസ്മെന്റ് വഴിക്ക്/കൃത്യമായ വാങ്ങലുകൾ വഴിയുള്ള ആസ്തി കൈമാറ്റം**

i)ഡിപ്പാർട്ട്മെന്റ് ഓഫ് ബാങ്കിംഗ് റഗുലേഷൻ, ചെറുസാമ്പത്തിക ബാങ്കുകൾക്കായി ഇറക്കിയിരിക്കുന്ന പ്രവർത്തന മാർഗ്ഗനിർദ്ദേശ രേഖയിലെ 1.9 ഖണ്ഡികയിൽ പറയുന്ന വ്യവസ്ഥയ്ക്കു വിധേയമായി, മുൻഗണനാ വിഭാഗത്തിന്റെ പല ഇനത്തിൽപ്പെട്ടതും, മറ്റു വിഭാഗങ്ങളിൽപ്പെടാത്തതുമായ, വായ്പയെ പ്രതിനിധീകരിക്കുന്ന ആസ്തികൾ അസൈൻമെന്റ് വഴിയും കൃത്യമായ വാങ്ങലുകൾ വഴിയും നേടുമ്പോൾ അത് മുൻഗണനാവിഭാഗത്തിലെ അതാത് ഇനങ്ങളിൽ തരംതിരിക്കൽ താഴെ പറയുന്ന യോഗ്യത പ്രകാരമായിരിക്കണം.

*ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും വഴി ഉടലെടുത്ത ആസ്തികൾ, വാങ്ങലിനു മുൻപുതന്നെ മുൻഗണനാവിഭാഗമായി തരംതിരിക്കാൻ അർഹതയുള്ളതും ഔട്ട്റൈറ്റ് പർച്ചെയ്സിനെയും അസൈൻമെന്റിനെയും സംബന്ധിച്ച് ഭാരതീയ റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശരേഖ നിറവേറ്റപ്പെട്ടതും.

*ഇപ്രകാരം വാങ്ങിയ വായ്പാ ആസ്തികൾ വായ്പാ തിരിച്ചടവിനല്ലാതെ മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ല.

*അന്തിമ വായ്പക്കാരന്റെ മേൽ സ്ഥാപനം ചുമത്തുന്ന എല്ലാം ചേർത്തുള്ള പലിശ, ഇത് വാങ്ങുന്ന ചെറുസാമ്പത്തിക ബാങ്കിന്റെ MCLR ഉം 8 ശതമാനവും (വാർഷികം) ചേർന്ന തുകയേക്കാൾ കൂടാൻ പാടില്ല.

ജൂലായ് 07, 2016 ലെ മാസ്റ്റർ ഡയറക്ഷൻ-പ്രയോറിറ്റി സെക്ടർ ലൻഡിംഗ്-RBI/FIDD/2016-17/33FIDD.CO.Plan.1/04.09.01/2016-17 ന്റെ 19ാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്ന MFIsൽ നിന്നും അസൈൻമെന്റ് വഴിയോ ഔട്ട്റൈറ്റ് വാങ്ങൽ വഴിയോ അർഹതയുള്ള മുൻഗണനാ വിഭാഗ വായ്പ കരസ്ഥമാക്കിയാൽ, അവയ്ക്ക് മാർജിനിലും പലിശനിരക്കിലും പ്രത്യേക പരിധി ഉള്ളതിനാൽ ഈ ഇനത്തെ പലിശ നിരക്ക് പരിധിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

ii)ബാങ്കുകൾ മുൻഗണനാ വിഭാഗത്തിൽപ്പെട്ട വായ്പാ ആസ്തികൾ ഔട്ട്റൈറ്റ് പർച്ചേസ് വഴി ബാങ്കുകളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽനിന്നും വാങ്ങുമ്പോൾ, അവർ മുൻഗണനാവിഭാഗ വായ്പക്കാരെ ഒഴിവാക്കാൻവേണ്ടി വിൽപനക്കാർക്കു കൊടുക്കുന്ന പ്രീമിയം ഉൾപ്പെടാത്ത തുക റിപ്പോർട്ടു ചെയ്യണം.

(iii)NBFCsവഴിയുള്ള പർച്ചേസ്/അസൈൻമെന്റ്/ഇൻവെസ്റ്റമെന്റ് ബാങ്കുകൾ ഏറ്റെടുക്കുമ്പോൾ, സ്വർണ്ണ ഉരുപ്പടികളെ ആധാരമാക്കിയുള്ള വായ്പകളെ മുൻഗണനാവിഭാഗത്തിൽപ്പെടുത്താൻ പാടില്ല.

### 12.ഇന്റർബാങ്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ്

ബാങ്കുകൾ റിസ്ക് പങ്കുവയ്ക്കൽ വ്യവസ്ഥയിൽ വാങ്ങുന്ന ഇന്റർബാങ്ക് പങ്കാളിത്ത സർട്ടിഫിക്കറ്റുകൾ (IBPCs) ഇനിപറയുന്ന വ്യവസ്ഥയ്ക്കു വിധേയമായി മുൻഗണനാവിഭാഗത്തിന്റെ അതാത് ഇനത്തിൽപ്പെടുത്തി തരംതിരിക്കാവുന്നതാണ്. അതായത് ഇത്തരം ആസ്തികൾ മുൻഗണനാവിഭാഗത്തിലെ ക്രമപ്പെടുത്തലിന് അർഹത ഉണ്ടായിരിക്കുകയും ഭാരതീയ റിസർവ്വ് ബാങ്കിന്റെ IBPCs മാർഗ്ഗരേഖയും അതോടൊപ്പം ചെറു സാമ്പത്തിക ബാങ്കുകൾക്കായി ഡിപ്പാർട്ട്മെന്റ് ഓഫ് ബാങ്കിംഗ് റഗുലേഷൻ

(RBI/2016-17/81 DBR.NBD.No.26/16.13.218/2016-17/ഒക്ടോബർ 06,2016) പുറപ്പെടുവിച്ചിട്ടുള്ള പ്രവർത്തന മാർഗ്ഗ നിർദ്ദേശ രേഖയിലെ ഖണ്ഡിക1.9 ൽ പ്രതിപാദിച്ചിട്ടുള്ള ക്രെഡിറ്റ് റിസ്ക് ട്രാൻസ്ഫറും പോർട്ട് ഫോളിയോ സെയിൽസ്/ പർച്ചേസ് വ്യവസ്ഥകൾക്കു വിധേയമായിരിക്കണം.

IBPC ഇടപാടുകൾ ആസ്പദമാക്കിയിട്ടുള്ള ആസ്തിയെ സംബന്ധിച്ചിടത്തോളം, ബാങ്കുകൾ റിസ്കു പങ്കുവയ്ക്കൽ വ്യവസ്ഥയിൽ വാങ്ങിയിട്ടുള്ള IBPC കൾ ഖണ്ഡിക 3 ൽ പ്രതിപാദിച്ചിട്ടുള്ളതുപോലെ കയറ്റുമതി വായ്പ (export credit) വിഭാഗത്തിൽ അർഹത ഉള്ളതിനെ പർച്ചേസിങ് ബാങ്കിന്റെ വീക്ഷണത്തിൽ മുൻഗണനാവിഭാഗത്തിൽ പ്പെടുത്താം. ഇത്തരം സന്ദർഭങ്ങളിൽ, ഇഷ്യൂയിങ് ബാങ്കും പർച്ചേസിംഗ് ബാങ്കും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വേണ്ടത്ര ജാഗ്രത പാലിക്കുന്നതിനോടൊപ്പം, ഇഷ്യൂയിങ് ബാങ്ക് ഇത്തരം ആസ്തി കയറ്റുമതി വായ്പ ആണ് എന്നുകൂടി സാക്ഷ്യപ്പെടുത്തണം.

13.**മുൻഗണനാ വിഭാഗ വായ്പാ സർട്ടിഫിക്കറ്റുകൾ(Priority Sector Lending Certificate)**

ബാങ്കുകൾ വാങ്ങിയിട്ടുള്ള മുൻഗണനാ വായ്പാ സർട്ടിഫിക്കറ്റുകളെ മുൻഗണനാവിഭാഗത്തിന്റെ ക്രമമനുസരിച്ചുള്ള ഇനത്തിൽ വ്യവസ്ഥകൾക്കു വിധേയമായി തരംതിരിക്കാവുന്നതാണ്. അതായത് ആസ്തികൾ ബാങ്കുകളിൽനിന്നും ഉടലെടുത്തതായിരിക്കണം, മുൻഗണനാവിഭാഗത്തിലേക്ക് തരംതിരിക്കാനുള്ള യോഗ്യത ഉള്ളതായിരിക്കണം, മുൻഗണനാവിഭാഗ വായ്പാ സർട്ടിഫിക്കറ്റുകളെ സംബന്ധിച്ച് ഭാരതീയ റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ള ഏപ്രിൽ 07, 2016 ലെ FIDD.CO.Plan.BC.23/ 04.09.001/2015-16 സർക്കുലർ പ്രകാരമായിരിക്കണം, സ്മാൾ ഫൈനാൻസ് ബാങ്കുകൾക്കായി ഡിപ്പാർട്ട്മെന്റ് ഓഫ് ബാങ്കിംഗ് റഗുലേഷൻ (ഒക്ടോബർ 06, 2016 ലെ RBI/2016-17/81 DBR.NBD.No.26/16.13.218/2016-17) ക്രെഡിറ്റ് റിസ്കിനെ സംബന്ധിച്ചും പോർട്ട് ഫോളിയോ സെയിൽസ്/പർച്ചേസിങ് സംബന്ധിച്ചും അതിന്റെ പ്രവർത്തന മാർഗ്ഗരേഖയിൽ ഖണ്ഡിക 1-9 ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥയനുസരിച്ചുമായിരിക്കണം.

14.**മേൽനോട്ടവും മുൻഗണനാ ലക്ഷ്യം നേടാതിരിക്കലും**

മുൻഗണനാ വിഭാഗത്തിലെ വായ്പാ തുടർച്ച ഉറപ്പാക്കുന്നതിനായി അവരുടെ പ്രവർത്തന രീതി മൂന്നുമാസത്തിൽ ഒരിക്കൽ വിലയിരുത്തുന്നതാണ്. ബാങ്കുകൾ അവരുടെ മുൻഗണനാവിഭാഗത്തിൽ കൊടുത്തിട്ടുള്ള വായ്പകളുടെ ഒരു ഡാറ്റ നിശ്ചിത റിപ്പോർട്ടിങ് ഫാറത്തിൽ മൂന്നുമാസത്തിൽ ഒരിക്കലും വർഷംതോറും ബോധിപ്പിക്കേണ്ടതാണ്.

മുൻഗണനാ വിഭാഗത്തിലേക്കും ഉപവിഭാഗത്തിലേക്കും ഉള്ള വായ്പകളിൽ കുറവു വന്നാൽ അത് നബാർഡുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിരിക്കുന്ന RIDF ലും അതുപോലെ നബാർഡ്/ ഹൗസിംഗ് ബോർഡ്/ സിഡ്ബി / മുദ്ര ലിമിറ്റഡ് ഇവയുമായി ബന്ധപ്പെട്ട് ഉണ്ടാക്കിയിരിക്കുന്ന മറ്റു ഫണ്ടുകളോടു ചേർക്കേണ്ടതാണ് RIDF സംവിധാനം 2019-20 ൽ പ്രാവർത്തികമാകുന്നതാണ്. അതായത് മുൻഗണനാ വിഭാഗത്തിലേക്കുള്ള ലക്ഷ്യം/ ഉപലക്ഷ്യം ഇവ കൈവരിക്കുന്നതിൽ മാർച്ച് 31, 2019 വരെ വരുന്ന കുറവുകൾ, അത്തരം ഫണ്ട് RIDFലോ അതുപോലെ മറ്റു

ഫണ്ടുകളിലേക്കോ ഭാരതീയ റിസർവ്വ് ബാങ്ക് നിർദേശപ്രകാരം നിക്ഷേപിക്കേണ്ടതാണ്. മുൻഗണനാ വിഭാഗത്തിന്റെ ലക്ഷ്യം/ ഉപ ലക്ഷ്യം എന്നിവയുടെ നേട്ടങ്ങൾ ഓരോ മൂന്നു മാസം കൂടുമ്പോൾ വിലയിരുത്തി അതിന്റെ ശരാശരി നേട്ടം അടിസ്ഥാനമാക്കി വാർഷികനേട്ടം കണക്കാക്കേണ്ടതാണ് (അനുബന്ധം-1ൽ വിശദമായ ഉദാഹരണം കൊടുത്തിട്ടുണ്ട്)

റിസർവ്വ് ബാങ്കിന്റെ പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള തെറ്റായ തരം തിരിക്കൽ കണ്ടുപിടിക്കുകയാണെങ്കിൽ അത് ആ വർഷത്തെ നേട്ടങ്ങളിൽ അഡ്ജസ്റ്റു ചെയ്യുകയോ ആ വർഷത്തെ നേട്ടങ്ങളിൽ നിന്നും കുറവു വരുത്തുകയോ ചെയ്ത് ശരിയായി കൈവരിച്ച നേട്ടങ്ങളിലേക്ക് എത്തിക്കേണ്ടതാണ്.

കൂടാതെ വിവിധ കാര്യങ്ങൾക്കായി നിയമാനുസൃത അനുമതിയും അംഗീകാരവും നൽകേണ്ടിവരുമ്പോൾ മുൻഗണനാ വിഭാഗ ലക്ഷ്യത്തിലും ഉപലക്ഷ്യങ്ങളിലും സംഭവിച്ച കോട്ടങ്ങൾ കൂടി കണക്കാക്കുന്നതാണ്.

## വിഭാഗം VII.

## മുൻഗണനാവിഭാഗ വായ്പകൾക്കായുള്ള പൊതുമാർഗ്ഗ നിർദ്ദേശ രേഖകൾ

എല്ലാ ഇനങ്ങളിലുംപെട്ട മുൻഗണനാവിഭാഗ വായ്പയെ അടിസ്ഥാനമാക്കി ചെറു സാമ്പത്തിക ബാങ്കുകൾ താഴെപറയുന്ന പൊതുമാർഗ്ഗ നിർദ്ദേശരേഖകൾ പാലിക്കേണ്ടതാണ്.

i)**പലിശനിരക്ക്**

ഡിപ്പാർട്ട്മെന്റ് ഓഫ് ബാങ്കിംഗ് റെഗുലേഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം ബാങ്ക് വായ്പകളുടെ പലിശനിരക്ക്.

ii)25000/- രൂപവരെയുള്ള മുൻഗണനാവിഭാഗവായ്പകൾ വായ്പയുമായി ബന്ധപ്പെട്ട താല്കാലിക ചാർജ്ജുകളോ ഈടാക്കാൻ പാടില്ല. യോഗ്യതയുള്ള സ്വയംസഹായ ഗ്രൂപ്പുകൾക്കോ കൂട്ടായ ബാദ്ധ്യതാ ഗ്രൂപ്പുകൾക്കോ (SHGs/ JLLs) അനുവദിക്കുന്ന വായ്പകൾക്ക് ഒരു മെമ്പർ എന്ന രീതിയിൽ ആയിരിക്കും ഈ പരിധി, അല്ലാതെ മുഴുവൻ ഗ്രൂപ്പിനായിട്ടല്ല.

Iii) **അപേക്ഷവാങ്ങൽ, അനുവാദം/നിരസിക്കൽ/വായ്പനൽകൽ രജിസ്റ്റർ**
അപേക്ഷ കിട്ടിയ തീയതി,/ അനുവാദമോ നിരസിക്കലോ വിതരണമോ കാര്യ കാരണ സഹിതം റിക്കോഡു ചെയ്യുന്ന ഒരു രജിസ്റ്ററോ ഇലക്ട്രോണിക് റിക്കാർഡോ ബാങ്കുകൾ സൂക്ഷിക്കേണ്ടതായിട്ടുണ്ട്. ഏത് ഇൻസ്പെക്ടിംഗ് ഏജൻസിയുടെ മുമ്പിലും ബാങ്കുകൾ ഇത്തരം റിക്കാർഡുകൾ ഹാജരാക്കേണ്ടതാണ്.

iv)**വായ്പാ അപേക്ഷയ്ക്ക് എതിരെ കൊടുക്കുന്ന അക്നോളഡ്ജ്മെന്റ്**
മുൻഗണനാ വായ്പയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ ബാങ്കുകൾ അപേക്ഷകർക്ക് അക്നോളഡ്ജ്മെന്റ് കൊടുക്കേണ്ടതാണ്. ബാങ്കുകൾ

വായ്പയിന്മേലുള്ള തീരുമാനങ്ങൾ കസ്റ്റമറെ അറിയിക്കുന്നതിനുള്ള സമയപരിധി ബാങ്ക് ബോർഡ് നിശ്ചയിക്കേണ്ടതാണ്.

v)**നിർവചനങ്ങൾ/ വ്യക്തമാക്കൽ**

a)ആകസ്മിക ബാദ്ധ്യതകൾ/ ബാലൻസ് ഷീറ്റിൽപ്പെടുത്താത്ത ഇനങ്ങൾ, ഇവ (Contigent liabilities/ off balance sheet items)മൊത്തം മുൻഗണനാ വിഭാഗ ലക്ഷ്യത്തിന്റെ നേട്ടങ്ങൾക്കായി പരിഗണിക്കുന്നതല്ല.

b) “എല്ലാം ചേർന്ന പലിശ" (“All inclusive interest”) ഉൾപ്പെടുന്നത് പലിശയോ (ഫലപ്രദമായ വാർഷിക പലിശ (effective annual interest) നടപടിക്രമങ്ങൾക്കായുള്ള ഫീസും സർവ്വീസ് ചാർജ്ജും കൂടിയാണ്.

c)മുൻഗണനാ വിഭാഗങ്ങൾക്കായി കൊടുക്കുന്ന വായ്പകൾ അംഗീകാരമുള്ള കാര്യങ്ങൾക്കാണ് എന്നും അതിന്റെ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് മേൽനോട്ടത്തിലൂടെ ഉറപ്പാക്കാനും ബാങ്കുകൾക്ക് കഴിയണം. ബാങ്കുകളിൽ ഇപ്രകാരമുള്ള കാര്യങ്ങളെ വേണ്ടരീതിയിൽ നിയന്ത്രിക്കാനും നിരീക്ഷിക്കാനുമുള്ള സംവിധാനം സ്വന്തമായി ഉണ്ടായിരിക്കണം.

vi)ഭേദഗതികൾ

ഭാരതീയ റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കണം ഇത്തരം മാർഗ്ഗരേഖകൾ.

അനുബന്ധം-I

മുൻഗണനാവിഭാഗലക്ഷ്യം നേടൽ- കുറവ്/ അമിതത്വം കണക്കുകൂട്ടൽ ഉദാഹരണ സഹിതമുള്ള വിശദീകരണം.

ടേബിൾ 1ലും, 2 ലും ആയി മുൻഗണനാ വിഭാഗത്തിന്റെ ലക്ഷ്യത്തിലുള്ള കുറവുകൾ/ അധികം എന്നിവ, വർഷാവസാനം കണക്കുകൂട്ടുന്നത് എങ്ങനെയെന്ന് ഉദാഹരണസഹിതം വിവരിച്ചിരിക്കുന്നു.

(തുക രൂപ ആയിരത്തിൽ)

(Table-1)

| **ത്രൈമാസാവസാനം** | **മുൻഗണനാവിഭാഗ ലക്ഷ്യം** | **മുൻഗണനാവിഭാഗത്തിൽ നിലനില്കുന്ന തുക** | **കുറവ്/ അധികം** |
|---|---|---|---|
| ജൂൺ | 3296156032 | 3169380800 | -126775232 |
| സെപ്തംബർ | 3088265369 | 3119459969 | 31194600 |
| ഡിസംബർ | 3176948703 | 3192913269 | 15964566 |
| മാർച്ച് | 3245609908 | 3213475156 | -32134752 |

| | | | |
|---|---|---|---|
| മൊത്തം | 12806980012 | 12695229194 | -111750818 |
| ശരാശരി | 3201745003 | 3173807299 | -27937704 |

(തുക രൂപ ആയിരത്തിൽ)

| (Table-2) | | | |
|---|---|---|---|
| **ത്രൈമാസാവസാനം** | **മുൻഗണനാവിഭാഗ ലക്ഷ്യം** | **മുൻഗണനാവിഭാഗത്തിൽ നിലനില്കുന്ന തുക** | **കുറവ്/ അധികം** |
| ജൂൺ | 3296156032 | 3279675252 | -16480780 |
| സെപ്തംബർ | 3088265369 | 3123780421 | 35515052 |
| ഡിസംബർ | 3176948703 | 3272257164 | 95308461 |
| മാർച്ച് | 3245609908 | 3213153809 | -32456099 |
| മൊത്തം | 12806980012 | 1288866646 | -81886634 |
| ശരാശരി | 3201745003 | 3222216661 | 20471658 |

ടേബിൾ 1 പ്രകാരം ഈ മേഖലയിൽ കൊടുത്തിരിക്കുന്ന വായ്പയുടെ വർഷാവസാന കണക്കനുസരിച്ചുള്ള കുറവ് 27937704 (ആയിരത്തിൽ) രൂപ എന്നും ടേബിൾ-2 പ്രകാരം വർഷാവസാന കണക്കനുസരിച്ച് അതേ ഇനത്തിൽ 20471658 (ആയിരത്തിൽ) രൂപ കൂടുതൽ വായ്പകൊടുത്തിരിക്കുന്നു എന്നും മനസ്സിലാക്കാം.

ഇതേ രീതിയിൽത്തന്നെ മുൻഗണനാ വിഭാഗത്തിലെ ഉപലക്ഷ്യങ്ങളിൽ ത്രൈമാസകാലയളവിലെയും വാർഷിക കാലയളവിലെയും നേട്ടങ്ങൾ കണക്കുകൂട്ടാവുന്നതാണ്.

കുറിപ്പ്: മുൻവർഷത്തെ അനുയോജ്യമായ തീയതിയിലെ അഡ്ജസ്റ്റഡ് നെറ്റ് ബാങ്ക് ക്രെഡിറ്റ് (ANBC)നെ ആധാരമാക്കിയാവണം മുൻഗണനാ വിഭാഗലക്ഷ്യം/ ഉപ ലക്ഷ്യം എന്നിവയുടെ കണക്കുകൂട്ടൽ നടത്തേണ്ടത്.

**അദ്ധ്യായം III**

**സൂക്ഷ്മവും, ചെറുതും ഇടത്തരവുമായ സംരംഭങ്ങൾക്കു നൽകുന്ന വായ്പ നിർവചനങ്ങൾ/ വ്യക്തതകൾ**

സാന്ദർഭികമായി മറ്റൊരുവിധത്തിൽ ആവശ്യ പെടാത്ത പക്ഷം ഇതിൽപറയുന്ന പദങ്ങൾക്ക് താഴെകൊടുത്തിരിക്കുന്ന അർത്ഥങ്ങൾ ഉൾക്കൊള്ളണം.

a)MSMED നിയമം, 2006 എന്നാൽ ഭാരത സർക്കാർ ജൂൺ 16, 2006 ൽ പരസ്യപ്പെടുത്തിയിട്ടുള്ളതും കാലാകാലങ്ങളിൽ, വേണ്ടുന്ന പക്ഷം, ഏതെങ്കിലും ഭേദഗതികൾ കൊണ്ടുവന്നേക്കാവുന്നതുമായ "സൂക്ഷ്മ, ചെറു കിട, ഇടത്തരം സംരംഭങ്ങളും വികസനവും (MSMED)നിയമം" , 2006 എന്നാണ്.

b)" സൂക്ഷ്മ, ചെറു കിട, ഇടത്തരം സംരംഭങ്ങൾ" എന്നാൽ MSMED നിയമം, 2006 ൽ നിർവചിച്ചിട്ടുള്ള സംരംഭങ്ങളും ഭാരത സർക്കാർ ഇതു സംബന്ധിച്ച് കാലാകാലങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതും കൂടിചേർന്നതാണ്.

c)"ഉല്പാദനം, സേവനം സംരംഭങ്ങൾ "എന്നാൽ MSMED നിയമം, 2006 ൽ നിർവചിച്ചിട്ടുള്ളതോ MSMED നിയമം, 2006 നു വിധേയമായി, ഭാരത സർക്കാരിന്റെ MSMED മന്ത്രാലയം പരസ്യപ്പെടുത്തുന്നതോ ആയ സംരംഭങ്ങൾ ആയിരിക്കും.

d)മുൻഗണനാവിഭാഗം (priority sector) എന്നാൽ അദ്ധ്യായം-IIൽപറയുന്ന മുൻഗണനാ വിഭാഗ വായ്പ - ലക്ഷ്യങ്ങളും ഇനംതിരിക്കലും ആണ്.

e)അഡ്ജസ്റ്റഡ് ബാങ്കിംഗ് ക്രെഡിറ്റ് (ANBC) എന്നാൽ അദ്ധ്യായം-IIൽപറയുന്ന മുൻഗണനാ വിഭാഗ വായ്പ - ലക്ഷ്യങ്ങളും ഇനംതിരിക്കലും ആണ്.

**വിഭാഗം-I MSMED നിയമം, 2006**

1.1.സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭ വികസന (MSMED) നിയമം, 2006

ഭാരത സർക്കാർ സൂക്ഷ്മ, ചെറു കിട, ഇടത്തരം സംരംഭ വികസനം (MSMED) നിയമം, 2006 ന്റെ അവതരണത്തോടുകൂടി ഈ മേഖലയുടെ വ്യാപ്തി ഇടത്തരം സംരംഭകരെക്കൂടി ഉൾപ്പെടുത്തി എന്നതിലുപരി, സൂക്ഷ്മവും, ചെറുതും ഇടത്തരവുമായ സംരംഭങ്ങളോടൊപ്പം സേവനമേഖല (service sector)കൂടി ഈ നിയമപരിധിയിൽ ഉൾപ്പെടുത്തി എന്നുള്ളതാണ് മാതൃകാപരമായ ഒരു മാറ്റം. (MSMED) നിയമം, 2006 ൽ സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭങ്ങളുടെ നിർമ്മാണം/ ഉല്പാദനവുമായി ബന്ധപ്പെട്ട എന്ന നിർവചനത്തോടൊപ്പം അവർ കൊടുക്കുന്ന സേവനങ്ങളെക്കൂടി ഉൾപ്പെടുത്തി പരിഷ്കരിച്ചിട്ടുണ്ട്. ഇത്തരം മാറ്റങ്ങൾ ഭാരതീയ റിസർവ്വ് ബാങ്ക് എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളെയും അറിയിച്ചിട്ടുണ്ട്. കൂടാതെ, ഈ നിയമം അനുസരിച്ചുള്ള നിർവചനം, റിസർവ്വ് ബാങ്കിന്റെ ഏപ്രിൽ ०4, 2007 ലെ Circular ref.RPCD.PLNFS.BC.No.63/06.02.31/2006-07, അനുസരിച്ച് ബാങ്കു വായ്പ ലഭ്യമാക്കുന്നതിലേക്കുകൂടി ബാധകമാക്കിയിരിക്കും.

1.2)സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭങ്ങളുടെ നിർവചനം

a)ഉല്പാദന സംരംഭങ്ങൾ എന്നത്, MSMED നിയമം, 2006 ന്റെ നിർവചനത്തിൽ, ഉല്പാദനസംരംഭങ്ങൾ എന്നു പറഞ്ഞാൽ അർത്ഥമാക്കുന്നത്, താഴെപറയുന്നവിധത്തിൽ നിർമ്മാണവും ഉല്പാദനവുമായി ഏർപ്പട്ടിരിക്കുന്ന സംരംഭങ്ങളെയാണ്.

i)പ്ലാന്റ് ആന്റ് മെഷിനറിയിൽ 25 ലക്ഷം രൂപയിൽ കൂടുതൽ പണം മുടക്കാത്ത സംരംഭങ്ങളെയാണ് സൂക്ഷ്മ സംരംഭങ്ങൾ(Micro enterprises) എന്നു പറയുന്നത്.

ii)പ്ലാന്റ് ആന്റ് മെഷിനറിയിൽ 25 ലക്ഷം രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്ത മുതൽമുടക്കുള്ള സംരംഭങ്ങളെയാണ് ചെറുസംരംഭങ്ങൾ (small enterprises)എന്നു പറയുന്നത്.

iii)പ്ലാന്റ് ആന്റ് മെഷിനറിയിൽ 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപ കവിയാത്തതുമായ മുതൽമുടക്കുള്ള സംരംഭത്തെ ഇടത്തരം സംരംഭങ്ങൾ (medium enterprises)എന്നു പറയുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന സംരംഭങ്ങൾക്ക്, പ്ലാന്റ് ആന്റ് മെഷിനറിയിൽ പണം മുടക്കുന്നതായിരിക്കും യഥാർത്ഥ മുടക്ക്. അതുപോലെ ചെറുകിട വ്യവസായ മന്ത്രാലയം അതിന്റെ ഒക്ടോബർ 05, 2006 ലെ No.S.O.1722(E) (അനുബന്ധം-I) ൽ പ്രതിപാദിച്ചിട്ടുണ്ട്.

b)സേവന സംരംഭങ്ങൾ എന്നാൽ സേവനപ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങളും അവരുടെ ഉപകരണങ്ങളിലുള്ള പണം മുടക്ക് (ഫർണിച്ചർ, ഫിറ്റിംഗ്സ്, സേവന മേഖലയുമായി നേരിട്ട് ബന്ധമില്ലാത്ത മറ്റു സാധനങ്ങൾ എന്നിവ ഒഴിവാക്കികൊണ്ടുള്ള സാധനങ്ങളുടെ യഥാർത്ഥ വില അല്ലെങ്കിൽ MSMED നിയമം, 2006ൽ പരസ്യപ്പെടുത്തിയിട്ടുള്ളപോലെ) താഴെപറയുന്നതുപോലെ:

(I)ഉപകരണങ്ങളിലുള്ള (Equipments) പണം മുടക്കൽ 10 ലക്ഷം രൂപയിൽ കവിയാത്ത സംരംഭങ്ങളെ സൂക്ഷ്മ (micro)സംരംഭങ്ങൾ എന്നുപറയും.

(ii)ഉപകരണങ്ങളിലുള്ള (equipments)പണംമുടക്കൽ 10 ലക്ഷം രൂപയിൽ കൂടുതലും 2 കോടിയിൽ കവിയാതെയുള്ളതിനെ ചെറുസംരംഭങ്ങൾ എന്നുപറയും.

(iii)ഉപകരണങ്ങളിലുള്ള (equipments) പണം മുടക്കൽ 2 കോടിയിൽ കൂടുതലും 5 കോടിയിൽ താഴെയുമാകുന്നതാണ് ഇടത്തരം സംരംഭങ്ങൾ

1.3)MSME വിഭാഗത്തിനുള്ള മുൻഗണനാ വിഭാഗ മാർഗ്ഗ നിർദ്ദേശ രേഖ

മുൻഗണനാവിഭാഗ വായ്പ-ലക്ഷ്യവും ഇനംതിരിക്കലും

ഇവസംബന്ധിച്ച് അദ്ധ്യായം-II ൽ പറയുന്ന പ്രകാരം സൂക്ഷ്മവും, ചെറുതും ഇടത്തരവുമായ സംരംഭങ്ങളിൽ ഉല്പാദനമേഖല, സേവനമേഖല ഇവ രണ്ടിനെയും സൂക്ഷ്മവും, ചെറുതും ഇടത്തരവുമായ സംരംഭങ്ങളെ (MSMEs) പ്രതിപാദിക്കുന്ന അദ്ധ്യായം-II ൽ ഖണ്ഡിക-2 പ്രകാരം മുൻഗണനാവിഭാഗമായി തരംതിരിയ്ക്കാൻ അർഹതപ്പെട്ടതായിരിക്കും.

ഒരേ വ്യക്തിയോ കമ്പനിയോ പണം മുടക്കി സ്ഥാപിച്ചിരിക്കുന്ന പല സംരംഭങ്ങൾ, സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭങ്ങളായി തരംതിരിക്കുന്ന ഉദ്ദേശത്തോടെ ഒന്നിച്ചുചേർക്കുവാൻ MSMED നിയമം, 2006 അനുസരിച്ച് വ്യവസ്ഥയില്ലാത്തതിനാൽ, ചെറുകിട വ്യവസായ സംരംഭത്തിൽപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ, ഒരേ ഉടമസ്ഥതയിലുള്ള രണ്ടോ അതിലധികമോ സംരംഭങ്ങളിൽ നിക്ഷേപം നടത്തി

ചെറുകിടവ്യവസായ സംരംഭത്തിൽപ്പെടുത്താൻ വ്യവസ്ഥ അനുവദിച്ചിരുന്ന ജനുവരി 01, 1993 ലെ ഗസറ്റുവിജ്ഞാപനം ഭാരത സർക്കാരിന്റെ ഫെബ്രുവരി 27, 2009 ലെ വിജ്ഞാപന പ്രകാരം റദ്ദുചെയ്യപ്പെട്ടിരിക്കുന്നു.

**വിഭാഗം-II സ്മാൾ ഫൈനാൻസ് ബാങ്കിന്റെ ലക്ഷ്യങ്ങൾ/ ഉപലക്ഷ്യങ്ങൾ**

2.സ്മാൾ ഫൈനാൻസ് ബാങ്കുകൾ വഴി സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭങ്ങൾക്കായി വായ്പ കൊടുക്കുന്നതിന്റെ ലക്ഷ്യങ്ങൾ/ ഉപ ലക്ഷ്യങ്ങൾ

2.1 സൂക്ഷ്മവും, ചെറുതും, ഇടത്തരവുമായ സംരംഭങ്ങൾക്കുള്ള വായ്പ കണക്കാക്കുന്നത് മുൻഗണനാവിഭാഗത്തിന്റെമുഴുവൻ ലക്ഷ്യപ്രകാരമുള്ള ANBC യുടെ 75 ശതമാനം നേട്ടങ്ങൾ കണക്കിലെടുത്തിട്ടാണ്

2.2സ്മാൾ ഫൈനാൻസ് ബാങ്കുകൾ, ഉപലക്ഷ്യനേട്ടം കൈവരിക്കാനായി ANBCയുടെ 7.5% സൂക്ഷ്മ സംരംഭങ്ങൾക്കായി വായ്പ കൊടുക്കേണ്ടതാണ്.

2.3 സർവ്വീസ് വിഭാഗത്തിൽപ്പെട്ട സൂക്ഷ്മവും ചെറുതുമായ സംരംഭങ്ങളുമായി ബന്ധപ്പെട്ട ഒരു വായ്പക്കാരന് 5കോടി രൂപയിൽ കൂടുതൽ ലഭ്യമാകുന്നതും ഇത്തരം സംരംഭങ്ങൾക്ക് യൂണിറ്റിന് 10 കോടി രൂപ ലഭ്യമാക്കുകയും ചെയ്യുന്ന സംരംഭങ്ങളെയും MSME നിയമം, 2006 ൽ നിർവ്വചിച്ചിട്ടുള്ള എക്യുപ്മെന്റ് നിക്ഷേപങ്ങളുടെ വ്യവസ്ഥയനുസരിച് മേൽപ്പറഞ്ഞ മൊത്തം മുൻഗണനാവിഭാഗ ലക്ഷ്യം നേടിയെടുക്കുന്ന പട്ടികയിൽ കൂട്ടാവുന്നതല്ല.

**വിഭാഗം--III**

**MSME വിഭാഗത്തിലേക്കുള്ള വായ്പയ്ക്കുള്ള സാധാരണ മാർഗ്ഗരേഖകൾ**

**3.സാധാരണ മാർഗ്ഗരേഖ/ MSME വിഭാഗത്തിലേക്കുള്ള വായ്പാനിർദ്ദേശങ്ങൾ**

3.1 <u>MSME വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് കൊടുക്കുന്ന രസീത്</u>

വായ്പക്കാർ നേരിട്ടും ഓൺലൈനായും സമർപ്പിക്കുന്ന എല്ലാ വായ്പാ അപേക്ഷകർക്കും രസീതുകൊടുക്കാൻ ചെറുസാമ്പത്തിക ബാങ്കുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതോടൊപ്പം തുടർച്ചയായ ക്രമനമ്പർ അപേക്ഷയിലും രസീതിലും റിക്കാർഡ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പാക്കുകയും വേണം. കൂടാതെ MSE വായ്പാ അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കാനും ഇ.ട്രാക്കിംഗ് സമ്പ്രദായവും കേന്ദ്രീകൃത രജിസ്ട്രേഷൻ സമ്പ്രദായവും നിലവിൽകൊണ്ടുവരാനും എല്ലാ ചെറു സാമ്പത്തിക ബാങ്കുകൾക്കും ഉപദേശം കൊടുത്തിട്ടുണ്ട്.

3.2 <u>കൊളാറ്ററൽ:</u>

MSME വായ്പ കൊടുക്കുമ്പോൾ പകരം നൽകേണ്ട ഈട് (Collateral)ഒഴിവാക്കുന്നതിനായുള്ള മാർഗ്ഗരേഖകളെക്കുറിച്ച് പരിശോധിച്ചുവരികയാണ്. യഥാസമയം ഇതു സംബന്ധിച്ചുള്ള പ്രത്യേക അറിയിപ്പ് പുറപ്പെടുവിക്കുന്നതാണ്.

3.3 <u>സംയുക്ത വായ്പ (composite loan)</u>

MSME സംരംഭകർക്ക്, ഏകജാലക സംവിധാനംവഴി പ്രവർത്തന മൂലധനം സമാഹരിക്കുന്നതിനും, കാലാവധി വായ്പ ലഭ്യമാക്കുന്നതിനുമായി ഒരുകോടിരൂപ പരിധിയിൽ സംയുക്തവായ്പ (composite loan) ചെറുസാമ്പത്തിക ബാങ്കുകൾക്ക് അനുവദിക്കാം.

3.4 ജനറൽ ക്രെഡിറ്റ് കാർഡ് (GCC)സ്കീം

മുഴുവൻ മുൻഗണനാവിഭാഗ മാർഗ്ഗ നിർദ്ദേശ രേഖകൾക്കുള്ളിൽ നിന്നുകൊണ്ടുള്ള എല്ലാ ഉല്പാദനമേഖലകളിലും വലിയതോതിലുള്ള വായ്പാബന്ധം സ്ഥാപിക്കുന്ന ജനറൽ ക്രെഡിറ്റ് കാർഡ് സ്കീം സംബന്ധമായും കൃഷി ഇതര സംരംഭപ്രവർത്തനങ്ങൾക്ക് ബാങ്കുകൾ വ്യക്തികൾക്കു കൊടുക്കുന്ന വായ്പകൾ പടിച്ചെടുക്കുന്നതിനുമായി ഡിസംബർ 02, 2013 ലെ സർക്കുലർ നം. RPCD.MSMG&NFS.BC No.61/06.02.31/2013-14 വഴി സ്മാൾ ഫൈനാൻസ് ബാങ്കുകൾ നിയന്ത്രി ക്കുന്നു.

3.5) സഹായധനത്തോടെയുള്ള മൂലധന വായ്പാ പദ്ധതി (Credit Linked Capital Subsidy Scheme)

സൂക്ഷ്മവും ചെറുതുമായ സംരംഭങ്ങളുടെ സാങ്കേതികവിദ്യ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭാരതസർക്കാരിന്റെ കീഴിലുള്ള സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭങ്ങളുടെ മന്ത്രാലയം സഹായധനത്തോടെയുള്ള മൂലധനവായ്പാ പദ്ധതി (CLSS) താഴെപറയുന്ന നിബന്ധനകൾക്കു വിധേയമായി ആവിഷ്കരിച്ചിട്ടുണ്ട്.

i)ഈ പദ്ധതിപ്രകാരമുള്ള വായ്പാപരിധി ഒരുകോടിരൂപയായിരിക്കും.

ii)മുകളിൽ ക്രമനമ്പർ (i)ൽ പറഞ്ഞിരിക്കുന്ന പരിധിയിൽപ്പെടുന്ന വായ്പയിന്മേൽ, സൂക്ഷ്മവും, ചെറുതുമായ സംരംഭങ്ങളുടെ എല്ലാ യൂണിറ്റുകൾക്കുമുള്ള സഹായധനത്തിന്റെ നിരക്ക് 15% ആയിരിക്കും.

iii)ഗുണഭോക്താവായ യൂണിറ്റിൽ കൊടുക്കുന്ന കാലാവധി വായ്പക്കു പകരം, പ്ലാന്റ് ആന്റ് മെഷിനറിയുടെ വാങ്ങിയ വിലയെ ആധാരമാക്കിയായിരിക്കും പരിഗണിക്കാവുന്ന സഹായധനം (subsidy) കണക്കുകൂട്ടുന്നത്

iv)സിഡ്ബി (SIDBI)യും നബാർഡും(NBARD) ഈ പദ്ധതിയുടെ കാര്യകർത്താക്കളായി തുടരുന്നതാണ്.

3.6)കൃത്യതയോടെയും മതിയായതരത്തിലും സൂക്ഷ്മവും ചെറുതുമായ സംരംഭങ്ങളുടെ ജീവിതചക്രകാലയളവിൽ വായ്പാ ലഭ്യത സുഗമമാക്കാൻ വായ്പാ പ്രവാഹത്തെ പാകപ്പെടുത്തി സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന സൂക്ഷ്മവും ചെറുതുമായ സംരംഭങ്ങൾക്ക് അവരുടെ ജീവിതചക്ര കാലയളവിൽ കൃത്യതയോടെ ധസഹായം ലഭ്യമാക്കുന്നതിനുമായി ഞങ്ങളുടെ 2015 ഓഗസ്റ്റ് 27ലെ സർക്കുലർ FIDD, MSME&NFS.B.C No.60/06.02.31/2015-16 പ്രകാരം മേല്പറഞ്ഞ വിഷയത്തിൽ മാർഗ്ഗ നിർദ്ദേശരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്മാൾ ഫൈനാൻസ് ബാങ്കുകൾ, അവരുടെ MSE വിഭാഗത്തിലുള്ള വായ്പാനയത്തിൽ മുകളിൽപ്പറഞ്ഞിരിക്കുന്ന സർക്കുലറിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തി, പാകപ്പെടുത്തി, അതുവഴി കൃത്യമായും മതിയായരീതിയിലും

വായ്പാലഭ്യത സാധ്യമായ MSE വായ്പക്കാർക്ക് പ്രത്യേകിച്ച് അപ്രതീക്ഷിതമായി പണം ആവശ്യമുള്ള സന്ദർഭത്തിൽ, ഉറപ്പാക്കാൻ ചെറുസാമ്പത്തിക ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3.7)സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭങ്ങളുടെ വായ്പാ പുനരൂപീകരണത്തിന്റെ പ്രവർത്തന രീതി.

(i)വരുമാനം തിരിച്ചറിയൽ, ആസ്തിയുടെ ഇനം നിർണ്ണയിക്കൽ. വായ്പയുമായി ബന്ധപ്പെട്ട പ്രോവിഷനിംഗ് എന്നിവയെ സംബന്ധിച്ച് വിവേകപൂർണ്ണമായ മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്ന ജൂലയ് 01, 2015 ലെ സർക്കുലർ DBR No.BP.BC.2/21.04.048/2015-16 ൽ ചെറുതും ഇടത്തരവുമായ സംരംഭങ്ങളുടെ പുന:രൂപീകരണത്തെ സംബന്ധിച്ചുപറയുന്ന മാർഗ്ഗരേഖകളും, നിർദ്ദേശങ്ങളും, കൂടാതെ കാലാകാലങ്ങളിൽ കൊണ്ടുവരുന്ന മാറ്റങ്ങളും പാലിക്കാൻ സ്മാൾ ഫൈനാൻസ് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ii) ഞങ്ങളുടെ മേയ് 04, 2009 ലെ സർക്കുലർ RPCD.SME&NFS.BC.No. 102/06.04.01/2008=09 പ്രകാരം സ്മാൾ ഫൈനാൻസ് ബാങ്കുകൾക്ക് താഴെപറയുന്ന കാര്യങ്ങൾ നിർവ്വഹിക്കാനുള്ള നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

a)വായ്പാ സൗകര്യങ്ങളുടെ ലഭ്യത നിയന്ത്രിക്കുന്നതിനായി കഴിവുള്ളതും സാദ്ധ്യമായതുമായ ക്ഷീണിത യൂണിറ്റുകൾ/ സംരംഭങ്ങൾ (ഇനി ചേർത്തു വായിക്കേണ്ടത്, മാർച്ച് 17,2016 ലെ സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭങ്ങളുടെ പുനരുദ്ധാരണത്തിനും പുനസ്ഥാപിക്കലിനും ചട്ടക്കൂടുണ്ടാക്കുന്നതുമായി ബന്ധപ്പെച്ച മാർഗ്ഗനിർദ്ദേശങ്ങൾ) എന്നിവയുടെ പുന:രൂപീകരണം/ പുനസ്ഥാപിക്കൽ ഉദ്ദേശത്തോടെ വായ്പാനയരൂപീകരണം, കൂടാതെ വിവേചനപരമല്ലാത്ത ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി MSE വിഭാഗത്തിലെ നിഷ് ക്രിയ ആസ്തി, ഡയറക്ടർ ബോർഡിന്റെ, അംഗീകാര ത്തോടെ, തിരിച്ചുപിടിക്കുന്നതിനായുള്ള നയ രൂപീകരണം നടത്തുന്നു.

b) നിർവ്വഹണത്തിൽ കൊണ്ടുവരുന്ന ഒറ്റതീർപ്പാക്കൽ പദ്ധതിക്ക് ബാങ്കിന്റെ വെബ്സൈറ്റിലും മറ്റ് പ്രചരണമാദ്ധ്യമങ്ങൾ വഴിയും വ്യാപക പ്രചാരണം കൊടുക്കുകയും, ഇത്തരം സ്കീമിന്റെ ഗുണഫലം കൂടുതൽ അർഹതപ്പെട്ട വായ്പക്കാരിലേക്ക് എത്തുന്നതിനായി വായ്പക്കാർക്ക് അപേക്ഷ സമർപ്പിക്കാനും ബാദ്ധ്യത തിരിച്ചടക്കാനും ന്യായമായ സമയം അനുവദിക്കുകയും ചെയ്യുന്നു.

3.8)MSME കളുടെ പുനരുദ്ധാരണത്തിനും പുനസ്ഥാപിക്കലിനുമായുള്ള ചട്ടക്കൂട്.

MSME കളുടെ കണക്കുകൾ സംബന്ധിച്ച ക്ലേശങ്ങളും പ്രയാസങ്ങളും പരിഹരിക്കാനും വേണ്ട പ്രോത്സാഹനങ്ങൾക്കും വികസനങ്ങൾക്കും സൗകര്യമൊരുക്കുന്നതിനുമായി കൂടുതൽ ലളിതവും വേഗത്തിലുള്ളതുമായ പ്രവർത്തനരീതി തയ്യാറാക്കുന്നതിലേക്ക് ഭാരത സർക്കാരിന്റെ സൂക്ഷ്മവും ചെറുതും ഇടത്തരവുമായ സംരംഭങ്ങളുടെ മന്ത്രാലയം, മേയ് 29, 2015 ലെ ഗസറ്റ് വിജ്ഞാപനംവഴി “MSME കളുടെ പുനരുദ്ധാരണത്തിനും പുനസ്ഥാപിക്കലിനുമായി ഒരു ചട്ടക്കൂട്" പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാരത സർക്കാരിന്റെ MSME മന്ത്രാലയവുമായുള്ള കൂടിയാലോചനയിലൂടെ

മുകളിൽ പറഞ്ഞിരിക്കുന്ന ചട്ടക്കൂടുകളിൽ മാറ്റങ്ങൾ വരുത്തി വരുമാനം തിരിച്ചറിയൽ, ആസ്തി ഇനം തിരിക്കൽ വായ്പയുമായി ബന്ധപ്പെട്ട പ്രൊവിഷനിംഗ് എന്നിവയെ സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള കാര്യനിർവ്വഹണ മാർഗ്ഗ രേഖകളുമായി പൊരുത്തപ്പെടുന്ന തരത്തിൽ ഭാരതീയ റിസർവ്വ് ബാങ്കിന്റെ മാർച്ച് 17, 2016 ലെ സർക്കുലർ FIDD.MSME&NFS.BC.No. 21/06.02.31/2015-16 പ്രകാരം ബാങ്കുകൾക്ക് പ്രവർത്തന നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. 25 കോടി രൂപ വരെ വായ്പാപരിധിയുള്ള MSME യൂണിറ്റിന്റെ പുനരുദ്ധാരണവും പുനരധിവാസവും ചട്ടക്കൂട് പ്രകാരം ഏറ്റെടുക്കുന്നതാണ് പുതുക്കിയ ചട്ടക്കൂട് തയ്യാറായതോടെ സൂക്ഷ്മവും ചെറുതുമായ ക്ഷീണിത സംരംഭങ്ങളുടെ പുനരധിവാസവും പുനരുദ്ധാരണവും ആയി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ ഞങ്ങളുടെ സർക്കുലറിന്റെ( RPCD.CD.MSME&NFS. BC.40/06/02.31/2012/13-ഒറ്റത്തവണതീർപ്പാക്കൽപദ്ധതിക്ക് വിധേയമായിട്ടുള്ളതും കഴിവുള്ളതും സാദ്ധ്യവുമായ യൂണിറ്റുകൾക്ക് ആശ്വാസങ്ങളും സൗജന്യങ്ങളും ലഭിക്കുന്നതൊഴികെയുള്ള കാര്യങ്ങൾ) പ്രസക്തി നഷ്ടപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞ സർക്കുലറിന്റെ ഉള്ളടക്കം ചെറുസാമ്പത്തിക ബാങ്കുകൾ പാലിക്കേണ്ടതാണ്.

3.9)<u>MSE വിഭാഗത്തിലെ വായ്പാ വളർച്ച നിരീക്ഷിക്കാനുള്ള ഘടനാപരമായ പ്രവർത്തനരീതി</u>

MSE വിഭാഗത്തിലെ വായ്പാ വളർച്ചയുടെ വേഗതക്കുറവിന്റെ ആശങ്കകൾ കണക്കിലെടുത്ത്, ഈ മേഖലയിലെ വായ്പാസംബന്ധമായ പ്രശ്നങ്ങൾ നിരീക്ഷിക്കാനുള്ള ഘടനാപരമായ പ്രവർത്തന രീതിയെക്കുറിച്ച് അഭിപ്രായം സമർപ്പിക്കുന്നതിനായി ഇൻഡ്യൻ ബാങ്ക് അസ്സോസിയേഷന്റെ (IBA)നേതൃത്വത്തിൽ ഒരു സബ് കമ്മിറ്റിയെ (ചെയർമാൻ:ശ്രീ.കെ.ആർ.കമ്മത്ത്) തെരഞ്ഞെടുത്തിരുന്നു. ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഞങ്ങളുടെ മെയ് 09,2013 ലെ സർക്കുലറിൽ കൂടി (RPCD.MSME&NFS. BC.No.74/06.02.31/2012-13) പ്രകാരം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്ക് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. സ്മാൾ ഫൈനാൻസ് ബാങ്കുകൾ മേൽപ്പറഞ്ഞ സർക്കുലറിലെ ഉള്ളടക്കം പാലിക്കേണ്ടതാണ്.

**വിഭാഗം-IVഅധികാര നിയുക്തമായ ക്രമീകരണങ്ങൾ(Institutional arrangement)**

**4)അധികാരനിയുക്തമായ ക്രമീകരണങ്ങൾ**

4.1)<u>MSMEവിഷയങ്ങൾക്കായി അധികാരപ്പെടുത്തിയകമ്മിറ്റി (empowered committee on MSMEs)</u>

കേന്ദ്ര ധനകാര്യമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ ഭാഗമായി, ഭാരതീയ റിസേർവ് ബാങ്കിന്റെ റീജിയണൽ ആഫീസിൽ റീജ്യണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു എംപവേഡ് കമ്മിറ്റി രൂപീകൃതമായിട്ടുണ്ട്. അതിൽ എസ്.എൽ.ബി.സി(SLBC)കൺവീനർ, സംസ്ഥാനത്ത് MSME മേഖലയിൽ വലിയതോതിൽ വായ്പ കൊടുക്കുന്ന രണ്ടു ബാങ്കുകളിലെ സീനിയർ ലവൽ ഓഫീസർമാർ, സിഡ്ബി(SIDBI)യുടെ പ്രാദേശിക ഓഫീസിലെ പ്രതിനിധി, MSME യുടെയോ സ്റ്റേറ്റ് ഇൻഡസ്ട്രീസിന്റെയോ പ്രതിനിധികൾ, MSME അസ്സോസിയേഷനിൽ നിന്നുള്ള ഒന്നോ രണ്ടോ സീനിയറായ പ്രതിനിധികൾ, കൂടാതെ SFC/SIDC ൽ നിന്നും ഒരു സീനിയർ ലവൽ ഓഫീസർ എന്നിവർ

പ്രതിനിധികളായിരിക്കും. ഈ കമ്മിറ്റി ആനുകാലികമായി കൂടേണ്ടതും MSME വിഭാഗത്തിലെ വായ്പാ ലഭ്യതയുടെ പുരോഗതിയെക്കുറിച്ചും കൂടാതെ സൂക്ഷ്മവും ചെറുതും ഇടത്തരവുമായ ക്ഷീണിത (sick) സംരംഭങ്ങളെ/ യൂണിറ്റുകളെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിലയിരുത്തേണ്ടതുമാണ്. ഈ മേഖലയിലേക്ക് വായ്പ ലഭിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അതു മാറ്റി സുഗമമാക്കുന്നതിലേക്കായി സംസ്ഥാന സർക്കാരിന്റെയും മറ്റു ബാങ്കുകൾ/ സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയുടെയും പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് വായ്പാ ലഭ്യത ഉറപ്പാക്കണം.

4.2)ബാങ്കിംഗ് കോഡ്സ് ആന്റ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇൻഡ്യ (Bankings Codes and Standards Boards of India)

BCSBI സൂക്ഷ്മവും ചെറുതുമായ സംരംഭകരോട് ബാങ്കുകൾ പാലിക്കേണ്ട കർത്തവ്യത്തെക്കുറിച്ച് ഒരു ധർമ്മ സംഹിത (code) രൂപീകരിച്ചിട്ടുണ്ട്. MSMED നിയമം, 2006 ൽ നിർവചിച്ചിട്ടുള്ളതുപോലെ സൂക്ഷ്മവും ചെറുതുമായ സംരംഭങ്ങളുമായുള്ള ഇടപാടുകൾ നടത്തുമ്പോൾ ബാങ്കുകൾ പാലിക്കേണ്ട ഏറ്റവും കുറഞ്ഞ ആദർശത്തെ സംബന്ധിച്ച് സ്വമേധയാ ഉള്ള ധർമ്മസംഹിത (codes)ആണ്. MSME മേഖലകൾക്ക് സംരക്ഷണം കൊടുക്കാനും ആ വിഭാഗത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ടു സമയത്ത് ബാങ്കുകളിൽ നിന്നും പ്രതീക്ഷിക്കുന്നതെന്താണെന്നും വ്യക്തമാക്കുന്ന ഒരു ധർമ്മ സംഹിതയാണ്.

റിസർവ്വ് ബാങ്ക് പുറപ്പെടുവിച്ചുട്ടുള്ള റഗുലേറ്ററി/ സൂപ്പർവൈസറി നിർദ്ദേശങ്ങൾക്ക് പകരം വയ്ക്കാവുന്നതോ അതിനെക്കാൾ മുകളിലോ അല്ല ഈ കോഡ്. അതിനാൽ ചെറു സാമ്പത്തിക ബാങ്കുകൾ, റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും വിജ്ഞാപനങ്ങളും പാലിക്കേണ്ടതാണ്. ഈ കോഡിന്റെ മുഴുവൻ രൂപവും BCSBIയുടെ വെബ്സൈറ്റിൽ (www.bcsbi.org.in)ലഭ്യമാണ്.

4.3)സൂക്ഷ്മവും ചെറുതുമായ സംരംഭവിഭാഗം - സാമ്പത്തിക സാക്ഷരതയുടെയും വിദഗ്ദ്ധോപദേശ സഹായത്തിന്റെയും അനിവാര്യത.

MSME വിഭാഗത്തിലെ വലിയതോതിലുള്ള സാമ്പത്തിക ഒഴിവാക്കൽ കണക്കിലെടുത്ത്, ഒഴിവാക്കപ്പെട്ട യൂണിറ്റുകളെ ബാങ്കിംഗ് മേഖലയുടെ പരിധിയിലേക്ക് കൊണ്ടുവരേണ്ടത് ചെറുസാമ്പത്തിക ബാങ്കുകളുടെ അനിവാര്യമായ കടമയാണ്. അക്കൗണ്ടിംഗും ഫിനാൻസും ഉൾപ്പെടെയുള്ള സാമ്പത്തിക സാക്ഷരത, പ്രവർത്തന പാടവം, ബിസിനസ് പ്ലാനിംഗ് മുതലായവയുടെ അഭാവം മൂലം MSE വായ്പക്കാർ നേരിടുന്ന ദുർഘടമായ വെല്ലുവിളികൾക്ക് ഊന്നൽ നൽകിക്കൊണ്ട്, ബാങ്കുകളുടെ ഭാഗത്തുനിന്നും വേണ്ടത്ര ലളിതവൽക്കരണത്തോടെയുള്ള സമീപനം ഉണ്ടാകേണ്ടതാണ്.

4.4) സംഘസമീപനം(cluster approach)

താഴെപറയുന്ന തരത്തിലുള്ള സേവനങ്ങൾ ചെറു സാമ്പത്തിക ബാങ്കുകൾ നൽകുന്നതാണ്.

i)രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി 21 സംസ്ഥാനങ്ങളിലായി യുണൈറ്റഡ് നേഷൻസ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ്

ഓർഗനൈസേഷൻ(UNIDO) 388 സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം UNIDO തെരഞ്ഞെടുത്ത SME സംഘങ്ങളുടെ ഒരു ലിസ്റ്റ് ജൂലായ്21, 2016 ലെ മാസ്റ്റർ ഡയറക്ഷൻ-ലെന്ഡിങ് ടു മൈക്രോ, സ്മോൾ & മീഡിയം എന്ററർപ്രൈസസ് (MSMS) വിഭാഗത്തിന്റെ അനുബന്ധംII ൽ ലഭ്യമാണ്.

ii) ന്യൂന പക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന 121 ജില്ലകളിലായി പരമ്പരാഗത വ്യവസായ പുനരുജ്ജീവന ഫണ്ട് (SFURTI), മൈക്രോ ആൻഡ് സ്മോൾ എന്ററർപ്രൈസസ് ഡവലപ്മെന്റ് പ്രോഗ്രാം (MSE-CDP) എന്നീ പദ്ധതിപ്രകാരം സംഘങ്ങളുടെ ഒരു ലിസ്റ്റ് മൈക്രോ, സ്മോൾ ആൻഡ് മീഡിയം എന്ററർപ്രൈസസ് മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്.

4.5)വൈകിയുള്ള പണം കൊടുക്കൽ (Delayed payment)

സൂക്ഷ്മവും ചെറുതും ഇടത്തരവുമായ വികസന((MSMED) നിയമം, 2006 മായി ബന്ധപ്പെട്ട ചെറുകിട അനുബന്ധ വ്യവസായ സ്ഥാപനങ്ങളിലെ വൈകിയുള്ള പണം കൊടുക്കൽ നിയമം, 1998 (Delayed payment Act, 1988) ൽ പറഞ്ഞിരിക്കുന്ന പലിശവ്യവസ്ഥകൾ, താഴെപറയുംവിധം ഊർജ്ജിതപ്പെടുത്തിയിരിക്കുന്നു.

i)വാങ്ങുന്ന ആളും കൊടുക്കുന്ന ആളും (buyer & supplier) രേഖാമൂലം നിശ്ചയിച്ചുറപ്പിച്ചിട്ടുണ്ടെങ്കിൽ അന്നോ അതിനു മുൻപായോ അല്ലാത്തപക്ഷം നിശ്ചയിച്ചുറപ്പിച്ചിരിക്കുന്ന ദിവസംതന്നെ പണം നൽകേണ്ടതാണ്താണ് ഇപ്രകാരം വാങ്ങുന്ന ആളും കൊടുക്കുന്ന ആളും തമ്മിൽ ധാരണയിലെത്തുന്ന കാലാവധി അംഗീകരിക്കപ്പെട്ട ദിവസം മുതലോ അല്ലെങ്കിൽ സ്വീകാര്യതയോടെ വിശ്വാസത്തിലെടുത്ത ദിവസം മുതലോ 45 ദിവസത്തിൽ കൂടാൻ പാടില്ല.

ii)വാങ്ങുന്ന സപ്ലെയർക്ക് പണം കൊടുക്കാൻ പരാജയപ്പെടുകയാണെങ്കിൽ, നിശ്ചയിക്കപ്പെട്ട ദിവസം മുതലോ, അല്ലെങ്കിൽ ധാരണയിലെ ദിവസം മുതലോ റിസർവ്വ് ബാങ്ക് പ്രഖ്യാപിച്ചിട്ടുള്ള ബാങ്ക് നിരക്കിന്റെ മൂന്നിരട്ടി പലിശ കൊടുക്കേണ്ടതാണ്.

iii)ആവശ്യമനുസരിച്ച് സപ്ലെയർ ലഭ്യമാക്കിയിട്ടുള്ള സാധനങ്ങൾക്കും കൊടുത്ത സേവനങ്ങൾക്കും വാങ്ങുന്ന ആൾ മുകളിൽ (ii)ൽ നിർദ്ദേശിക്കുന്ന പ്രകാരം പലിശ കൊടുക്കാൻ ബാദ്ധ്യസ്ഥനായിരിക്കും.

iv)അർഹതപ്പെട്ട തുകയെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള തർക്കമുണ്ടായാൽ ബന്ധപ്പെട്ട സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള മൈക്രോ ആൻഡ് സ്മോൾ എന്ററർപ്രൈസസ് ഫെസിലിറ്റേഷൻ കൗൺസിൽ മുമ്പാകെ, റഫർ ചെയ്യേണ്ടതാണ്.കൂടാതെ, വലിയ വായ്പക്കാരും മൊത്തത്തിലുള്ള പ്രവർത്തന മൂലധനപരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രത്യേകിച്ച് MSMEകളിൽ നിന്നുള്ള വാങ്ങലുകളുടെ പെയ്മെന്റ് ബാദ്ധ്യത നിറവേറ്റുന്നതിനായി, ചെറു സാമ്പത്തികബാങ്കുകൾ, ഇവയുടെ പരിധി നിശ്ചയിക്കാനും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

## വിഭാഗം-V

### MSME വിഭാഗത്തിലേക്കുള്ള വായ്പാ ഒഴുക്കുമായി ബന്ധപ്പെട്ട കമ്മിറ്റി

5.MSE വിഭാഗത്തിന് വായ്പ ലഭ്യമാക്കുമ്പോൾ, താഴെ പറയുന്ന സർക്കുലറുകളുടെ ഉള്ളടക്കം സ്മാൾ ഫൈനാൻസ് ബാങ്കുകളുടെ മാർഗ്ഗനിർദ്ദേശം ആയിരിക്കും.

5.1) SSI(ഇപ്പോൾ MSE) യ്ക്കായുള്ള വായ്പയെസംബന്ധിച്ച് ഉന്നതാധികാര കമ്മിറ്റിയുടെ റിപ്പോർട്ട് (കാൺപൂർ കമ്മിറ്റി): ഓഗസ്റ്റ് 28, 1998 ലെ ഞങ്ങളുടെ സർക്കുലർ RPCD No. FLNFs BC.22/06/02.31/98-99 പ്രകാരം, എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും കാൺപൂർ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

5.2)SSI(ഇപ്പോൾ MSE) മേഖലയിൽ ഇൻസ്റ്റിറ്റ്യൂഷണൽ ക്രെഡിററിന്റെ പര്യാപ്തതയെക്കുറിച്ച് പരിശോധിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റി റിപ്പോർട്ടും ബന്ധപ്പെട്ട വീക്ഷണങ്ങളും (നായക് കമ്മിറ്റി) മാർച്ച് 2, 2001 ലെ ഞങ്ങളുടെ സർക്കുലർ RPCD PLNFS/BC.No.61/06.02.62/2000-01 പ്രകാരം എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾക്കും നായക് കമ്മിറ്റി ശുപാർശ നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

5.3) SSI(ഇപ്പോൾ MSE)മേഖലയിലുള്ള വായ്പയെ സംബന്ധിച്ചുള്ള വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് (ഗാംഗുലി കമ്മിറ്റി)

ഈ കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കുന്നതിനായി സെപ്തംബർ 4, 2004 ലെ സർക്കുലർ RPCD.FLNFS.RC.28/06.02.31(WG)/2004-05 എല്ലാ ബാങ്കുകളിലും അയച്ചു കൊടുത്തിട്ടുള്ളതാണ്.

5.4) പീഡിത SMEs ന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് (ചെയർമാൻ ഡോ.കെ.സി.ചക്രബർത്തി)

മെയ് 04, 2009 ലെ RPCD.SME&NFS.BC No.102/06.04.01/2008-2009 സർക്കുലർ പ്രകാരം 2 കോടി രൂപവരെയുള്ള വായ്പകൾ കൊടുക്കേണ്ടത് സ്റ്റോറിംഗ് മാതൃക (storing model) അടിസ്ഥാനമാക്കി ആയിരിക്കണം. ഏപ്രിൽ 15, 2014 ലെ സർക്കുലർ DEOD.Div.BC. No. 106/13.03/00/2013-14 പ്രകാരം MSE വിഭാഗത്തിൽ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായുള്ള വായ്പാനയം പുനപരിശോധിക്കാനും അതുവഴി MSE വായ്പക്കാർക്കുവേണ്ടിയുള്ള വായ്പാനിർദ്ദേശങ്ങൾ ബോർഡ് അംഗീകൃത സ്കോറിംഗ് മോഡൽസ് ഉപയോഗിച്ച് വിലയിരുത്താനും ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അനുബന്ധം I**

ചെറുകിട വ്യവസായ മന്ത്രാലയം

വിജ്ഞാപനം

ന്യൂഡൽഹി, ഒക്ടോബർ 05, 2006

S.O.1722(E) -MSMED, നിയമം, 2006(27 of 2006) ലെ സെക്ഷൻ (1)-20 പ്രകാരം നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് കേന്ദ്ര സർക്കാർ, മുൻപറഞ്ഞ നിയമം 7(1)(a)യിൽ പറഞ്ഞിരിക്കുന്നതു പ്രകാരമുള്ള സംരംഭങ്ങളിൽ താഴെ പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുള്ള ഇനങ്ങൾക്കു ചെലവാക്കിയ വില പ്ലാന്റ് ആൻഡ് മെഷിനറിയിലെ നിക്ഷേപം കണക്കാക്കുമ്പോൾ ഒഴിവാക്കപ്പെടേണ്ടതാണ് എന്ന് പ്രഖ്യാപിക്കുന്നു. അതായത്

i)ടൂൾസ്, ജിഗ്സ്, ഡൈസ്, മോൾഡ്സ് മെയിന്റനൻസിനുള്ളസ്പെയർ പാർട്സ്കൂടാതെ കൺസ്യൂമബിൾസ് ശേഖരം.

ii)യന്ത്രോപകരണങ്ങളുടെ സ്ഥാപിക്കൽ

iii)റിസർച്ച് ആന്റ് ഡവലപ്മെന്റിനായുള്ള ഉപകരണം, മലിനീകരണ നിയന്ത്രണ യന്ത്രം

iv)സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിബന്ധനകളുമായി ബന്ധപ്പെട്ടു സ്ഥാപിച്ചിട്ടുള്ള പവർ ജനറേഷൻ സെറ്റ്, അധിക ട്രാൻസ്ഫോർമർ

v)നാഷണൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ/ സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നിവയ്ക്കു കൊടുത്ത ബാങ്ക് ചാർജ്ജും സർവ്വീസ് ചാർജ്ജും

vi)ഇൻസ്റ്റലേഷൻ കേബിളിന്റെ സംഭരണം, വയറിംഗ്, ബസ്ബാർസ് (bus bars) ഇലക്ട്രിക്കൽ കൺട്രോൾ പാനലുകൾ(ഓരോ മെഷിനിലും മൗണ്ട് ചെയ്യാത്തത്) ഓയിൽ സർക്യൂട്ട് ബ്രേക്കേഴ്സ്(oil circuit brakers)അല്ലെങ്കിൽ മിനിയേച്ചർ സർക്യൂട്ട് ബ്രേക്കേഴ്സ് ഇത്യാദി പ്ലാന്റ് ആൻഡ് മെഷിനറിയിൽ ഇലക്ട്രിക് പവർ കൊടുക്കാനും സുരക്ഷ കണക്കിലെടുത്തുള്ളതുമായ സാധനങ്ങൾ

vii)ഗ്യാസ് പ്രൊഡ്യൂസർ പ്ലാന്റുകൾ.

viii)സ്വദേശികളായ മെഷിനറി നിർമ്മാണ സ്ഥലത്തുനിന്നും സംരംഭസ്ഥലത്ത് എത്തിക്കുന്നതിനായുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ (വാണിജ്യനികുതി, മൂല്യവർദ്ധിത നികുതി, എക്സൈസ് നികുതി ഇവ ഒഴിവാക്കിയിട്ടുള്ള)

ix)സാങ്കേതിക ജ്ഞാനത്തിനും പ്ലാന്റ് ആൻഡ് മെഷിനറിയുടെ സ്ഥാപിക്കലുമായി ബന്ധപ്പെട്ട ചാർജ്ജുകൾ

X)അസംസ്കൃത സാധനങ്ങൾ, നിർമ്മാണ പ്രക്രിയയുമായി ബന്ധമില്ലാത്ത പൂർത്തിയായ ഉല്പന്നങ്ങൾ സൂക്ഷിക്കുന്ന സ്റ്റോറേജ് ടാങ്കുകൾ,

xi)ഫയർ ഫൈറ്റിംഗ് എക്യുപ്മെന്റ്

2.ഒന്നാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതുപോലെ പ്ലാന്റ് ആൻഡ് മെഷിനറിയിൽ നിക്ഷേപം നടത്തുമ്പാൾ പ്ലാന്റ് ആൻഡ് മെഷിനറി പുതിയതാണെങ്കിലും, രണ്ടാമതു കൈവശം വന്നതാണെങ്കിലും, അതിന്റെ യഥാർത്ഥ വിലവേണം കണക്കാക്കേണ്ടത്. പക്ഷേ, ഇറക്കുമതി ചെയത് മെഷിനറിക്ക് വിലകണക്കാക്കുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തണം അതായത്

i)ഇക്കുമതി തീരുവ (പോർട്ടിൽ നിന്നും ഫാക്ടറി സൈറ്റിൽ കൊണ്ടുവന്ന ട്രാൻസ്പോർട്ടേഷന് പോർട്ടിൽ കൊടുക്കേണ്ടിവരുന്നനഷ്ടപരിഹാരം എന്നീ പലവക ചെലവുകൾ)

ii)ഷിപ്പിംഗ് ചാർജ്ജുകൾ

iii)കസ്റ്റംസ് ക്ലിയറിംഗ് ചാർജ്ജുകൾ

iv)വാണിജ്യ നികുതി അല്ലെങ്കിൽ മൂല്യവർദ്ധിത നികുതി.

…….Sd/……..
(FNo.4(1)/2006-MSME-Policy)
JAWHAR SIRCAR,
Addl. Secretary.

## അധ്യായം IV: സാമ്പത്തിക സാക്ഷരത

## ഭാഗം - 1 ബാങ്കിന്റെ ഗ്രാമീണ ശാഖകളിലെ ജീവനക്കാർ സംഘടിപ്പിക്കുന്ന സാമ്പത്തിക സാക്ഷരതാ ക്യാമ്പുകൾ

### സാമ്പത്തിക സാക്ഷരതാ ക്യാമ്പുകൾ സംഘടിപ്പിക്കൽ

സ്മാൾ ഫൈനാൻസ് ബാങ്കിന്റെ സ്വന്തം ജീവനക്കാരാൽ പ്രവർത്തിപ്പിക്കുന്ന ഗ്രാമീണ ശാഖകൾ പ്രതിമാസം ഒരു ക്യാമ്പ് നടത്തേണ്ടത് ആവശ്യമാണ്(ഓരോ മാസവും മൂന്നാം വെള്ളിയാഴ്ച ശാഖാ സമയത്തിന് ശേഷം). സാമ്പത്തിക അവബോധ സന്ദേശ (FAME) ലഘുലേഖയുടെ ഭാഗമായ സന്ദേശങ്ങളും യു പി ഐ(UPI), *99# (USSD) എന്നീ ഡിജിറ്റൽ പ്ലാറ്റുഫോമുകൾ നൽകുന്ന സന്ദേശങ്ങളും ഈ ക്യാമ്പിൽ വിശദീകരിക്കും. ബാങ്കിന്റെ സ്വന്തം ജീവനക്കാരാൽ പ്രവർത്തിക്കുന്ന ഗ്രാമീണ ബാങ്കിങ് ശാഖകൾ നിർദ്ദേശിച്ച സമീപനം അനുബന്ധം I ൽ വിശദീകരിക്കുന്നു. ഒരു ഗ്രാമത്തിൽ ഇതുപോലെയുള്ള രണ്ടോ അതിലധികമോ ശാഖകൾ ഉണ്ടെങ്കിൽ, അവ എല്ലാ മാസവും ഊഴം വെച്ച് ക്യാമ്പുകൾ സംഘടിപ്പിക്കുന്നു എന്ന് ലീഡ് ഡിസ്ട്രിക്ട് മാനേജർ (LDM) ഉറപ്പാക്കേണ്ടതാണ്.

### FIF ൽ നിന്നുള്ള സാമ്പത്തിക പിന്തുണ

സ്മാൾ ഫൈനാൻസ് ബാങ്കിന്റെ സ്വന്തം ജീവനക്കാരാൽ പ്രവർത്തിക്കുന്ന ഗ്രാമീണ ശാഖകൾ സാമ്പത്തിക സാക്ഷരതാ ക്യാമ്പുകൾ സംഘടിപ്പിക്കാൻ സാമ്പത്തിക സഹായത്തിനു അർഹരാണ്. ഇത്തരം സാമ്പത്തിക സഹായം, സാമ്പത്തിക സാക്ഷരത ക്യാമ്പ് സംഘടിപ്പിക്കാനുള്ള ചിലവിന്റെ 60 ശതമാനമോ ഏറ്റവും കൂടിയത് 5000 രൂപയോ ആയിരിക്കും. സാമ്പത്തിക സഹായത്തിന്റെ വിശദവിവരങ്ങൾ അറിയാൻ ദയവുചെയ്ത് 2017 മെയ് നാലാം തിയ്യതി 107/DFIBT-24/2017 നമ്പറായി നബാർഡ് (NABARD) പുറപ്പെടുവിച്ച സർക്കുലർ കാണുക.

## ഭാഗം II - റിപ്പോർട് ചെയ്യാനുള്ള സംവിധാനം

### റിപ്പോർട് ചെയ്യാനുള്ള സംവിധാനം

അനുബന്ധം I ലേതു പോലുള്ള റിപ്പോർട്ടിങ് ഫോർമാറ്റ് ഓരോ ത്രൈമാസം അവസാനിച്ചു 30 ദിവസത്തിനകം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റികൾക്കോ(SLBC) യൂണിയൻ ടെറിട്ടറി ലെവൽ ബാങ്കേഴ്സ് കമ്മിറ്റികൾക്കോ(UTLBC) സമർപ്പിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ 2017 ജൂലൈ ഒന്നാം തിയ്യതി മുതൽ പ്രാബല്യത്തിൽ വരികയും റിപ്പോർട്ടിങ് ഫോർമാറ്റ് സെപ്റ്റംബർ 30 ന് അവസാനിക്കുന്ന പാദം മുതൽ പ്രാബല്യത്തിലാവുകയും ചെയ്യും.

സാമ്പത്തിക സാക്ഷരത ക്യാമ്പുകളുടെ ഫലപ്രാപ്തി ഭാരതീയ റിസർവ്വ് ബാങ്കിന്റെ ജില്ലാ ഓഫീസേഴ്സ് (LDOs) തുടർച്ചയായി വിലയിരുത്തുന്നതായിരിക്കും.

**ബാങ്കിന്‍റെ ഗ്രാമീണ ശാഖകൾ സംഘടിപ്പിച്ച ക്യാമ്പിനെ സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട്**

| | |
|---|---|
| **സംസ്ഥാനം** | |
| **അവസാനിച്ച ത്രൈമാസം** | |
| **വർഷം** | |

| ജില്ല | ബാങ്കിന്‍റെ സ്വന്തം ജീവനക്കാരാൽ പ്രവർത്തിക്കുന്ന ഗ്രാമീണ ബാങ്കിങ് ശാഖകളുടെ എണ്ണം | ത്രൈമാസത്തിൽ സംഘടിപ്പിച്ച ക്യാമ്പുകളുടെ എണ്ണം. |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

## അധ്യായം V : സാമ്പത്തിക ഉൾപ്പെടുത്തൽ

## ഭാഗം I - സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതികൾ

### സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതികൾ

സ്മാൾ ഫൈനാൻസ് ബാങ്കുകൾ കൂടുതൽ സാമ്പത്തിക ഉൾപ്പെടുത്തലിനുവേണ്ടി രൂപീകരിച്ചതായതുകൊണ്ടും അവരുടെ ഉപഭോക്താക്കളുടെ അടിത്തറ പ്രധാനമായും കുടിയേറ്റ തൊഴിലാളികളും കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളും ചെറുകിട കച്ചവടക്കാരും മറ്റ് അസംഘടിത മേഖലകളിൽ പ്രവർത്തിക്കുന്നവരും ആയതുകൊണ്ടും അവരുടെ പ്രാഥമിക ലക്ഷ്യം മേല്പറഞ്ഞവരുടെ ലക്ഷ്യങ്ങളുമായി ഒത്തുപോകുന്നതായിരിക്കണം. ബാങ്കിന്‍റെ ബോർഡ്, സ്ഥിരമായി, ഇക്കാര്യത്തിലുള്ള പുരോഗതി അവലോകനം ചെയ്യുകയും ഓരോ മാസത്തിലും ഇതിന്‍റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് റിസർവ്വ് ബാങ്ക് സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതി (FIP) നിരീക്ഷണ ഫോർമാറ്റിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ മാനദണ്ഡങ്ങൾക്ക് അനുസൃതമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സാമ്പത്തിക ഉൾപ്പെടുത്തൽ പദ്ധതി (FIP) സംബന്ധിച്ചു സ്മാൾ ഫൈനാൻസ് ബാങ്കിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ താഴെ പറയുന്നതാണ്.

A. മെട്രോപൊളിറ്റൻ, നഗരം, അർദ്ധ നഗരം, ഗ്രാമീണം എന്നി നാലു ജനസംഖ്യ ഗ്രൂപ്പിന്റെ അടിസ്ഥാന വസ്തുതകൾ ജില്ലാ തലം വരെ സമർപ്പിക്കാൻ ബാങ്കുകൾ റിസർവ്വ് ബാങ്ക് നൽകിയിട്ടുള്ള സാമ്പത്തിക ഉൾപെടുത്തൽ പദ്ധതിയുടെ ടെമ്പ്ലേറ്റ് ഉപയോഗിക്കേണ്ടതാണ്. മുൻ മാസത്തിലെ വിവരങ്ങളുടെ പ്രതിമാസ പുരോഗതി സമർപ്പിക്കാനുള്ള തിയ്യതി അടുത്ത മാസം 15 ആയിരിക്കും.

B. സാമ്പത്തിക ഉൾപെടുത്തൽ പദ്ധതിയുടെ(FIP) വിവിധ ഘടകങ്ങളുടെ പുരോഗതി മാസംതോറും നിരീക്ഷിക്കുകയും വർഷംതോറും പുനപരിശോധന നടത്തേണ്ടതുമാണ്

## ഭാഗം II - ബിസിനെസ്സ് കറസ്പോണ്ടന്റ്സ്

### ബിസിനെസ്സ് കറസ്പോണ്ടന്റ്സ്(BC) - പണം കൈകാര്യം ചെയ്യലും ഇൻഷുറൻസ് പരിരക്ഷയും

സ്മാൾ ഫൈനാൻസ് ബാങ്ക് അവരുടെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ അനുമതിയോടെയും ബാങ്കിങ് നിയന്ത്രണ വകുപ്പ് (ഡി.ബി.ആർ.) ബിസിനെസ്സ് കറസ്പോണ്ടന്റ്സ് എന്ന വിഷയത്തിൽ ബ്രാഞ്ച് അംഗീകാരത്തെക്കുറിച്ചുള്ള മാസ്റ്റർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചു ബിസിനെസ്സ് കറസ്പോണ്ടന്റ്സിനെ ഉപയോഗിക്കാനുള്ള ഒരു നയം രൂപപ്പെടുത്തണം (2014 ജൂലൈ 01 തിയ്യതിയിലെ ഡിബിഓഡി നം. ബിഎപിഡി .ബിസി 7/22.01.001/2014-15). ബിസിനെസ്സ് കറസ്പോണ്ടൻസുകൾ ഏറ്റെടുത്തു നടത്താനുള്ള പ്രവർത്തനങ്ങൾ സാധാരണ ബാങ്കിങ് ബിസിനസ്സിന്റെ ഗതിയിലായിരിക്കും. സാമ്പത്തിക ഉൾപ്പെടുത്തൽ കുറേക്കൂടി മുന്നോട്ടു കൊണ്ടുപോകാൻ ബിസിനെസ്സ് കറസ്പോണ്ടൻസുകളുടെ പ്രവർത്തനങ്ങൾക്കു അനുകൂലമായ സാഹചര്യം ഒരുക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി പണം കൈകാര്യം ചെയ്യുവാൻ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു.

a. കോർപറേറ്റ് BC യുടെയും BC യുടെ ഏജന്റിന്റെയും മുൻകൂർ ഫണ്ടിംഗ് കാലക്രമേണ പടിപടിയായി താഴ്ത്തുമെന്നു ഉറപ്പാക്കാൻവേണ്ടി, ബാങ്കുകളുടെ ബോർഡുകൾ ഓരോ 6 മാസത്തിൽ ഒരിക്കലെങ്കിലും ബിസിനെസ്സ് കറസ്പോണ്ടൻസുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം. ശരിയായ വിധത്തിലാണെങ്കിൽ എല്ലാ സാധാരണ കേസിലും, ബി സി പ്രവർത്തനം തുടങ്ങി രണ്ടു വർഷത്തിനുള്ളിൽ ഓരോ BC ക്കും നിശ്ചയിച്ച നിക്ഷേപ പരിധിയുടെ 15% വും ബാങ്ക് ഗ്യാരന്റിയുടെ 30% വും ആകുന്നവിധത്തിൽ മുൻകൂർ ഫണ്ടിംഗ് ക്രമാനുഗതമായി കുറച്ചു കൊണ്ടുവരണം,
b. ഭരണസമിതി, ബിസിനെസ്സ് കറസ്പോണ്ടൻസിനു പ്രതിഫലം കൊടുക്കുന്നതിന്റെ സ്ഥിതി പുനഃപരിശോധിക്കേണ്ടതും ഇതിനായി ബാങ്കിന്റെ ഭരണ സമിതി ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. നിക്ഷേപവും വിവിധ വായ്പകൾ, റെമിറ്റൻസ്, ഓവർഡ്രാഫ്ട്, ബാങ്കിന്റെ മറ്റു ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട പേയ്മെന്റ് ഇടപാടുകൾ എന്നിവ കൈകാര്യം ചെയ്യാൻ BC കളെ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കാര്യവും ഭരണസമിതി കാലാകാലങ്ങളിൽ പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഒരു പരാതി പരിഹാര സംവിധാനവും ഭരണസമിതി ആവിഷ്കരിക്കേണ്ടതാണ്.

c. BC കൈകാര്യം ചെയ്യുന്ന പണത്തിനു ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ ഭരണസമിതിയുടെ അംഗീകാരത്തോടെ ഒരു സംവിധാനം ആവിഷ്കരിക്കേണ്ടതാണ്.

## ഭാഗം III - സ്വയം സഹായ സംഘം - ബാങ്ക് സംയോജന പദ്ധതി

**സ്മാൾ ഫൈനാൻസ് ബാങ്കുകൾക്കുള്ള** സ്വയം സഹായ സംഘങ്ങൾ(SHG) - **ബാങ്ക് സംയോജന പദ്ധതി**

സ്വയം സഹായ സംഘങ്ങളുടെ കൂട്ടായ്മയുടെ സംയോജന പദ്ധതി കൂടുതൽ മുന്നോട്ട് കൊണ്ടുപോകാനും സ്മാൾ ഫൈനാൻസ് ബാങ്കുകൾ അവരുടെ പ്രധാന വായ്പ നൽകൽ പ്രവർത്തനത്തിന്റെ ഭാഗമായി സ്വയം സഹായ സംഘങ്ങൾക്കു വായ്പ നൽകുന്ന കാര്യം നയപരമായി തീരുമാനിക്കാനും നടപ്പിൽ വരുത്താനും പരിശ്രമിക്കേണ്ടതാണ്. സ്വയം സഹായ സംഘങ്ങൾ-ബാങ്ക് സംയോജന പദ്ധതി, കോർപറേറ്റ് തന്ത്രം/പദ്ധതിയിലും ഓഫീസർമാരുടെയും ജീവനക്കാരുടെയും പരിശീലത്തിനുള്ള പാഠ്യപദ്ധതിയിലും ഉൾപ്പെടുത്തുകയും ഒരു സാധാരണ പ്രവർത്തനമായി നടപ്പിലാക്കുകയും അനുക്രമം നിരീക്ഷിക്കുകയും പുനഃപരിശോധിക്കുകയും ചെയ്യേണ്ടതാണ്.

മുകളിൽ കൊടുത്തതിനനുസരിച്ചു, സ്മാൾ ഫൈനാൻസ് ബാങ്കുകൾ, സ്വയം സഹായ സംഘങ്ങളുമായി ബന്ധപ്പെട്ട നയങ്ങൾ രൂപീകരിക്കുമ്പോൾ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

A) **സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പ നൽകൽ ആസൂത്രണ പ്രക്രിയയുടെ ഭാഗമായിരിക്കണം** : സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പ നൽകൽ ശാഖയുടെ വായ്പ പദ്ധതിയിലും, ബ്ലോക്ക് വായ്പ പദ്ധതിയിലും ജില്ലാ വായ്പ പദ്ധതിയിലും സംസ്ഥാന വായ്പ പദ്ധതിയിലും എല്ലാ സ്മാൾ ഫൈനാൻസ് ബാങ്കുകളും ഉൾപ്പെടുത്തേണ്ടതാണ്. SHG-ബാങ്ക് സംയോജന പദ്ധതിയിൽ പ്രത്യേക ലക്ഷ്യങ്ങൾ നിഷ്കർഷിച്ചിട്ടില്ലെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഈ വിഭാഗത്തിന് അങ്ങേയറ്റം പരിഗണന നൽകേണ്ടതാണ്. ഇത് ബാങ്കിന്റെ കോർപറേറ്റ് ക്രെഡിറ്റ് പദ്ധതിയുടെ അവിഭാജ്യ ഘടകമാവുകയും വേണം.

B) **സേവിങ്സ് ബാങ്ക് അക്കൗണ്ട് തുറക്കൽ :** അവരുടെ അംഗങ്ങൾക്കിടയിൽ സമ്പാദ്യ ശീലം പ്രോത്സാഹിപ്പിക്കുന്ന രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്യാത്തതോ ആയ എല്ലാ സ്വയം സഹായ സംഘങ്ങളും സ്മാൾ ഫൈനാൻസ് ബാങ്കിൽ സേവിങ്സ് ബാങ്ക് അക്കൗണ്ട് തുറക്കാൻ അർഹരാണ്. ഈ സ്വയം സഹായ സംഘങ്ങൾ സേവിങ്സ് ബാങ്ക് അക്കൗണ്ട് തുറക്കുന്നതിനു മുൻപ് നേരത്തെ ബാങ്കിൽ നിന്ന് വായ്പ സൗകര്യങ്ങൾ ലഭിച്ചിരിക്കണമെന്നു നിർബന്ധമില്ല. സ്വയം സഹായ സംഘത്തിന്റെ സേവിങ്സ് ബാങ്ക് അക്കൗണ്ട് തുറക്കാൻ അതിലെ എല്ലാ അംഗങ്ങളുടെയും KYC പരിശോധന ആവശ്യമില്ല, പകരം, എല്ലാ ഭാരവാഹികളുടെയും KYC പരിശോധനകൾ പര്യാപ്തമാണ്. സ്വയം സഹായ സംഘത്തിന്റെ വായ്പ സംയോജിപ്പിക്കുമ്പോൾ അതിന്റെ അംഗങ്ങളുടെയും ഭാരവാഹികളുടെയും പ്രത്യേകം KYC പരിശോധനകൾ ആവശ്യമില്ല

C) **മാർജിനും സുരക്ഷാ വ്യവസ്ഥകളും** : നബാർഡ് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ബാങ്കുകൾക്ക് സ്വയം സഹായ സംഘങ്ങൾക്കു നിക്ഷേപവുമായി സംയോജിപ്പിച്ച വായ്പകൾ അനുവദിക്കാവുന്നതാണ്(നിക്ഷേപവും വായ്പയും തമ്മിലുള്ള അനുപാതം 1:1 മുതൽ 1:4 വരെ ആകാവുന്നതാണ്). എന്നിരുന്നാലും, വളർച്ചയെത്തിയ സ്വയം സഹായ സംഘങ്ങൾക്ക് നിക്ഷേപത്തിന്റെ നാലിരട്ടി എന്ന പരിധിക്കുമപ്പുറം ബാങ്കിന്റെ വിവേചനാധികാരം ഉപയോഗിച്ചു വായ്പ അനുവദിക്കാവുന്നതാണ്.

D) **പ്രമാണം ചെയ്യൽ** : വളരെ കുറഞ്ഞ രേഖകളും ലഘുവായ നടപടിക്രമങ്ങളും രീതിയുമാണ് സ്വയം സഹായ സംഘങ്ങളിലേക്കു വായ്പ ഒഴുകാനുള്ള മുൻകരുതലുകൾ. ബാങ്കുകൾ, ശാഖാ അധികാരികൾക്ക് വായ്പ അനുവദിക്കാനും വിതരണം ചെയ്യാനും ഉതകുന്ന അധികാരങ്ങൾ കൊടുത്തുകൊണ്ട് അതിന്റെ പ്രവർത്തനത്തിന്റെ മുന്പിലുണ്ടാകുന്ന എല്ലാ തടസ്സങ്ങളും മാറ്റാൻ പരിശ്രമിക്കേണ്ടതാണ്. വായ്പയുടെ അപേക്ഷ ഫോറവും, നടപടിക്രമങ്ങളും, ഹാജരാക്കാനുള്ള രേഖകളും വളരെ ലഘുവാക്കണം. ഇത് യഥാസമയം പ്രശ്നരഹിത വായ്പ പ്രദാനം ചെയ്യാൻ സഹായിക്കും.

E) **സ്വയം സഹായ സംഘങ്ങളിൽ വായ്പ തിരിച്ചടക്കാത്തവരുടെ സാന്നിധ്യം** സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളോ അവരുടെ കുടുംബാംഗങ്ങളോ ബാങ്കിന് വായ്പ തിരിച്ചടക്കാത്തതുകൊണ്ട്, സാധാരണ ഗതിയിൽ സ്വയം സഹായ സംഘങ്ങൾക്ക് തടസ്സമായി വരാറില്ല. എന്നിരുന്നാലും, വായ്പ തിരിച്ചടക്കാത്ത അംഗങ്ങളെ സാമ്പത്തികമായി സഹായിക്കാൻ സ്വയം സഹായ സംഘങ്ങൾ ബാങ്ക് വായ്പ ഉപയോഗിക്കാൻ പാടില്ല.

F) **ശേഷി മെച്ചപ്പെടുത്തലും പരിശീലനവും** : സ്മാൾ ഫൈനാൻസ് ബാങ്കുകൾ, SHG സംയോജന പദ്ധതികളെ ആത്മനിഷ്ഠമാക്കാൻ അനുയോജ്യമായ നടപടികൾ കൈക്കൊള്ളുകയും ഫീൽഡ് ലെവൽ പ്രവർത്തകർക്കു മാത്രമായി ഹ്രസ്വകാല പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം. ഇതോടൊപ്പം, മധ്യ നിരയിലുള്ള കൺട്രോളിങ് ഓഫീസർമാർക്കും മുതിർന്ന ഓഫീസർമാർക്കും അനുയോജ്യമായ അവബോധ പരിപാടികളും സംഘടിപ്പിക്കണം.

**G) SHG വായ്പയുടെ നിരീക്ഷണവും അവലോകനവും : SHG** പദ്ധതിയുടെ പുരോഗതി സ്മാൾ ഫൈനാൻസ് ബാങ്കുകൾ ഇടയ്ക്കിടെ അവലോകനം ചെയ്യണം. 2015 മെയ് 21 തിയ്യതിയിലെ എഫ്ഐഡിഡി.എഫ്ഐഡി.ബിസി.നമ്പർ/12.01.033/2014-15 സർക്കുല റിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതുപോലെ ഒരു അർദ്ധ വാർഷിക പുരോഗതി റിപ്പോർട്ട് നബാർഡ് (മൈക്രോ ക്രെഡിറ്റ് ഇന്നവേഷൻ ഡിപ്പാർട്മെന്റ്), മുംബൈ യിലേക്ക് ഓരോ വർഷവും സെപ്തംബര് 30, മാർച്ച് 31 തിയ്യതികളിൽ റിപ്പോർട്ട് സംബന്ധിച്ച അർദ്ധവാർഷികം കഴിഞ്ഞു 30 ദിവസത്തിനുള്ളിൽ കിട്ടത്തക്കവിധത്തിൽ അയക്കേണ്ടതാണ്.

H) **പലിശ നിരക്ക്** : സ്വയം സഹായ സംഘങ്ങൾക്കോ ഗുണഭോക്താക്കളായ അംഗങ്ങൾക്കോ കൊടുക്കുന്ന വായ്പക്ക് ബാധകമായ പലിശ നിരക്ക് തീരുമാനിക്കാനുള്ള വിവേചനാധികാരം സ്മാൾ ഫൈനാൻസ് ബാങ്കുകൾക്കുണ്ടായിരിക്കും.

I) **സേവന/പ്രോസസ്സിംഗ് ചാർജുകൾ:** 25000 രൂപ വരെയുള്ള മുൻഗണനാ വായ്പക്ക്, വായ്പയുമായി ബന്ധപ്പെട്ടു യാതൊരുവിധ സേവന ചാർജോ/പരിശോധന ചാർജോ ഈടാക്കാൻ പാടില്ല. സേവന/പരിശോധന ചാർജുകൾ ഈടാക്കാൻ അർഹതയുള്ള വായ്പകളാണ് SHGകൾ/JLGകൾക്ക് കൊടുക്കുന്നതെങ്കിൽ മേൽപറഞ്ഞ പരിധി ഒരു ഗ്രൂപ്പിനല്ല, ഓരോ അംഗത്തിനുമാണ് ബാധകമാകുന്നത്.

J) **മൊത്തം സാമ്പത്തിക ഉൾപ്പെടുത്തലും സ്വയം സഹായ സംഘങ്ങളുടെ വായ്പ ആവശ്യകതയും**: സ്വയം സഹായ സംഘങ്ങളുടെ വരുമാനം സൃഷ്ടിക്കൽ പ്രക്രിയ, വീട് നിർമാണം, വിദ്യാഭ്യാസം, കല്യാണം തുടങ്ങിയ സമൂഹാവശ്യങ്ങൾ, വായ്പ സ്വാപ്പ് ചെയ്യുക തുടങ്ങിയ എല്ലാ വായ്പ ആവശ്യകതയും നിറവേറ്റിക്കൊടുക്കാൻ സ്മാൾ ഫൈനാൻസ് ബാങ്കുകളോട് നിർദ്ദേശിക്കപ്പെട്ടിരിക്കയാണ്.

K) **സ്വയം സഹായ സംഘങ്ങളുടെ സംയോജനം പ്രോത്സാഹിപ്പിക്കുക** : സ്വയം സഹായ സംഘങ്ങൾക്ക് ധന സഹായം നൽകുന്ന ശാഖകൾക്കു സ്മാൾ ഫൈനാൻസ് ബാങ്കുകൾ ആവശ്യത്തിനുള്ള പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്. കൂടാതെ അവരുമായി നല്ല ബന്ധം കാത്തു സൂക്ഷിക്കുക, എല്ലാ നടപടിക്രമങ്ങളും വളരെ ലളിതവും സുഗമവുമാക്കുക, പ്രാദേശിക സ്ഥിതിഗതികൾക്കു അനുയോജ്യമായ വിധത്തിൽ നടപടി ക്രമങ്ങളിൽ അയവ് വരുത്തുക എന്നിവ ചെയ്യേണ്ടതാണ്. സ്വയംസഹായ സംഘങ്ങളുടെ പ്രവർത്തനത്തിൽ ഗ്രൂപ്പിന്റെ മൊത്തത്തിലുള്ള ചടുലത നിയന്ത്രിക്കുകയോ ഔപചാരിക ഘടനകൾ അടിച്ചേൽപ്പിക്കുകയോ നിർബന്ധിക്കുകയോ ചെയ്യരുത്. സ്വയം സഹായ സംഘങ്ങൾക്ക് ധന സഹായം നൽകുന്ന സമീപനം അങ്ങേയറ്റം പ്രശ്ന രഹിതമാകണം, ഉപഭോഗ ചിലവുകൾ കൂടി ഉൾപ്പെടുത്തണം.

## അധ്യായം VI : കാർഷിക മേഖല

## ഭാഗം I . പുതുക്കിയ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി

**1.ആമുഖം**

കർഷകർക്ക് വിത്തുകൾ, വളങ്ങൾ, കീടനാശിനികൾ തുടങ്ങിയ കൃഷിക്ക് ഉപയോഗിക്കാനുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുവേണ്ടി ഉടനടി ഉപയോഗിക്കാനുതകുന്നതും അവരുടെ കൈവശ ഭൂമിയുടെ അടിസ്ഥാനത്തിൽ ഉല്പാദനാവശ്യങ്ങൾക്കുള്ള പണം പിൻവലിക്കാനും കഴിയുന്ന പദ്ധതി എല്ലാ ബാങ്കുകളും ഒരുപോലെ നടപ്പിലാക്കാൻ വേണ്ടി 1998 ലാണ് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതി കർഷകരുടെ കാർഷിക കാർഷികേതര പ്രവർത്തനത്തിനുള്ള നിക്ഷേപ വായ്പാ ആവശ്യങ്ങൾക്ക് വേണ്ടി 2004 ൽ വീണ്ടും വിപുലീകരിക്കുകയുണ്ടായി. കൂടുതൽ ലളിതമാക്കാനും ഇലക്ട്രോണിക് കിസാൻ ക്രെഡിറ്റ് കാർഡ് നൽകുന്നതിനും വേണ്ടി ഇന്ത്യൻ ബാങ്കിന്റെ CMD ശ്രി. ടി.എം.ബസിന്റെ അധ്യക്ഷതയിലുള്ള പ്രവർത്തക സംഘം 2012 ൽ പദ്ധതി പുനരവലോകനം ചെയ്തു. ബാങ്കുകൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് സ്കീം നടപ്പിലാക്കാനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രദാനം ചെയ്യുന്ന ഈ പദ്ധതി, നടപ്പിലാക്കുന്ന ബാങ്കുകൾക്ക് അവരുടെ സ്ഥാപനത്തിന്റെയും പ്രദേശത്തിന്റെയും പ്രത്യേക ആവശ്യങ്ങൾ- ക്കനുസരിച്ചു മാറ്റങ്ങൾ വരുത്താനുള്ള വിവേചനാധികാരവും നൽകുന്നുണ്ട്.

**2. സ്കീമിന്റെ പ്രയോഗക്ഷമത.**

തുടർന്നുള്ള ഖണ്ഡികയിൽ വിവരിച്ചിട്ടുള്ള പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡ് സ്കീം വാണിജ്യ ബാങ്കുകൾ, ഗ്രാമീണ ബാങ്കുകൾ, സ്മാൾ ഫൈനാൻസ് ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ നടപ്പിലാക്കേണ്ടതാണ്.

**3.ലക്ഷ്യങ്ങൾ/ഉദ്ദേശ്യങ്ങൾ**

കർഷകർക്ക് അവരുടെ കൃഷിക്കും താഴെ സൂചിപ്പിച്ചിട്ടുള്ള മറ്റാവശ്യങ്ങൾക്കും മതിയായതും സമയോചിതവുമായ വായ്പാ സഹായം/പിന്തുണ ബാങ്കിങ് രംഗത്തുനിന്ന് ഏകജാലക സംവിധാനത്തിൽക്കൂടെ ലളിതമായ നടപടിക്രമങ്ങളിൽ കൂടി ലഭ്യമാക്കുക എന്നതാണ് കിസാൻ ക്രെഡിറ്റ് കാർഡ് സ്കീം ലക്ഷ്യമിടുന്നത്:

എ. വിളകൾ കൃഷി ചെയ്യുന്നതിന് ആവശ്യമായ ഹ്രസ്വകാല വായ്പാ ആവശ്യങ്ങൾ നിർവഹിക്കുക;

ബി. വിളവെടുപ്പിനു ശേഷമുള്ള ചെലവുകൾ:

സി. ഉത്പന്ന വിപണന വായ്പ;

ഡി. കർഷക കുടുംബത്തിന്റെ ഉപഭോഗ ആവശ്യങ്ങൾ;

ഇ. കാർഷിക മേഖലയുമായി ബന്ധപ്പെട്ട കാർഷിക ആസ്തികളുടെയും പ്രവർത്തനങ്ങളുടെയും പരിപാലനത്തിനാവശ്യമായ പ്രവർത്തന മൂലധനം;

എഫ്. കൃഷിക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമുള്ള നിക്ഷേപ വായ്പാ ആവശ്യകത;

**കുറിപ്പ്**: 'എ' മുതൽ 'ഇ' വരെയുള്ള ഘടകങ്ങളുടെ ആകെത്തുക ഹ്രസ്വകാല വായ്പയുടെ പരിധിയും 'എഫ്' ലെ ഘടകങ്ങളുടെ മൊത്തം സംഖ്യ ദീർഘകാല വായ്പയുടെ പരിധിയും ആകുന്നു.

4. അർഹത

i. കൃഷിക്കാർ - വ്യക്തികൾ / കൃഷിക്കാരും ഉടമസ്ഥരുമായ സംയുക്ത വായ്പക്കാർ;

ii. കുടിയാന്മാരായിട്ടുള്ള കർഷകർ, വാക്കാലുള്ള പാട്ടക്കാർ, കൂട്ടു കൃഷിക്കാർ.

iii. കുടിയാന്മാരായിട്ടുള്ള കർഷകർ, വാക്കാലുള്ള പാട്ടക്കാർ, കൂട്ടു കൃഷിക്കാരടക്കമുള്ള കൃഷിക്കാരുടെ സ്വയം സഹായ സംഘങ്ങളോ (എസ്എച്ച്ജി) സംയുക്ത ബാധ്യത സംഘങ്ങളോ.

**5. ക്രെഡിറ്റ് പരിധി/വായ്പ തുക**

കിസാൻ ക്രെഡിറ്റ് കാർഡ് പ്രകാരമുള്ള വായ്പ പരിധി താഴെ കൊടുത്തിരിക്കുന്ന വിധം തീരുമാനിക്കുന്നു.

**5.1. നാമമാത്ര കർഷകർ ഒഴിച്ചുള്ള എല്ലാ കർഷകരും.**

**5.1.1. ഒന്നാം വർഷത്തിലേക്കു പാസ്സാക്കാനുള്ള ഹ്രസ്വകാല വായ്പയുടെ പരിധി ( ഒരു വർഷത്തിൽ ഒറ്റ വിള കൃഷി ചെയ്യുന്നതിന്):**

വിളയ്ക്കുള്ള വായ്പ നിരക്ക്(ജില്ലാ തല ടെക്നിക്കൽ കമ്മിറ്റി തീരുമാനിച്ച പ്രകാരം) x കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണം + വിളവെടുപ്പിനു ശേഷമുള്ള/കുടുംബ/ഉപഭോഗ ആവശ്യങ്ങൾക്കും നിശ്ചയിച്ച നിരക്കിന്റെ 10% + കാർഷികോപകരണങ്ങളുടെയും ആസ്തികളുടെയും അറ്റകുറ്റപണികൾക്കും കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി നിശ്ചയിച്ച നിരക്കിന്റെ 20% + വിള ഇൻഷുറൻസ്/പി എ ഐ എസ് അടക്കമുള്ള അപകട ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ്, ആസ്തി ഇൻഷുറൻസ്.

### 5.1.2. രണ്ടാം വർഷവും അതിനുശേഷവുമുള്ള പരിധി

ഒന്നാം വർഷത്തിലേക്കു മേൽപറഞ്ഞ പ്രകാരം തീരുമാനിച്ച തുക + ചെലവ് വർദ്ധന/ ഓരോ വർഷവും (ഒന്നാം, രണ്ടാം, മൂന്നാം,നാലാം,അഞ്ചാം വര്ഷം) വായ്പ നിരക്കിലുള്ള വർദ്ധനയും കിസാൻ ക്രെഡിറ്റ് കാർഡിന്റെ കാലപരിധി വെച്ച് കണക്കാക്കിയ കാലാവധി വായ്പ ഘടകത്തിന്റെ 10%. അതായതു അഞ്ചു വർഷം. (ദൃഷ്ടാന്തം I)

### 5.1.3.ഒരു വർഷത്തിൽ ഒന്നിൽ കൂടുതൽ വിളകൾ കൃഷി ചെയ്യുന്നതിലേക്കുള്ള വായ്പാ പരിധി

മേൽപറഞ്ഞതുപോലെ, വിളകളുടെ സ്വഭാവമനുസരിച്ചു ഒന്നാമത്തെ വർഷത്തിലേക്കു നിശ്ചയിക്കുന്ന പരിധി + അടുത്ത വർഷങ്ങളിൽ(ഒന്നാം, രണ്ടാം, മൂന്നാം,നാലാം,അഞ്ചാം വർഷം) വില വർദ്ധന നേരിടാനും വര്ഷാവര്ഷത്തിലുള്ള വർധനയും ചേർത്ത് 10% . കർഷകർ തുടർന്നുള്ള നാലു വർഷങ്ങളിലും ഒരേ തരത്തിലുള്ള വിളകളാണ് കൃഷി ചെയ്യുന്നത് എന്ന് സങ്കൽപ്പിക്കുന്നു. തുടർവർഷങ്ങളിൽ വിളകൾക്ക് മാറ്റമുണ്ടെങ്കിൽ വായ്പ പരിധി പുനർനിർണയിക്കേണ്ടതാണ്.(ദൃഷ്ടാന്തം I)

### 5.1.4 ആസ്തി വികസനത്തിനുള്ള കാലാവധി വായ്പ

ഭൂവികസനം, ചെറുകിട ജലസേചന പദ്ധതികൾ, കാർഷികോപകരണങ്ങൾ വാങ്ങൽ അനുബന്ധ കാർഷിക പ്രവർത്തനങ്ങൾ എന്നിവക്ക് മൂലധന നിക്ഷേപത്തിനുള്ള വായ്പകൾ നൽകേണ്ടതാണ്. കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ആവശ്യമായ പ്രവർത്തന മൂലധന പരിധിയും കാലാവധിയും വായ്പാ തുകയും കർഷകൻ സ്വായത്തമാക്കാൻ ഉദ്ദേശിക്കുന്ന ആസ്തിയുടെ വില , കൃഷി സ്ഥലത്തു മുൻകൂറായി ചെയ്തിട്ടുള്ള അനുബന്ധ പ്രവർത്തങ്ങൾ, ബാങ്കിന്റെ അഭിപ്രായത്തിൽ വായ്പ തിരിച്ചടവിനുള്ള കഴിവ് കൂടാതെ കർഷകന്റെ നിലവിലുള്ള കട ബാധ്യതകളും കണക്കിലെടുത്തു അയാളുടെ മൊത്തം ബാധ്യത എന്നിവ കണക്കിലെടുത്തു ബാങ്കുകൾ തീരുമാനിക്കേണ്ടതാണ്.

ദീർഘകാല വായ്പയുടെ പരിധി, അഞ്ചു വർഷത്തിനകത്തു ഉദ്ദേശിക്കുന്ന നിക്ഷേപങ്ങൾ, ബാങ്കിന്റെ അഭിപ്രായത്തിൽ വായ്പ തിരിച്ചടവിനുള്ള കർഷകന്റെ കഴിവ് അടിസ്ഥാനപ്പെടുത്തിയായിരിക്കും.

### 5.1.5 പരമാവധി അനുവദനീയ പരിധി

അഞ്ചാം വർഷത്തിലേക്കു കണക്കാക്കിയിട്ടുള്ള ഹ്രസ്വകാല വായ്പ പരിധിയും കണക്കാക്കപെട്ട ദീർഘകാല വായ്പ ആവശ്യകതയും ചേർന്നതാണ് പരമാവധി

അനുവദനീയ പരിധി. ഇത് കിസാൻ ക്രെഡിറ്റ് കാർഡിന്റെ പരിധിയായി കണക്കാക്കേണ്ടതാണ്.

### 5.1.6 ഉപ പരിധി തിട്ടപ്പെടുത്തൽ

i. ഹ്രസ്വകാല വായ്പകളും കാലാവധി വായ്പകളും വ്യത്യസ്ത പലിശ നിരക്കിനാൽ നിയന്ത്രിക്കപ്പെടുന്നു. നിലവിൽ, മൂന്നു ലക്ഷം വരെയുള്ള ഹ്രസ്വകാല വായ്പകൾക്കു കേന്ദ്ര ഗവർമെന്റിന്റെ പലിശ ഇളവ് പദ്ധതി ബാധകമാണ്. കൂടാതെ, ഹ്രസ്വകാല വായ്പകൾക്കും കാലാവധി വായ്പകൾക്കും തിരിച്ചടവ് ക്രമവും വ്യവസ്ഥകളും വ്യത്യസ്തമാണ്. അതുകൊണ്ടു, പ്രവർത്തന സൗകര്യത്തിനും കണക്കുസൂക്ഷിക്കുന്നതിന്റെ സൗകര്യത്തിനും വേണ്ടി കാർഡിന്റെ പരിധി ഹ്രസ്വകാല ക്യാഷ് ക്രഡിറ്റ് പരിധി സേവിങ്സ് അക്കൗണ്ട്, കാലാവധി വായ്പ എന്നിങ്ങനെ ഉപ-പരിധിയായി വിഭജിച്ചിരിക്കണം.

ii. വിളവെടുപ്പ് രീതിയുടെ അടിസ്ഥാനത്തിൽ ഹ്രസ്വകാല ക്യാഷ് ക്രെഡിറ്റിന്റെ പിൻവലിക്കൽ പരിധി നിശ്ചയിക്കണം. വിളയുടെ ഉൽപാദനത്തിനും, കാർഷിക ആസ്തികളുടെ അറ്റകുറ്റപ്പണിക്കും സംരക്ഷണത്തിനും ഉപഭോഗത്തിനും ആവശ്യമായ തുക കർഷകരുടെ സൗകര്യത്തിനനുസരിച്ചു പിൻവലിക്കാൻ അനുവദിക്കേണ്ടതാണ്. ജില്ലാ തല സാങ്കേതിക കമ്മിറ്റി ഏതെങ്കിലും വർഷത്തെ വായ്പയുടെ അളവിൽ അഞ്ചു വർഷത്തേക്കുള്ള സാധാരണ 10% വർദ്ധനയെക്കാൾ വർധിപ്പിച്ചിട്ടുണ്ടെങ്കിൽ, കർഷനുമായി കൂടിയാലോചിച്ചു പിൻവലിക്കാൻ കഴിയുന്ന പുതുക്കിയ പരിധി നിശ്ചയിക്കുന്നതാണ്. അത്തരം പരിഷ്കരണത്തിന് കാർഡിന്റെ അനുവദനീയ പരിധി തന്നെ വർദ്ധിപ്പിക്കണ മെന്നുണ്ടെങ്കിൽ(നാലാമത്തേയോ അഞ്ചാമത്തെയോ വർഷം) കർഷകനെ അറിയിച്ചുകൊണ്ട് അത് ചെയ്യാവുന്നതാണ്.

iii. കാലാവധി വായ്പക്ക്,നിക്ഷേപത്തിന്റെ സ്വഭാവവും നിർദിഷ്ട നിക്ഷേപങ്ങളുടെ സാമ്പത്തിക നിലനില്പിനനുസരിച്ചുള്ള തിരിച്ചടവിന്റെ ഷെഡ്യൂളും അനുസരിച്ചു തവണകൾ പിൻവലിക്കാൻ അനുവദിക്കാ ന്നതാണ്. ഏതു സമയത്തും, മൊത്തം ബാധ്യത, കണക്കിലെടുക്കുന്ന വർഷത്തിലെ പിൻവലിക്കാനർഹതയുള്ള തുകയുടെ പരിധിക്കകത്താണെന്നു ഉറപ്പാക്കേണ്ടതാണ്.

IV. എപ്പോഴെങ്കിലും ഇങ്ങനെ കാർഡിന്റെ പരിധിയോ/ബാധ്യതയോ മാറുമ്പോൾ, അധിക തുകക്കുള്ള ജാമ്യം ആവശ്യമുണ്ടെങ്കിൽ അവരുടെ നയത്തിനനുസരിച്ചുള്ള ജാമ്യം സ്വീകരിക്കുന്നതാണ്.

### 5.2 നാമമാത്ര കർഷകർക്കു വേണ്ടി

കൈവശം വെയ്ക്കുന്ന ഭൂമിയുടെ വിസ്തീർണത്തിനനുസരിച്ചും, കൃഷി വിളയും വിളവെടുപ്പിനുശേഷമുള്ള സംഭരണത്തിനുള്ള വായ്പാ ആവശ്യവും, കൃഷി സംബന്ധമായ മറ്റു ചെലവുകൾ, ഉപഭോഗാവശ്യങ്ങൾ എന്നിവയ്ക്കു 10,000 ത്തിനും 50,000 ത്തിനും ഇടയ്ക്കുള്ള ഇഷ്ടാനുസൃത തുക കൊടുക്കാവുന്നതാണ്. കൂടാതെ, കൈവശ ഭൂമിയുടെ വില നോക്കാതെ കാർഷികോപകരണങ്ങൾ വാങ്ങുന്നതിനും, പശു വളർത്തൽ/കോഴി വളർത്തൽ തുടങ്ങിയവയ്ക്കു ബാങ്ക് മാനേജരുടെ വിലയിരുത്തലിനനുസരിച്ചു

ഹ്രസ്വകാലാവധി വായ്പയും നൽകാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അഞ്ചു വർഷത്തേക്ക് സംയുക്ത കെ.സി.സി. പരിധി നിർണ്ണയിക്കേണ്ടതാണ്.

വിളവിന്റെ സ്വഭാവത്തിലുള്ള മാറ്റം കൊണ്ടും, സാമ്പത്തിക അളവുകോല് വെച്ചും ഉയർന്ന പരിധി ആവശ്യമുണ്ടെങ്കിൽ, ഖണ്ഡിക 4.1ൽ കൊടുത്തിരിക്കുന്ന കണക്കിനനുസരിച്ചു പരിധി നിർണ്ണയിക്കാവുന്നതാണ് (ദൃഷ്ടാന്തം II)

**6. വിതരണം**

KCC പരിധിയിലെ ഹ്രസ്വകാല ഘടകം ചാക്രിക ക്യാഷ് ക്രെഡിറ്റ് രൂപത്തിലാണ്. ഡെബിറ്റുകൾക്കും ക്രഡിറ്റുകൾക്കും യാതൊരു നിയന്ത്രണവുമുണ്ടാവാൻ പാടില്ല. നിലവിലെ/നടപ്പു സീസണിലെ/വർഷത്തിലെ പിൻവലിക്കാനുള്ള പരിധിയിൽ താഴെ കൊടുത്തിട്ടുള്ള ഏതെങ്കിലും ഡെലിവറി ചാനൽ ഉപയോഗിച്ച് അനുവദിക്കാവുന്നതാണ്.

i. ശാഖയിൽകൂടെയുള്ള പ്രവർത്തനം.
ii. ചെക്ക് സൗകര്യം ഉപയോഗിച്ചുള്ള പ്രവർത്തനം.
iii. ATM/ ഡെബിറ്റ് കാർഡ് ഉപയോഗിച്ചുള്ള പിൻവലിക്കൽ
iv. ബിസിനെസ്സ് കറസ്പോണ്ടൻസും ബാങ്കിങ് ഔട്ട്ലറ്റും പാർട്ട് ടൈം ബാങ്കിങ് ഔട്ട്ലറ്റും വഴിയുള്ള പ്രവർത്തനം.
v. പഞ്ചസാര ഫാക്ടറിയിലും കരാർ കൃഷി കമ്പനികളിലും ലഭ്യമായിട്ടുള്ള POS യന്ത്രം ഉപയോഗിച്ചുള്ള പ്രവർത്തനം; പ്രത്യേകിച്ച് ടൈ അപ്പ് അഡ്വാൻസുകൾക്കു.
vi. ഇൻപുട് ഡീലർമാർക്കു ലഭ്യമായിട്ടുള്ള POS യന്ത്രം ഉപയോഗിച്ചുള്ള പ്രവർത്തനം;
vii. മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള കാർഷിക ഇന്പുട് ഡീലർമാരുടെ കൈമാറ്റ പ്രവർത്തനം.

കുറിപ്പ്:ബാങ്കിനും കർഷകർക്കും ഇടപാടുകൾ ചെലവ് കുറക്കുന്നതിനുവേണ്ടി (v), (vi), (vii) എന്നിവ എത്രയും പെട്ടെന്ന് നടപ്പിലാക്കേണ്ടതാണ്.

നിക്ഷേപാവശ്യങ്ങൾക്കുള്ള ദീർഘകാല വായ്പ നിജപ്പെടുത്തി തവണകളായി പിൻവലിക്കാവുന്നതാണ്.

**7. ഇലക്ട്രോണിക് കിസാൻ ക്രഡിറ് കാർഡ് വിതരണം ചെയ്യൽ**

എല്ലാ പുതിയ കിസാൻ ക്രഡിറ്റ് കാർഡുകളും, അനെക്സിന്റെ രണ്ടാം ഭാഗത്തിൽ നൽകിയിരിക്കുന്നതുപോലെ സ്മാർട്ട് കാർഡ് കം ക്രെഡിറ്റ് കാർഡ് ആയി വിതരണം ചെയ്യണം. കൂടാതെ, നിലവിലുള്ള KCC പുതുക്കുമ്പോൾ, കർഷകർക്ക് സ്മാർട്ട് കാർഡ് കം ക്രഡിറ്റ് കാർഡ് വിതരണം ചെയ്യേണ്ടതാണ്.

ഹ്രസ്വകാല വായ്പാ പരിധിയും ദീർഘകാല വായ്പാ പരിധിയും, മൊത്തം കെ.സി.സി.പരിധിയുടെ വ്യത്യസ്ത പലിശ നിരക്കും തിരിച്ചടവ് കാലാവധിയുമുള്ള രണ്ടു വ്യത്യസ്ത ഘടകങ്ങളാണ്. വ്യത്യസ്ത ഉപപരിധിയുള്ള വ്യത്യസ്ത ക്രയവിക്രയങ്ങൾ ചെയ്യാൻ കഴിയുന്ന ഉചിതമായ സോഫ്റ്റ്വെയർ സംവിധാനത്തോടുകൂടി ഒരു സംയുക്ത കാർഡ് വിതരണം ചെയ്യാൻ സാധ്യമാവുന്നതുവരെ എല്ലാ പുതിയ /പുതുക്കിയ

കാർഡിനും രണ്ടു പ്രത്യേകം ഇലക്ട്രോണിക് കാർഡ് വിതരണം ചെയ്യേണ്ടതാണ്.

**8. സാധുത/പുതുക്കൽ**

i. ബാങ്കുകൾ KCC യുടെ സാധുത കാലാവധിയും ഇടയ്ക്കുള്ള പുനരവ ലോകനവും നിർണയിക്കണം.

ii. വിളയുടെ സ്ഥല വിസ്തീർണം/സ്വഭാവം, കടമെടുത്തയാളിന്റെ പ്രകടനം എന്നിവ കണക്കിലെടുത്തു, പുനരവലോകനം ചെയ്യുമ്പോൾ ഈ സൗകര്യം തുടരുന്നതിനോ പരിധി വർധിപ്പിക്കുന്നതിനോ, പരിധി ഇല്ലായ്മ ചെയ്യാനോ ഈ സൗകര്യം തന്നെ പിൻവലിക്കാനോ ഇടയാക്കിയേക്കാം

iii. കർഷകരെ ബാധിച്ചിട്ടുള്ള പ്രകൃതി ദുരന്തം കാരണം ബാങ്കുകൾ കാലാവധി നീട്ടുകയോ, തിരിച്ചടവ് കാലാവധി പുനഃക്രമീകരിക്കുകയോ ചെയ്യുമ്പോൾ, കണക്കിലെടുത്ത കാലത്തെ പ്രവർത്തനങ്ങളുടെ നിലവാരം തൃപ്തികരമാണോ എന്ന് പരിശോധിക്കണം. അല്ലെങ്കിൽ, കാലാവധി നീട്ടുകയോ വായ്പയുടെ പരിധി വര്ധിപ്പിക്കുകയോ ചെയ്യണം. നിർദിഷ്ട കാലാവധി വർധിപ്പിക്കൽ, വിളവെടുപ്പ് കാലവും കടന്നുപോകുന്നുണ്ടെങ്കിൽ, കാലാവധി വർധിപ്പിച്ച മൊത്തം കടം, തിരിച്ചടവ് തവണ തീരുമാനിച്ചു ഒരു വ്യത്യസ്ത കാലാവധി വായ്പ അക്കൗണ്ടിലേക്കു മാറ്റണം.

**9. പലിശ നിരക്ക്**

പലിശ നിരക്ക്, Master Directions on Interest Rate on Advances നിർദ്ദേശിച്ചിട്ടുള്ളതുപോലെയായിരിക്കും.

**10. തിരിച്ചടവ് കാലാവധി:**

10.1 വായ്പ അനുവദിച്ചിട്ടുള്ള വിളയുടെ പ്രതീക്ഷിക്കുന്ന വിളവെടുപ്പിന്റെയും വിപണനത്തിന്റെയും സമയത്തിനനുസരിച്ചു ബാങ്കുകൾക്ക് തിരിച്ചടവ് കാലാവധി നിർണയിക്കാവുന്നതാണ്.

10.2 പ്രവർത്തനത്തിന്റെയും നിക്ഷേപത്തിന്റെയും സ്വഭാവത്തിന് അനുസരിച്ചു, നിക്ഷേപ വായ്പക്ക് ബാധകമായ നിലവിലുള്ള മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചു, വായ്പ സാധാരണഗതിയിൽ അഞ്ചു വർഷത്തിനകം തിരിച്ചടക്കേണ്ടതായിരിക്കും,

10.3 വായ്പ കൊടുക്കുന്ന ബാങ്കിന് അവരുടെ വിവേചനാധികാരമുപ യോഗിച്ചു നിക്ഷേപത്തിന്റെ സ്വഭാവത്തിന് അനുസരിച്ചു, കൂടുതൽ തിരിച്ചടവ് കാലാവധി അനുവദിക്കാവുന്നതാണ്.

**11. മാർജിൻ**

ബാങ്കുകൾ തീരുമാനിക്കേണ്ടതാണ്.

**12. സെക്യൂരിറ്റി /സുരക്ഷ**

12.1 റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിര്ദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സുരക്ഷ ബാധകമായിരിക്കും.

12.2 സെക്യൂരിറ്റി ആവശ്യകത താഴെ കൊടുത്തിരിക്കുന്നത് പോലെയായിരിക്കണം

i. വിളകളുടെ ഹൈപ്പോത്തിക്കഷൻ/ജാമ്യം : ഒരു ലക്ഷം വരെ പരിധിയുള്ള കാർഡിന് മാർജിൻ/സെക്യൂരിറ്റി ഒഴിവാക്കുക.

ii. തിരിച്ചു പിടിക്കാൻ ടൈ-അപ്പ്: 3 ലക്ഷം വരെ പരിധിയുള്ള കാർഡിന്റെ ഈടിൽ കൊളാറ്ററൽ സെക്യൂരിറ്റി / വസ്തു ജാമ്യം നിർബന്ധമാക്കാതെ വായ്പ അനുവദിക്കുന്ന കാര്യം ബാങ്ക് പരിഗണിക്കണം.

iii. കൊളാറ്ററൽ സെക്യൂരിറ്റി : ബാങ്കിന്റെ വിവേചനാധികാരം ഉപയോഗിച്ച് ടൈ അപ്പ് ഇല്ലെങ്കിൽ ഒരു ലക്ഷത്തിനു മുകളിലുള്ള എല്ലാ വായ്പകൾക്കും കൊളാറ്ററൽ സെക്യൂരിറ്റി/ വസ്തു ജാമ്യം വാങ്ങേണ്ടതാണ്.

iv. ബാങ്കുകൾക്ക്, ഭൂമിയുടെ രേഖകളിൽ ഓൺലൈനായി പരിശോധിക്കാൻ സൗകര്യമുള്ള സംസ്ഥാനങ്ങളിൽ അത് നിശ്ചയമായും ഉറപ്പാക്കേണ്ടതാണ്.

**13. മറ്റ് സവിശേഷതകൾ**

താഴെ പറയുന്ന കാര്യങ്ങളിൽ ഏകീകൃത മാനദണ്ഡങ്ങൾ സ്വീകരിക്കണം.

13.1 കൃത്യമായ തിരിച്ചടവ് നടത്തുന്നവർക്ക് ഭാരത സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചത് പോലുള്ള പലിശ സബ്സിഡിയോ ഇൻസെന്റിവോ ബാധകമായിരിക്കും. ഈ പദ്ധതിയുടെ ഗുണം/ആനുകൂല്യം പരമാവധി കർഷകർക്ക് ലഭിക്കത്തക്ക വിധത്തിൽ ബാങ്കുകൾ മതിയായ പ്രചാരണം/പരസ്യം നൽകേണ്ടതാണ്.

13.2 നിർബന്ധിത വിള ഇൻഷ്വറൻസ് കൂടാതെ KCC ഉടമയ്ക്ക് ആസ്തി ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്(PAIS അടക്കം), ആരോഗ്യ ഇൻഷ്വറൻസ്(ഉത്പന്നം ലഭ്യമായ പ്രദേശങ്ങളിൽ), എന്നിവയുടെ ഗുണം/മെച്ചം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യമുണ്ട്. ഇതിന്റെ പ്രീമിയം KCC അക്കൗണ്ടിൽ കൂടെ കൊടുക്കാവുന്നതുമാണ്.

13.2 പദ്ധതിയുടെ നിബന്ധനകൾക്കനുസരിച്ചു പ്രീമിയം, കർഷകനോ/ബാങ്കോ വഹിക്കേണ്ടതാണ്. ലഭ്യമായിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷയുടെ വിശദാംശങ്ങൾ കർഷക ഗുണഭോക്താക്കളെ അറിയിക്കേണ്ടതും അപേക്ഷിക്കുന്ന സമയത്തു തന്നെ അവരുടെ സമ്മതം(വിള ഇൻഷ്വറൻസ് നിർബന്ധമായതുകൊണ്ടു അതിനൊഴിച്ചു) വാങ്ങേണ്ടതുമാണ്.

13.3 KCC വായ്പ ആദ്യ തവണ സ്വീകരിക്കുമ്പോൾ കർഷകൻ ഒറ്റത്തവണ പ്രമാണവും, അതിന്ശേഷം രണ്ടാം വർഷം മുതൽ ലളിതമായ സത്യവാങ്മൂലവും (വളർന്ന/ഉദ്ദേശിച്ച വിളകളെപ്പറ്റി) സമർപ്പിക്കേണ്ടതാണ്.

**14. അക്കൗണ്ടിനെ കിട്ടാക്കടം ആയി തരംതിരിക്കൽ**

14.1 KCC പദ്ധതിയിൽ കൂടി വായ്പ കൊടുത്തിട്ടുണ്ടെങ്കിൽ, ഇൻകം റെക്കഗ്നീഷൻ (വരുമാനം അംഗീകരിക്കൽ), അസറ്റ് ക്ലാസ്സിഫിക്കേഷൻ (ആസ്തി തരംതിരിക്കൽ), പ്രൊവിഷനിങ് തുടങ്ങിയ നിലവിലെ പ്രുഡൻഷ്യൽ നോംസ് (ദീർഘവീക്ഷണമുള്ള മാനദണ്ഡങ്ങൾ) ബാധകമാണ്.

14.2 കാർഷിക വായ്പക്ക് ബാധകമായ അതെ പലിശ നിരക്കായിരിക്കും ഈടാക്കുന്നത്.

**15.** പ്രോസസിങ് ഫീസ്, പരിശോധന ചാർജുകൾ, മറ്റു ചാർജുകൾ എന്നിവ ബാങ്കുകൾക്ക് തീരുമാനിക്കാവുന്നതാണ്.

**16. കെ.സി.സി.പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിര്‍ദ്ദേശങ്ങൾ നടപ്പിലാക്കുമ്പോഴുള്ള മറ്റു നിബന്ധനകൾ.**

16.1 കർഷകൻ അയാളുടെ ഉല്പന്നത്തിന്‍റെ വെയർഹൗസ് രസീതിയുമായി വായ്പക്ക് അപേക്ഷിക്കുകയാണെങ്കിൽ, അത്തരം അപേക്ഷകൾ നിലവിലുള്ള നടപടിക്രമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചു പരിഗണിക്കേണ്ടതാണ്. എന്നിരുന്നാലും, അത്തരം വായ്പകൾ അനുവദിക്കുകയാണെങ്കിൽ, അവ, വിള വായ്പയുണ്ടെങ്കിൽ അതുമായി ബന്ധിപ്പിക്കുകയും വിള വായ്പ അക്കൗണ്ടിൽ കുടിശ്ശികയുണ്ടെങ്കിൽ, കര്‍ഷകന് താല്പര്യമുണ്ടെങ്കിൽ, അവ, പണയ വായ്പ കൊടുക്കുന്ന അവസരത്തിൽ തീർപ്പാക്കാവുന്നതുമാണ്.

16.2 നാഷണൽ പേയ്മെന്‍റ് കോർപറേഷൻ ഓഫ് ഇന്ത്യ എല്ലാ ബാങ്കുകൾക്കും അവരുടെ ബ്രാണ്ടിങ്ങോടുകൂടി, സ്വീകരിക്കാൻ കഴിയുന്ന കാർഡ് രൂപകൽപന ചെയ്യുന്നതായിരിക്കും.

**വിശദീകരണം I**

**എ. ഒരു വർഷത്തിൽ ഒന്നിലധികം വിളകൾ കൃഷി ചെയ്യുന്ന ചെറുകിട കർഷകൻ.**

**1. സങ്കല്പങ്ങൾ/ അനുമാനങ്ങൾ**

എ. ഉടമസ്ഥതയിലുള്ള ഭൂമി : 2 ഏക്കർ

ബി. വിളകളുടെ സ്വഭാവം

നെല്ല് - 1 ഏക്കർ(ധനസഹായം കൂടിയത്) ഒരു ഏക്കറിനുള്ള വിള ഇൻഷ്വറൻസ് : 11,000 രൂപ

കരിമ്പ് - 1 ഏക്കർ(ധനസഹായം കൂടിയത്) ഒരു ഏക്കറിനുള്ള വിള ഇൻഷ്വറൻസ് : 22,000 രൂപ

സി. നിക്ഷേപം/അനുബന്ധ പ്രവർത്തനങ്ങൾ

i.. ഒന്നാം വർഷത്തിൽ 1 + 1 ക്ഷീര യൂണിറ്റ് സ്ഥാപിക്കൽ ( യൂണിറ്റ് ചെലവ് ) : 20,000 രൂപ ഓരോ മൃഗത്തിനും

ii. മൂന്നാമത്തെ വർഷത്തിൽ യൂണിറ്റ് ചെലവ് : 30,000 രൂപ

2. (i) വിള വായ്പയുടെ ഘടകങ്ങൾ

ഒരേക്കറിൽ നെല്ലും ഒരേക്കറിൽ കരിമ്പും കൃഷി

ചെയ്യാനുള്ള ചെലവ് (11,000,+22,000) 33,000 രൂപ

അധികം : 10% വിളവെടുപ്പിനു ശേഷം/ഗാർഹിക ചെലവുകൾ/ ഉപഭോഗം 3,300 രൂപ

അധികം : 20% കൃഷി ഭൂമി പരിപാലനത്തിന് : 6,600 രൂപ
**ഒന്നാം വർഷത്തിൽ ആകെ വിള വായ്പ പരിധി 42,900 രൂപ**

**രണ്ടാം വർഷത്തിലെ വായ്പ പരിധി**

അധികം : പരിധിയുടെ 10% ചെലവ് വർദ്ധനയ്ക്കു ധന സഹായ ത്തിലുള്ള വർദ്ധനവ്(42900 ത്തിന്റെ10% അതായതു 4300) : 4,300 രൂപ

47,200 രൂപ

**മൂന്നാം വർഷത്തിലെ വായ്പ പരിധി**

അധികം : പരിധിയുടെ 10% ചെലവ് വർദ്ധനയ്ക്കു ധന സഹായ ത്തിലുള്ള വർദ്ധനവ്(47200 ന്റെ10% അതായതു 4700) : 4,700 രൂപ

51,900 രൂപ

**നാലാം വർഷത്തിലെ വായ്പ പരിധി**

അധികം : പരിധിയുടെ 10% ചെലവ് വർദ്ധനയ്ക്കു ധന സഹായ ത്തിലുള്ള വർദ്ധനവ്(51900 ത്തിന്റെ10% അതായതു 5200) : 5,200 രൂപ

57,100 രൂപ

**അഞ്ചാം വർഷത്തിലെ വായ്പ പരിധി**

അധികം : പരിധിയുടെ 10% ചെലവ് വർദ്ധനയ്ക്കു ധന സഹായ ത്തിലുള്ള വർദ്ധനവ്(57100 ന്റെ 10% അതായതു 5700) : 5,700 രൂപ

62,800 രൂപ

**അതായതു എ) : 63,000 രൂപ**

**(ii) കാലാവധി വായ്പ ഘടകം :**

ഒന്നാം വർഷം : ഒന്നിന്റെ വില + ഒരു മിൽക്ക് യൂണിറ്റ്: 40,000 രൂപ

മൂന്നാം വർഷം : പമ്പ് സെറ്റ് മാറ്റിസ്ഥാപിക്കൽ 30,000 രൂപ

ആകെ കാലാവധി വായ്പ തുക ...... (ബി) 70,000 രൂപ

പരമാവധി അനുവദനീയ പരിധി :1,33,000രൂപ

കിസാൻ ക്രെഡിറ്റ് കാർഡ് പരിധി (എ) + (ബി):1.33 ലക്ഷം രൂപ

**കുറിപ്പ്** : കാലാവധി വായ്പയുടെ തിരിച്ചടവ് ഷെഡ്യൂളിന് അനുസരിച്ചു പിൻവലിക്കാനുള്ള പരിധി ഓരോ വർഷവും കുറച്ചു കൊണ്ടുവരും. പിൻവലിക്കാനുള്ള പരിധി വരെ പിൻവലിക്കാൻ അനുവദിക്കും.

**ബി ഒരു വർഷത്തിൽ ഒന്നിലധികം വിളകൾ കൃഷി ചെയ്യുന്ന** മറ്റു **കർഷകൻ**

1. സങ്കല്പങ്ങൾ/ അനുമാനങ്ങൾ

2. ഉടമസ്ഥതയിലുള്ള ഭൂമി : 10 ഏക്കർ

3.. വിളകളുടെ സ്വഭാവം

നെല്ല് - 5 ഏക്കർ(ധനസഹായം അധികം ഒരു ഏക്കറിനുള്ള വിള ഇൻഷ്വറൻസ്) : 11,000 രൂപ പിന്തുടർന്ന്

നിലക്കടല - 5 ഏക്കർ(ധനസഹായം അധികം ഒരു ഏക്കറിനുള്ള വിള ഇൻഷ്വറൻസ്) : 10,000 രൂപ

കരിമ്പ് - 5 ഏക്കർ(ധനസഹായം അധികം ഒരു ഏക്കറിനുള്ള വിള ഇൻഷ്വറൻസ്) : 22,000 രൂപ

4. നിക്ഷേപം/അനുബന്ധ പ്രവർത്തനങ്ങൾ

i.. ഒന്നാം വർഷത്തിൽ 1 + 1 ക്ഷീര യൂണിറ്റ് സ്ഥാപിക്കൽ ( യൂണിറ്റ് ചെലവ് : 50,000 രൂപ)

ii.ഒന്നാം വർഷത്തിൽ ട്രാക്ടർ വാങ്ങിക്കുന്നതിനുള്ള തുക : 30,000 രൂപ

**2. കാർഡിന്റെ പരിധി വിലയിരുത്തൽ**

(i) വിള വായ്പയുടെ ഘടകങ്ങൾ

5 ഏക്കറിൽ നെല്ലും 5 ഏക്കറിൽ കരിമ്പും 5 ഏക്കറിൽ നിലക്കടലയും കൃഷി ചെയ്യാനുള്ള ചെലവ് (11,000,+22,000) : 2,15,000 രൂപ

അധികം : 10% വിളവെടുപ്പിനു ശേഷം/ഗാർഹിക ചെലവുകൾ/ ഉപഭോഗം 21,500 രൂപ
അധികം : 20% കൃഷി ഭൂമി പരിപാലനത്തിന് : 43,000 രൂപ
**ഒന്നാം വർഷത്തിൽ ആകെ വിള വായ്പ പരിധി:2,79,500 രൂപ**

**രണ്ടാം വർഷത്തിലെ വായ്പ പരിധി**

അധികം : പരിധിയുടെ 10% ചെലവ് വർദ്ധനയ്ക്കു ധന സഹായത്തിലുള്ള വർദ്ധനവ്(2,79,500 ത്തിന്റെ10% അതായതു 27,950) : 27,950 രൂപ

3,07,450 രൂപ

**മൂന്നാം വർഷത്തിലെ വായ്പ പരിധി**
അധികം : പരിധിയുടെ 10% ചെലവ് വർദ്ധനയ്ക്കു ധന സഹായ ത്തിലുള്ള വർദ്ധനവ്(3,07,450 ന്റെ10% അതായതു 30,750): 30,750 രൂപ

3,38,200 രൂപ

**നാലാം വർഷത്തിലെ വായ്പ പരിധി**
അധികം : പരിധിയുടെ 10% ചെലവ് വർദ്ധനയ്ക്കു ധന സഹായ ത്തിലുള്ള വർദ്ധനവ്(3,38,200 ന്റെ10% അതായതു 33,800): 33,800 രൂപ

3,72,000 രൂപ

**അഞ്ചാം വർഷത്തിലെ വായ്പ പരിധി**
അധികം : പരിധിയുടെ 10% ചെലവ് വർദ്ധനയ്ക്കു ധന സഹായ ത്തിലുള്ള വർദ്ധനവ്(3,72,000 ത്തിന്റെ 10% അതായതു 37,200) : 37,200 രൂപ

4,09,200 രൂപ

**അതായതു എ) : 4,09,000 രൂപ**

**(ii) കാലാവധി വായ്പ ഘടകം :**
ഒന്നാം വർഷം :ഒന്നിന്റെ വില +ഒരു മിൽക്ക് യൂണിറ്റ്: 1,00,000 രൂപ

ട്രാക്ടർ വാങ്ങൽ 6,00,000 രൂപ
ആകെ കാലാവധി വായ്പ തുക ...... (ബി) 7,00,000 രൂപ
**പരമാവധി അനുവദനീയ പരിധി /**
**കിസാൻ ക്രെഡിറ്റ് കാർഡ് പരിധി (എ) + (ബി)** :11,09,000 രൂപ

കാലാവധി വായ്പയുടെ തിരിച്ചടവ് ഷെഡ്യൂളിന് അനുസരിച്ചു പിൻവലിക്കാനുള്ള പരിധി ഓരോ വർഷവും കുറച്ചു കൊണ്ടുവരും. പിൻവലിക്കാനുള്ള പരിധി വരെ പിൻവലിക്കാൻ അനുവദിക്കും.

**വിശദീകരണം II**

**കിസാൻ ക്രെഡിറ്റ് കാർഡിന്റെ പരിധി വിലയിരുത്തൽ**

**1. ഒരു വർഷത്തിൽ ഒരു വിള മാത്രം കൃഷി ചെയ്യുന്ന നാമമാത്ര കർഷകൻ.**

**1. സങ്കല്പങ്ങൾ/ അനുമാനങ്ങൾ**

1. ഉടമസ്ഥതയിലുള്ള ഭൂമി : 1 ഏക്കർ
2.. കൃഷി ചെയ്യുന്ന വിള /വിളയുടെ സ്വഭാവം : നെല്ല് - (ധനസഹായം അധികം ഒരു ഏക്കറിനുള്ള വിള ഇൻഷ്വറൻസ്) : 11,000 രൂപ
3. 5 വർഷത്തേക്ക് വിളയുടെ സ്വഭാവത്തിന് യാതൊരു മാറ്റവുമില്ല.
4. സാമ്പത്തിക സഹായം നൽകേണ്ട ബന്ധപ്പെട്ട പ്രവർത്തനങ്ങൾ - പാല് തരുന്ന ഏതെങ്കിലും / പേര് പറയാത്ത ഒരു മൃഗം ( യൂണിറ്റ് വില 15,000 രൂപ)

2. **കാർഡിന്റെ പരിധി വിലയിരുത്തൽ**

**(i) വിള വായ്പയുടെ ഘടകങ്ങൾ**

(ഒരേക്കറിൽ നെല്ല് കൃഷി ചെയ്യാനുള്ള ചെലവ്) 11,000 രൂപ

അധികം : 10% വിളവെടുപ്പിനു ശേഷം/ഗാർഹിക
ചെലവുകൾ/ ഉപഭോഗം : 1,100 രൂപ
അധികം : 20% കൃഷി ഭൂമി പരിപാലനത്തിന് :2,200 രൂപ
**ഒന്നാം വർഷത്തിൽ ആകെ വിള വായ്പ പരിധി : 14,300 രൂപ . (എ)1)**

**(ii) കാലാവധി വായ്പ ഘടകം :**
പാല് തരുന്ന ഒരു മൃഗത്തിന്റെ വില : 15,000 രൂപ
ഒന്നാം വർഷത്തിൽ കോമ്പോസിറ് കെ.സി.സി.
പരിധി (എ)+(ബി) : 29,300 രൂപ
**രണ്ടാം വർഷം**
വിള വായ്പയുടെ ഘടകങ്ങൾ
എ1 അധികം ചെലവ് വർദ്ധന നേരിടാൻ/ധന സഹായ ത്തിലുള്ള വർദ്ധനവ് വിള വായ്പാ പരിധിയുടെ (എ)1)10%(14,300+14.300 ന്റെ 10% = 1430 15,730 രൂപ...**(എ)2)**
**രണ്ടാം** വർഷത്തിൽ കോമ്പോസിറ് കെ.സി.സി.
പരിധി (എ)2)+(ബി) (15730+15000) : 30,730 രൂപ
**മൂന്നാം വർഷം :**

**വിള വായ്പയുടെ ഘടകങ്ങൾ**
**എ)2** അധികം ചെലവ് വർദ്ധന നേരിടാൻ/ധന സഹായ ത്തിലുള്ള വർദ്ധനവ് വിള വായ്പാ പരിധിയുടെ (**എ)2**)10%(15,730+15,730 ത്തിന്റെ 10%=1570) 17,300രൂപ..( **എ)3)**
**മൂന്നാം** വർഷത്തിൽ കോമ്പോസിറ് കെ.സി.സി.
പരിധി **(എ)3)+(ബി)** (17300+15000) : 32,300 രൂപ

**നാലാം വർഷം :**

**വിള വായ്പയുടെ ഘടകങ്ങൾ**
**എ)3** അധികം ചെലവ് വർദ്ധന നേരിടാൻ/ധന സഹായ ത്തിലുള്ള വർദ്ധനവ് വിള വായ്പാ പരിധിയുടെ (**എ)3**)10%(17,300+17,300 ന്റെ 10% = 1730) :19,030 രൂപ..( **എ)4)**
**നാലാം** വർഷത്തിൽ കോമ്പോസിറ് കെ.സി.സി.
പരിധി **(എ)4)+(ബി)** (19,030+15000) : 34,030 രൂപ

**അഞ്ചാം വർഷം :**

**വിള വായ്പയുടെ ഘടകങ്ങൾ**
**എ)4** അധികം ചെലവ് വർദ്ധന നേരിടാൻ/ധന സഹായ ത്തിലുള്ള വർദ്ധനവ് വിള വായ്പാ പരിധിയുടെ (**എ)4**)10%(19,030+19,030 ത്തിന്റെ 10%=1,900):20,930 രൂപ..( **എ)5)**
**അഞ്ചാം** വർഷത്തിൽ കോമ്പോസിറ് കെ.സി.സി.
പരിധി **(എ)5)+(ബി)** (20,930+15000) : 35,930 രൂപ

**പരമാവധി അനുവദനീയ പരിധി**

കോമ്പോസിറ്റ് കെ.സി.സി. പരിധി : 36,000 രൂപ എന്ന് വെക്കാം

**കുറിപ്പ്** : മേൽ പറഞ്ഞ എല്ലാ ചെലവുകളും പ്രകടമായിട്ടുള്ളതാണ്. വായ്പ പരിധി അന്തിമമായി തീരുമാനിക്കുമ്പോൾ, ശുപാർശ ചെയ്തിട്ടുള്ള ധനസഹായത്തിന്റെ അളവ് / യൂണിറ്റിന്റെ ചെലവ് എന്നിവ കണക്കിലെടുക്കേണ്ടതാണ്.

## വിതരണ രീതികൾ - സാങ്കേതിക സവിശേഷതകൾ

### 1. കാർഡുകൾ വിതരണം ചെയ്യൽ

ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് സ്മാർട്ട് കാർഡ്/ഡെബിറ്റ് കാർഡ് (ATM ലും കൈകൊണ്ടു കൈകാര്യം ചെയ്യുന്ന സ്വൈപ് യന്ത്രങ്ങളിലും ഉപയോഗിക്കാൻ കഴിയുന്നതും കർഷകരുടെ തിരിച്ചറിയൽ, ആസ്തികൾ/ സ്വത്തുക്കൾ, കൈവശമുള്ള ഭൂമി, വായ്പാ വിവരങ്ങൾ തുടങ്ങി ആവശ്യമുള്ള എല്ലാ വിവരങ്ങളും സൂക്ഷിക്കാൻ കഴിവുള്ള ബയോമെട്രിക് സ്മാർട്ട് കാർഡ്) വിതരണം ചെയ്യുന്നതാണ്. KCC ഉള്ള എല്ലാവർക്കും താഴെ പറയുന്ന പ്രകാരമുള്ള ഒന്നോ അതിലധികമോ കാർഡുകൾ വിതരണം ചെയ്യേണ്ടതാണ്.

### 2. കാർഡുകളുടെ സ്വഭാവം

എല്ലാ ബാങ്കിന്റെ ATM ലും മൈക്രോ ATM ലും ഉപയോഗിക്കാൻ കഴിയുന്ന PIN(പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ) ഓട് കൂടിയതും ഒരു ISO IIN(ഇന്റർനാഷണൽ സ്റ്റാൻഡേർഡ്സ് ഓർഗനൈ സേഷൻ ഇന്റർനാഷണൽ ഐഡന്റിഫിക്കേഷൻ നമ്പർ) ഓട് കൂടിയതുമായ ഒരു കാന്തിക സ്ട്രിപ്പ് കാർഡ്.

UIDAI(ആധാർ ആധികാരികത) യുടെ കേന്ദ്രീകൃത ബയോമെട്രിക് ഓതെന്റിക്കേഷൻ ഇൻഫ്രാസ്ട്രക്ക്ചെർ ഉപയോഗപ്പെടുത്താൻ ബാങ്കുകൾക്കു താത്പര്യമുണ്ടെങ്കിൽ UIDAI യുടെ ബയോമെട്രിക് ഓതെന്റിക്കേഷനോടുകൂടി കാന്തിക സ്ട്രിപ്പോടുകൂടിയതും ISO/IIN ഓട് കൂടിയ PIN ഉള്ള ഡെബിറ്റ് കാർഡുകൾ കൊടുക്കാവുന്നതാണ്.

ബാങ്കിന്റെ ഉപഭോക്താവിന്റെ നിലവാരം അനുസരിച്ചു കാന്തിക സ്ട്രിപ്പോടുകൂടിയതും ബയോമെട്രിക് ഓതെന്റിക്കേഷനോടുകൂടിയ ഡെബിറ്റ് കാർഡും വിതരണം ചെയ്യാവുന്നതാണ്. UIDAI വ്യാപകമാവുന്നതുവരെ, ബാങ്കുകൾക്ക് മറ്റു ബാങ്കുകളുമായി പരസ്പര ഇടപാടുകളില്ലാതെ പ്രവർത്തിച്ചു തുടങ്ങണമെന്നുണ്ടെങ്കിൽ നിലവിലുള്ള കേന്ദ്രീകൃത ജൈവമെട്രിക് ഇൻഫ്രാസ്ട്രക്ക്ചെർ ഉപയോഗിച്ച് അങ്ങനെ ചെയ്യാവുന്നതാണ്.

ബാങ്കുകൾക്ക്, EMV(യൂറോപേ, മാസ്റ്റർ കാർഡ്, വിസ) യോ കാന്തിക സ്ട്രിപ്പും ISO/IIN ഓട് കൂടിയ PIN ഓട് കൂടിയ റുപേ കംപ്ലിമെന്റ് ചിപ്പ് കാർഡോ വിതരണം ചെയ്യാനായി തിരഞ്ഞെടുക്കാവുന്നതാണ്.

കൂടാതെ ബയോമെട്രിക് ആധികാരികതയും സ്മാർട്ട് കാർഡും IDRBT യും IBA യും നിർദ്ദേശിച്ചിട്ടുള്ള പൊതുവായ നിലവാരം പാലിക്കേണ്ടതാണ്. കൂടാതെ, അവർ അവരുടെ ഉത്പന്നങ്ങൾ വില്പന നടത്തുമ്പോൾ, വില്പന മൂല്യം അവരുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടാനും സഹായകമാകുന്നു.

**3. ഡെലിവറി ചാനലുകൾ/ രീതികൾ**

കൃഷിക്കാരെ അവരുടെ ക്രയവിക്രയ പ്രവർത്തനങ്ങൾ കിസാൻ ക്രെഡിറ്റ് കാർഡിൽകൂടെ ചെയ്യാൻ, ഒരു തുടക്കം എന്ന നിലയിൽ താഴെ പറയുന്ന ഡെലിവറി ചാനലുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

1. ATM ൽ കൂടിയോ മൈക്രോ ATM ൽ കൂടിയോ പിൻവലിക്കൽ
2. BC യിൽ കൂടി സ്മാർട്ട് കാർഡുപയോഗിച്ചു പിൻവലിക്കൽ
3. ഇൻപുട് ഡീലറുകളുടെ POS മെഷീൻ ഉപയോഗിച്ച്
4. IMPS ശേഷിയുള്ള മൊബൈൽ ഫോണുപയോഗിച്ചു/IVR (ഇന്ററാക്ടിവ് ശബ്ദ പ്രതികരണം) ഉപയോഗിച്ചു

**4. മൊബൈൽ ബാങ്കിങ്/മറ്റു ചാനലുകൾ**

ബാങ്കുകൾക്കിടയിൽ ഫണ്ട് കൈമാറ്റം ചെയ്യാൻ ഇന്റർ-ഓപെറബിൾ IMPS ഉപയോഗിക്കാനും കാർഷിക ഉത്പന്നങ്ങൾ വാങ്ങാനുള്ള അധിക കഴിവ് പോലെയുള്ള വ്യാപാര സംബന്ധമായ കൊടുക്കൽ ഇടപാടുകൾ നടത്താനും ഉപയോക്താവിനെ പ്രാപ്തരാക്കാൻ, കാർഡുകളും അക്കൗണ്ടുകളും മൊബൈൽ ബാങ്കിങ് നടത്താൻ സജ്ജമാക്കുകയും അതുപോലെ ഇന്റെർബാങ്ക് മൊബൈൽ പേയ്മെന്റ് സർവീസ്(NPCI യുടെ IMPS) ചെയ്യാൻ കഴിയുന്ന സംവിധാനവും ചെയ്തുകൊടുക്കണം.

വിശാലവും സുരക്ഷിതവുമായ സ്വീകാര്യതക്കുവേണ്ടി ഈ മൊബൈൽ ബാങ്കിങ് അനൗപചാരികമായ അനുബന്ധ ഡാറ്റ/വിവരങ്ങൾ (USSD)

അടിത്തറയിലായിരിക്കണം/പ്ലാറ്റഫോമിലായിരിക്കണം. അടുത്തയിടെയുണ്ടായിട്ടുള്ള ഇടപാടിന്റെ പരിധിയിലുള്ള ഇളവ് ഉപയോഗപ്പെടുത്താൻ, മറ്റു പൂർണവും എൻക്രിപ്ട് ചെയ്ത മോഡുകൾ (അപേക്ഷയിലധിഷ്ഠിധമോ SMS ലധിഷ്ഠിധമോ) ബാങ്കുകൾക്ക് ഇത് വാഗ്ദാനം ചെയ്യാവുന്നതാണ്. ഇടപാടിന്റെ പരിധിയിലുള്ള RBI നിയമങ്ങൾക്കു വിധേയമായി, ബാങ്കുകൾക്ക് എൻക്രിപ്ട് ചെയ്യാത്ത മൊബൈൽ ബാങ്കിങ്ങും വാഗ്ദാനം ചെയ്യാവുന്നതാണ്.

MPIN വഴി ആധികാരിതയോടെ SMS അടിസ്ഥാനമാക്കിയുള്ള സൗകര്യങ്ങൾ ഉപയോഗിച്ചു KCC ഉപയോഗത്തിലെ ഇടപാടുകളെ പ്രാപ്തമാക്കാൻ പറ്റിയ മൊബൈൽ അടിസ്ഥാനമാക്കിയുള്ള ഇടപാടുകളുടെ പ്ലാറ്റഫോം അത്യാവശ്യമാണ്. സുതാര്യതയും സരക്ഷിതത്വവും ഉറപ്പുവരുത്താൻ വേണ്ടി അത്തരം പരിഹാര മാർഗ്ഗങ്ങൾ പ്രാദേശിക ഭാഷകളിൽ ഇന്ററാക്ടിവ് വോയിസ് റെസ്പോൺസിൽ (IVR) പ്രാപ്തമാക്കേണ്ടതാണ്.

ബോധവത്കരണത്തിലൂടെയും ഉചിതമായ ഉപഭോക്തൃ വിദ്യാഭ്യാസം നൽകിയും മൊബൈൽ അടിസ്ഥാനമാക്കിയ അത്തരം പേയ്മെന്റ് സംവിധാനം എല്ലാ ബാങ്കുകളും പ്രോത്സാഹിപ്പിക്കേണ്ടതാണ്.

ഇപ്പോൾ ബാങ്കുകൾക്ക് ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് എല്ലാ കെ സി സി ഉടമസ്ഥർക്കും താഴെ പറയുന്ന കാർഡുകളിൽ ഒന്നോ അല്ലെങ്കിൽ ഒന്നിൽ കൂടുതൽ കാർഡുകൾ സംയോജിപ്പിച്ചതോ നൽകേണ്ടതാണ്.

1. കർഷകർക്ക് അവരുടെ പരിധിക്കകത്തു നിന്നുകൊണ്ട് എല്ലാ ബാങ്കിന്റെയും എ ടി എം ലും മൈക്രോ എ ടി എം ലും ഉപയോഗിക്കാൻ കഴിയുന്ന ഡെബിറ്റ് കാർഡ് (കാന്തിക സ്ട്രിപ്പോടുകൂടിയതും പി ഐ എൻ ഉള്ളതും)

2. കാന്തിക സ്ട്രിപ്പും ബയോമെട്രിക് ആധികാരികതയുമുള്ള ഡെബിറ്റ് കാർഡ്.

3. ബിസിനെസ്സ് കറസ്പോണ്ടന്റ്സ്, ഇൻപുട് ഡീലേഴ്സ് , വ്യാപാരികൾ, മാന്തിസ് എന്നിവരുടെ കൈവശമുള്ള പി ഓ എസ് മെഷിനിൽകൂടി ഇടപാടുകൾ ചെയ്യാൻ കഴിയുന്ന സ്മാർട്ട് കാർഡ്.

4. കാന്തിക സ്ട്രിപ്പും ഐ എസ് ഓ ഐ ഐ എൻ ഒടുകൂടി പി ഐ എൻ ഉള്ള ഇ എം വി ക്കു അനുസൃതമായ ചിപ്പ് കാർഡ്.

കൂടാതെ, കാൾ സെന്ററോ ഇന്ററാക്ടിവ് വോയിസ് റെസ്പോൺസ്(IVR) ഉള്ള ബാങ്കുകൾ ഐ വി ആർ ഇൽകൂടെ മൊബൈൽ പി ഐ എൻ (MPIN) പരിശോധിക്കാനും തിരിച്ചു വിളിക്കാനും സൗകര്യമുള്ള മൊബൈൽ ബാങ്കിങ് സൗകര്യം കൊടുക്കാവുന്നതാണ്. അങ്ങിനെ എസ് എം എസ് അടിസ്ഥാനമാക്കിയുള്ള ഒരു മൊബൈൽ ബാങ്കിങ് സംവിധാനം എല്ലാ കാർഡുടമസ്ഥർക്കും നൽകാവുന്നതാണ്.

## ഭാഗം II - പ്രകൃതി ദുരന്തങ്ങൾ അനുഭവപ്പെട്ട പ്രദേശങ്ങളിൽ ബാങ്കുകളുടെ ദുരിതാശ്വാസ പ്രവർത്തനം

**പശ്ചാത്തലം**

കാലാകാലങ്ങളിൽ ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ മനുഷ്യ ജീവിതത്തിൽ അതിഭയങ്കര ആഘാതം ഏല്പിക്കുകയും, രാജ്യത്തിന്റെ പല ഭാഗത്തും സാമ്പത്തിക മേഖലകളിൽ വ്യാപകമായ നാശനഷ്ടങ്ങൾ സൃഷ്ടിക്കുകയും ചെയ്യാറുണ്ട്. പ്രകൃതി ദുരന്തങ്ങളിൽ സംഭവിച്ച ദുരിതങ്ങളിൽ നിന്നും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് എല്ലാ മേഖലകളിൽ നിന്നും കൂട്ടായ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ആവശ്യമുണ്ട്. കേന്ദ്ര, സംസ്ഥാന, പ്രാദേശിക ഭരണകർത്താക്കൾ പ്രകൃതി ദുരന്തത്തിൽ അകപ്പെട്ട ജനങ്ങളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാറുണ്ട്. സ്മാൾ ഫൈനാൻസ് ബാങ്കുകൾ ഉൾപ്പെടെയുള്ള വാണിജ്യ ബാങ്കുകൾ നിർവ്വഹിക്കേണ്ട വികസനപരമായ ഉത്തരവാദിത്തം, പ്രകൃതി ദുരന്തം ഉണ്ടായതുകാരണം താറുമാറായ സാമ്പത്തിക പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കാൻ ക്രിയാത്മകമായ പിന്തുണ നൽകലാണ്.

ദേശീയ ദുരന്ത നിവാരണ ചട്ടക്കൂട് (നാഷണൽ ഡിസാസ്റ്റർ മാനേജ്മന്റ് ഫ്രെയിം വർക്ക്) അനുസരിച്ചു ദുരന്തം ബാധിച്ച മേഖലകളിൽ ദുരിതാശ്വാസം എത്തിക്കാൻ വേണ്ടി ദേശീയ ദുരന്ത പ്രതികരണ ഫണ്ട്( National Disaster Response Fund), സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ട്(Statel Disaster Response Fund) എന്നീ രണ്ടു നാണയനിധികൾ രൂപീകരിച്ചിട്ടുണ്ട്. ഈ ചട്ടക്കൂട് നിലവിൽ 12 തരത്തിലുള്ള പ്രകൃതി ദുരന്തങ്ങൾ അംഗീകരിച്ചിട്ടുണ്ട്. - ചുഴലിക്കാറ്റ്, വരൾച്ച, ഭൂകമ്പം, അഗ്നി, വെള്ളപ്പൊക്കം, സുനാമി, മണ്ണിടിച്ചിൽ, മഞ്ഞുവീഴ്ച, മേഘവിസ്ഫോടനം, കീടങ്ങളുടെ ആക്രമണം, തണുത്ത തിരമാല/ മഞ്ഞു എന്നിവ. ഈ 12 എണ്ണത്തിൽ വരൾച്ച, മണ്ണിടിച്ചിൽ, കീടങ്ങളുടെ ആക്രമണം, തണുത്ത തിരമാല/ മഞ്ഞു എന്നീ 4 ദുരന്തങ്ങൾക്ക് കൃഷി മന്ത്രാലയമാണ് നോഡൽ പോയിന്റ്. ശേഷിച്ച 8 ദുരന്തങ്ങൾക്ക് ആഭ്യന്തര മന്ത്രാലയമാണ് ആവശ്യമായ ഭരണ സംവിധാനം ഒരുക്കാനുള്ള നോഡൽ മന്ത്രാലയം. ദുരന്തം ബാധിച്ച ജനങ്ങൾക്ക് സബ്സിഡി നൽകുവാനും ചെറുകിട, നാമമാത്ര കർഷകർക്ക് ആശ്വാസം എത്തിക്കാനും മന്ത്രാലയങ്ങൾ കാലാകാലങ്ങളിൽ ധാരാളം നടപടികൾ എടുത്തുവരുന്നുണ്ട്.

നിലവിലുള്ള വായ്പ പുനഃക്രമീകരിച്ചും വായ്പയെടുക്കുന്നയാളിന്റെ ആവശ്യങ്ങൾക്കനുസരിച് പുതിയ വായ്പകൾ അനുവദിച്ചും ആശ്വാസ നടപടികൾ കൈക്കൊള്ളുകയാണ് സ്മാൾ ഫൈനാൻസ് ബാങ്കുകൾ ഉൾപ്പെടെയുള്ള വാണിജ്യ ബാങ്കുകൾ നിർവ്വഹിക്കേണ്ട ഉത്തരവാദിത്തം, ഏകീകൃതമായ, ചടുലമായ നടപടികൾ പെട്ടെന്ന് കൈക്കൊള്ളുവാൻ ബാങ്കുകളെ പ്രാപ്തരാക്കുന്നതിനു (i) സ്ഥാപന ചട്ടക്കൂട്, (ii) നിലവിലുള്ള വായ്പകളുടെ പുനഃക്രമീകരണം, (iii) പുതിയ വായ്പകൾ നൽകുക (IV) മറ്റു സഹായ ആശ്വാസ നടപടികൾ എന്നീ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**സ്ഥാപന ചട്ടക്കൂട്**

**3.1 പ്രകൃതി ദുരന്തങ്ങൾ കൈകാര്യം ചെയ്യാനുള്ള നയവും നടപടിക്രമങ്ങളും രൂപീകരിക്കുക.**

പ്രകൃതി ദുരന്തത്തിന്റെ മേഖല, സംഭവിക്കുന്ന സമയം, തീവ്രത എന്നിവ മുൻകൂട്ടി കാണാൻ കഴിയില്ല. അതുകൊണ്ടു, വളരെ വേഗത്തിലും സമയനഷ്ടം കൂടാതെയും ആശ്വാസ നടപടികൾ എത്തിക്കുന്നു

എന്നുറപ്പുവരുത്താൻ ബാങ്കിന്റെ ഡയറക്ടർ ബോർഡ് അംഗീകരിച്ച ഒരു പ്രവർത്തന മാർഗ്ഗരേഖ എല്ലാ ബാങ്കുകൾക്കും നിർബന്ധമായും ഉണ്ടായിരിക്കണം. അതുകൊണ്ടു, എല്ലാ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെയും സ്മാൾ ഫൈനാൻസ് ബാങ്കുകളുടെയും എല്ലാ ഡിവിഷണൽ / സോണൽ ഓഫീസുകൾക്കും ശാഖകൾക്കും ഈ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പരിചിതമായിരിക്കണം. ഈ നിർദ്ദേശങ്ങൾ ജില്ലാ സംസ്ഥാന അധികാരികൾ ആവശ്യമായ സത്യവാങ്മൂലം സമർപ്പിക്കുന്നതോടുകൂടി ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്. ദുരന്ത ബാധിത പ്രദേശങ്ങളിൽ ബന്ധപ്പെട്ട എല്ലാ അധികാരികളും കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചു ബോധവാന്മാരാണ് എന്നുറപ്പാക്കാൻ, ഈ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിനും ജില്ലാ കളക്ടർമാർക്കും ലഭ്യമാക്കേണ്ടത് അത്യാവശ്യമാണ്.

**3.2 ബാങ്കുകളുടെ ഡിവിഷണൽ / സോണൽ മാനേജര്മാര്ക്കുള്ള വിവേചനാധികാരം**

ജില്ലാതല കൂടിയാലോചനാ സമിതി / സംസ്ഥാനതല ബാങ്കേഴ്സ് സമിതി എന്നിവ തീരുമാനിച്ച നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടു കേന്ദ്ര ഓഫീസിൽനിന്നു പുതിയ അംഗീകാരം തേടേണ്ട ആവശ്യം ഒഴിവാക്കുന്നതിനുവേണ്ടി ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ / സ്മാൾ ഫൈനാൻസ് ബാങ്കുകളുടെ ഡിവിഷണൽ / സോണൽ മാനേജർമാർക്ക് ചില വിവേചനാധികാരം നൽകിയിരിക്കണം. ഇത്തരം വിവേചനാധികാരം വായ്പ ഏറ്റെടുക്കൽ, വായ്പാ കാലാവധി കൂട്ടുക, മാർജിൻ, സുരക്ഷ, വായ്പയെടുക്കുന്നയാളിന്റെ പഴയ വായ്പയിൽ നിന്നുണ്ടാകുന്ന മൊത്തം ബാദ്ധ്യത കണക്കിലെടുത്തു പുതിയ വായ്പ അനുവദിക്കൽ തുടങ്ങിയ അവസരങ്ങളിൽ വളരെ അത്യന്താപേക്ഷിതമായിരിക്കും. മുൻപ് വായ്പ എടുത്ത വസ്തുവകകൾക്കു കേടുപാടുകൾ സംഭവിക്കുകയോ പ്രകൃതി ദുരന്തത്തിൽ നഷ്ടപ്പെടുകയോ ചെയ്യുന്ന അവസരത്തിൽ പുതിയ വസ്തുവകകൾ സ്വന്തമാക്കാനോ, പഴയതു അറ്റകുറ്റപ്പണി ചെയ്യാനോ ആവശ്യമായ പുതിയ വായ്പ അനുവദിക്കാവുന്നതാണ്.

**3.3 സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിSLBC) മീറ്റിംഗ് / ജില്ലാ കൺസൾട്ടേറ്റീവ് കമ്മിറ്റി(DCC) മീറ്റിംഗ്**

**3.3.1** ഒരു സംസ്ഥാനത്തിന്റെ വലിയൊരു പ്രദേശത്തു പ്രകൃതി ദുരന്തം സംഭവിക്കുകയാണെങ്കിൽ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ(SLBC) കൺവീനർ ഉടനെ ഒരു യോഗം വിളിച്ചു ചേർക്കണം. കമ്മിറ്റി, സംസ്ഥാന സർക്കാരിന്റെ അധികാരികളുമായി ചേർന്ന് ഒരു ഏകോപിത ദുരിതാശ്വാസ പദ്ധതി രൂപപ്പെടുത്തണം. ദുരന്തം സംസ്ഥാനത്തിന്റെ ഒരു ചെറിയ പ്രദേശത്തോ വളരെ കുറച്ചു ജില്ലകളിലോ മാത്രമേ ബാധിച്ചിട്ടുള്ളു എങ്കിൽ, ബാധിച്ച ജില്ലകളുടെ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ കൺവീനർ ഉടനെ യോഗം വിളിച്ചു ചേർക്കണം. ഈ പ്രത്യേക എസ്എൽബിസി(SLBC) / ഡിസിസി(DCC) യോഗത്തിൽ അനുയോജ്യമായ ആശ്വാസനടപടികൾ വേഗത്തിൽ രൂപപ്പെടുത്താനും നടപ്പിലാക്കാനും ഉറപ്പാക്കാനും വേണ്ടി, ദുരന്തം ബാധിച്ച സ്ഥലങ്ങളിലെ സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യണം.

3.3.2 നാശനഷ്ടങ്ങൾ വളരെ കൂടുതലായ സ്ഥലങ്ങളിൽ, നടപ്പിലാക്കിയ ആശ്വാസ നടപടികൾ, പ്രത്യേകമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ്/ സബ് കമ്മിറ്റി, എസ്എൽബിസി/ഡിസിസി എന്നിവ തീരുമാനിക്കുന്ന പ്രകാരം ആഴ്ചയിലൊ രിക്കലോ, രണ്ടാഴ്ചയിലൊരിക്കലോ നടക്കുന്ന യോഗങ്ങളിൽ അവലോകനം ചെയ്യേണ്ടതാണ്.

**3.4 പ്രകൃതി ദുരന്തത്തിന്റെ പ്രഖ്യാപനം**

3.4.1 പ്രകൃതി ദുരന്തത്തിന്റെ പ്രഖ്യാപനം കേന്ദ്ര / സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിൽപ്പെട്ടതാണ്. പ്രകൃതിദുരന്തം പ്രഖ്യാപിക്കാനും സർട്ടിഫിക്കറ്റുകളും പ്രഖ്യാപനങ്ങളും പുറപ്പെടുവിക്കാനും പൊതുവായ നടപടിക്രമങ്ങൾ ഇല്ലെന്നാണ് സംസ്ഥാന സർക്കാരിൽനിന്നു നിന്ന് കിട്ടുന്ന വിവരങ്ങൾ വ്യക്തമാക്കുന്നത്. വിവിധ സംസ്ഥാനങ്ങളിൽ അന്നേവരി, പൈസേവാരി, ഗിർദാവാരി തുടങ്ങിയ വ്യത്യസ്ത പേരുകളിലാണ് പ്രഖ്യാപനങ്ങളും സർട്ടിഫിക്കറ്റുകളും അറിയപ്പെടുന്നത്. എന്നിരുന്നാലും, കണക്കാക്കപ്പെട്ട വിള നാശം 33 ശതമാനമോ അതിൽ കൂടുതലോ ആയിരിക്കണം എന്നതാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾ അനുവദിക്കാനുള്ള സാധാരണ നിബന്ധന. നാശനഷ്ടം കണക്കാക്കാൻ, ചില സംസ്ഥാനങ്ങൾ വിളകട്ടിങ് പരീക്ഷണങ്ങൾ നടത്തുമ്പോൾ, മറ്റുള്ളവർ, നഷ്ടത്തിന്റെ കാഴ്ചയിലുള്ള അളവാണ് കണക്കിലെടുക്കുന്നത്.

3.4.2 അതി ഭയങ്കരമായ വെള്ളപ്പൊക്കം പോലെയുള്ള വളരെ ദാരുണമായ അവസ്ഥയാണെങ്കിൽ, നിലവിലുള്ള വിളകൾ മുഴുവൻ, നശിച്ചിട്ടുണ്ടാവുമെന്നും കൃഷി സ്ഥലത്തിനും മറ്റു ആസ്തികൾക്കും വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും വ്യക്തമായി അറിയുന്ന സന്ദർഭത്തിൽ, അത്തരം കാര്യങ്ങൾ, പ്രത്യേകം വിളിച്ചു ചേർത്ത SLBC/DCC യോഗത്തിൽ സംസ്ഥാന സർക്കാരിന്റെയും ജില്ലയുടെയും അധികാരികൾ വിഷയം വിശദമായി ചർച്ച ചെയ്യുകയും എന്തുകൊണ്ടാണ്, ക്രോപ് കട്ടിങ് പരീക്ഷണത്തിലൂടെ വിള നാശത്തിന്റെ ശതമാനം കണക്കാക്കാതിരുന്നത് എന്നും എന്തുകൊണ്ടാണ് നാശ നഷ്ടം സംഭവിച്ചവർക്ക് ദൃശ്യങ്ങളുടെയും കണക്കെടുപ്പിന്റെയും അടിസ്ഥാനത്തിൽ ആശ്വാസം നൽകണം എന്നും വിശദീകരിക്കണം,

3.4.3 ഈ രണ്ടു കേസുകളിലും പ്രഖ്യാപനങ്ങൾ നടത്തുന്നതിന് മുൻപ്, വിള നാശം 33 ശതമാനമോ അതിൽ കൂടുതലോ ആണെന്ന് DCC യും SLBC യും പൂർണമായി ഉറപ്പാക്കണം.

**നിലവിലുള്ള വായ്പയുടെ പുനഃക്രമീകരണം.**

പ്രകൃതി ദുരന്തങ്ങളുളുണ്ടാവുമ്പോൾ , ജനങ്ങളുടെ സാമ്പത്തിക പ്രവർത്തനങ്ങൾ താളം തെറ്റുന്നതുകൊണ്ടും, സാമ്പത്തിക ആസ്തികൾ നഷ്ടപ്പെടുന്നതുകൊണ്ടും, വായ്പ തിരിച്ചടക്കാനുള്ള കഴിവിനെ ഇല്ലാതാക്കും. അതുകൊണ്ടു, നിലവിലുള്ള വായ്പ പുനഃക്രമീകരിച്ചു, തിരിച്ചടവിൽ ആശ്വാസ നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാകുന്നു.

**4.1 കാർഷിക വായ്പ : ഹ്രസ്വകാല ഉല്പാദന വായ്പ ( വിള വായ്പ )**

4.1.1 ദുരന്തമുണ്ടാവുമ്പോൾ തിരിച്ചടക്കാൻ കാലതാമസമുണ്ടായ തൊഴിച്ചുള്ള എല്ലാ ഹ്രസ്വകാല വായ്പകളും പുനഃക്രമീകരണത്തിനു അർഹമാണ്. ദുരന്തമുണ്ടായ വർഷത്തിൽ തിരിച്ചടക്കാൻ സമയമായ എല്ലാ ഹ്രസ്വകാല വായ്പയുടെ മുതലും പലിശയും കാലാവധി വായ്പയായി പരിവർത്തനം ചെയ്യാവുന്നതാണ്.

4.1.2 പുനഃക്രമീകരിച്ച വായ്പയുടെ തിരിച്ചടവ് കാലാവധി കണക്കാക്കുന്നത് ദുരന്തത്തിന്റെ കാഠിന്യം, സാമ്പത്തിക ആസ്തിയിലുണ്ടാക്കിയ നാശനഷ്ടം, അത് കാരണമുണ്ടായ കഷ്ടത എന്നിവയെ ആശ്രയിച്ചായിരിക്കും. നഷ്ടം 33 ശതമാനത്തിനും 50 ശതമാനത്തിനും ഇടയ്ക്കാണെങ്കിൽ പരമാവധി തിരിച്ചടവ് കാലാവധി 2 വർഷം (ഒരു വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ) അനുവദിക്കാവുന്നതാണ്. വിള നാശം 50 ശതമാനത്തിൽ കൂടുതലാണെങ്കിൽ തിരിച്ചടവ് കാലാവധി 5 വർഷം വരെ (ഒരു വർഷത്തെ മോറട്ടോറിയം ഉൾപ്പെടെ)നീട്ടാവുന്നതാണ്.

4.1.3 എല്ലാ പുനക്രമീകരിച്ച വായ്പയ്ക്കും കുറഞ്ഞത് ഒരു വർഷം വരെ മോറട്ടോറിയം പരിഗണിക്കാവുന്നതാണ്. അത്തരം പുനക്രമീകരിച്ച വായ്പക്ക് ബാങ്കുകൾ വീണ്ടും സ്വത്ത് ജാമ്യം ആവശ്യപ്പെടാൻ പാടില്ല.

**4.2 കാർഷിക വായ്പ : ദീർഘകാല (നിക്ഷേപ) വായ്പ**

4.2.1 നിലവിലുള്ള വായ്പാ തിരിച്ചടവ് തവണകൾ കടമെടുക്കുന്നയാളിന്റെ തിരിച്ചടക്കാനുള്ള കഴിവും പ്രകൃതി ദുരന്തത്തിന്റെ സ്വഭാവവും അനുസരിച്ചു, താഴെ പറയുന്ന പ്രകാരം പുനഃക്രമീകരിക്കണം

4.2.1.1 പ്രകൃതി ദുരന്തത്തിൽ ആ വർഷത്തേക്കുള്ള വിള മാത്രം നശിക്കുന്നു, ഉല്പാദനോപകരണങ്ങൾക്കും ആസ്തികൾക്കും നഷ്ടം ഉണ്ടായിട്ടില്ല.

4.2.1.2 പ്രകൃതി ദുരന്തത്തിൽ ഉല്പാദനോപകരണങ്ങളും ആസ്തികളും ഭാഗികമായോ പൂർണ്ണമായോ നഷ്ടപ്പെട്ട കർഷകന് പുതിയ വായ്പ അത്യാവശ്യമാണ്.

4.2.1.3 മേൽപറഞ്ഞ 4.2.1.1 വിഭാഗത്തിൽപെട്ട പ്രകൃതി ദുരന്തമാണെങ്കിൽ, ദുരന്തമുണ്ടായ വർഷത്തിൽ തിരിച്ചടവ് തവണ പുനഃക്രമീ കരിക്കുകയും വായ്പാ കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിക്കുകയും ചെയ്യണം.

4.2.1.4 മേൽപറഞ്ഞ 4.2.1.2 വിഭാഗത്തിൽപെട്ട കർഷകന് അയാളുടെ ആകെ തിരിച്ചടക്കാനുള്ള ബാധ്യതയിൽനിന്നും സർക്കാരിൽനിന്നു ലഭിച്ച സബ്സിഡി, ഇൻഷുറൻസ് പദ്ധതിയിൽനിന്നു ലഭിച്ച നഷ്ട പരിഹാരം എന്നിവ കുറച്ച തുക (പഴയ കാലാവധി വായ്പ, പുനഃക്രമീകരിച്ച വിള വായ്പ, പുതുതായി അനുവദിക്കുന്ന വിള/കാലാവധി വായ്പ ഉൾപ്പെടെ) കണക്കിലെടുത്തു വായ്പാ കാലാവധി ദീർഘിപ്പിച്ചുകൊണ്ടു പുനഃക്രമീകരിക്കാവുന്നതാണ്. പുനഃക്രമീകരിച്ച വായ്പകളുടെ തിരിച്ചടവ് കാലാവധി ഓരോ വായ്പക്കനുസരിച്ചും വ്യത്യാസപ്പെട്ടിരിക്കും. എന്നിരുന്നാലും, കാലാവധി 5 വർഷത്തിൽ കൂടുതൽ ദീർഘിപ്പിക്കാൻ പാടില്ല.

### 4.3. മറ്റു വായ്പകൾ

4.3.1 ദുരന്തത്തിന്റെ കാഠിന്യത്തിനനുസരിച്ചു, കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് കൊടുത്ത വായ്പ, ഗ്രാമീണ കരകൗശല വിഭാഗക്കാർ, ചെറുകിട വ്യാപാരികൾ, സൂക്ഷ്മ/ ചെറുകിട /ഇടത്തരം വ്യവസായ സംരഭങ്ങൾ എന്നിവയ്ക്കു കൊടുത്ത വായ്പ തുടങ്ങിയ മറ്റെല്ലാ വായ്പകളുടെയും(മുകളിൽ സൂചിപ്പിച്ച കാർഷിക വായ്പ കൂടാതെ) ഒരു പൊതുവായ തിരിച്ചടവ് ക്രമീകരണം നടത്തുന്നതിനെക്കുറിച്ചു SLBCയും DCCയും തീരുമാനമെടുക്കണം. അങ്ങനെ ഒരു തീരുമാനം എടുത്തുകഴിഞ്ഞാൽ, എല്ലാ വായ്പയുടെയും തിരിച്ചടവ് ഒരു നിശ്ചിത കാലത്തേക്ക് മാറ്റിവെക്കപ്പെടുന്ന അവസരത്തിൽ, ബാങ്കുകൾ വായ്പയെടുത്തയാളിന്റെ അക്കൗണ്ടിന്റെ സ്ഥിതിയും, തിരിച്ചടവിനുള്ള കഴിവും, പുതിയ വായ്പയുടെ ആവശ്യകതയും കണക്കിലെടുത്തു യുക്തമായ തീരുമാനങ്ങളെടുക്കണം.

4.3.2 ഒരു യൂണിറ്റിന് അതിന്റെ പുനരുദ്ധാരണത്തിന് സാമ്പത്തിക സഹായം മുന്നോട്ടുവെക്കുമ്പോൾ, പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയതിനു ശേഷം അതിന്റെ ഫലപ്രാപ്തിയായിരിക്കണം ബാങ്കുകളുടെ പ്രഥമ പരിഗണന.

### 4.4 ആസ്തി തരം തിരിക്കൽ(അസറ്റ് ക്ലാസ്സിഫിക്കേഷൻ)

പുനഃക്രമീകരിച്ച വായ്പയുടെ അസറ്റ് ക്ലാസ്സിഫിക്കേഷൻ സ്ഥാനം താഴെ കൊടുത്തിരിക്കുന്നപോലെ ആയിരിക്കും.

4.4.1ഹ്രസ്വ കാല വായ്പയുടെയും ദീർഘ കാല വായ്പയുടെയും പുനഃക്രമീകരിച്ച ഭാഗം നിഷ്ക്രിയ ആസ്തി ആയി കണക്കാക്കാതെ നിലവിലെ കുടിശ്ശികയായിട്ടു കണക്കാക്കിയാൽ മതി. ഈ കാലാവധി വായ്പകളുടെ ആസ്തി വർഗീകരണം പിന്നീട് പരിഷ്കരിച്ച നിബന്ധനകൾ അനുസരിച്ചായിരിക്കും. എന്നിരുന്നാലും, അത്തരം പുനഃക്രമീകരിച്ച വായ്പക്ക് ബാങ്കിങ് റെഗുലേഷൻ ഡിപ്പാർട്മെന്റ് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന തരത്തിൽ ഉയർന്ന നീക്കിയിരിപ്പ് വെക്കേണ്ടി വരും.

4.4.2 പുനഃക്രമീകരിച്ച വായ്പയുടെ ഭാഗമല്ലാത്ത വായ്പ, അതിന്റെ അംഗീകരിച്ച സമയത്തെ നിബന്ധനകൾക്കും വ്യവസ്ഥയ്ക്കും വിധേയമായിരിക്കും. അതിന്റെ ഫലമായി വായ്പക്കാരിൽനിന്നുള്ള കുടിശ്ശികകൾ, ഗുണമേന്മയുള്ളവ, തരംതാണവ, സംശയാസ്പദമായവ, നഷ്ടപ്പെട്ടവ എന്നിങ്ങനെ ബാങ്കുകൾ തരം തിരിക്കും.

4.4.3 അധിക സാമ്പത്തികം വല്ലതുമുണ്ടെങ്കിൽ, അവ, ഗുണമേന്മയുള്ള ആസ്തിയായി പരിഗണിക്കപ്പെടും. അവയുടെ ആസ്തി തരം തിരിക്കൽ, വായ്പ അനുവദിക്കുന്ന സമയത്തിലുണ്ടായിരുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായിട്ടായിരിക്കും.

4.4.4 ദുരിതബാധിതർക്ക് ആശ്വാസം നൽകുന്നതിൽ ബാങ്കുകൾ സജീവമാണെന്ന് ഉറപ്പു വരുത്താൻ വേണ്ടി, പ്രകൃതി ദുരന്തം ഉണ്ടായ തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ വായ്പകളുടെ പുനഃക്രമീകരണം പൂർത്തിയായാൽ മാത്രമേ പ്രകൃതി ദുരന്തം

കാരണമായി പുനഃക്രമീകരിച്ച വായ്പ അക്കൗണ്ട്കളുടെ ആസ്തി വർഗ്ഗീകരണത്തിന്റെ ആനുകൂല്യം ബാങ്കുകൾക്ക് ലഭിക്കുകയുള്ളു. കഠിനമായ ദുരന്തം ഉണ്ടാവുമ്പോൾ, ദുരന്തം ബാധിച്ച എല്ലാ വായ്പകളും പുനഃക്രമീകരിക്കാൻ ഈ സമയം മതിയാവില്ല എന്ന് SLBC യ്ക്കും DCC യ്ക്കും തോന്നുന്നുണ്ടെങ്കിൽ, കാലാവധി ദീർഘിപ്പിച്ചു കിട്ടാൻ, അതിനുള്ള കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് ഉടനെ തന്നെ റിസർവ്വ് ബാങ്കിന്റെ പ്രാദേശിക കാര്യാലയത്തെ സമീപിക്കേണ്ടതാണ്. അത്തരം അപേക്ഷകൾ അതിന്റെ യോഗ്യത അനുസരിച്ചു പരിഗണിക്കുന്നതാണ്.

4.4.5 പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിന്റെ ഫലമായി രണ്ടോ അതിൽ കൂടുതലോ തവണ പുനഃക്രമീകരിച്ച വായ്പാ അക്കൗണ്ടുകൾ അതെ ആസ്തി വർഗ്ഗീകരണ വിഭാഗത്തിൽ തന്നെ നിലനിർത്തണം. അതനുസരിച്ചു, ഒരിക്കൽ പുനർനിർണ്ണയിച്ച ഗുണമേന്മയുള്ള ആസ്തി പ്രകൃതി ദുരന്തം കാരണം വീണ്ടും പുനഃക്രമീകരിക്കേണ്ടി വരികയാണെങ്കിൽ അവ രണ്ടാമത്തെ പുനഃക്രമീകരണമായി കണക്കാ ക്കില്ലെന്നു മാത്രമല്ല ഗുണമേന്മയുള്ള ആസ്തിയായി നിലനിർത്താൻ അനുവദിക്കുകയും ചെയ്യും. എന്നാൽ എല്ലാ പുനർനിർണ്ണയ വ്യവസ്ഥകളും ഇതിന് ബാധകമായിരിക്കും.

## 4.5 ഇൻഷുറൻസ് തുകയുടെ ഉപയോഗം.

4.5.2 വായ്പകളുടെ പുനർക്രമീകരണം സംബന്ധിച്ചു മേൽപറഞ്ഞ നടപടികൾ കർഷകർക്ക് ആശ്വാസം നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണെങ്കിലും സാധാരണ ഗതിയിൽ ഇൻഷുറൻസിൽ നിന്നുള്ള വരുമാനം കൊണ്ട് കർഷകരുടെ നഷ്ടം പരിഹരിക്കപ്പെടേണ്ടതാണ്. കൃഷി വകുപ്പ്, സഹകരണവും കൃഷിക്കാരുടെ ക്ഷേമവും പുറപ്പെടുവിച്ച ഉത്തരവ് അനുസരിച്ചു 2012 ഖാരിഫ് വിളവെടുപ്പ് മുതൽ പ്രധാന മന്ത്രി ഫസൽ ബീമാ യോജന (PMFBY) നിലവിലുണ്ടായിരുന്ന ദേശീയ കാർഷിക ഇൻഷുറൻസ് പദ്ധതിക്കും(NAIS) പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷുറൻസ് പദ്ധതിക്കും(MNAIS) പകരം നിലവിൽ വന്നു. ഈ പദ്ധതി പ്രകാരം പ്രത്യേക സാഹചര്യത്തിൽ കൊയ്ത്തിനുശേഷമുള്ള നാശനഷ്ടത്തിനുൾപ്പെടെ എല്ലാ കാർഷിക വായ്പകൾക്കും എല്ലാ ഘട്ടത്തിലും ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടുണ്ട്. ഇൻഷുർ ചെയ്ത വിളകളുടെ കവറേജ്, അടച്ച പ്രീമിയം എന്നിവ അവലോകനം ചെയ്യാൻ, www.agri-insurance.gov.in ൽ ലഭ്യമായ വിള ഇൻഷുറൻസിന്റെ പോർട്ടലിൽ കർഷകരുടെ വിശദ വിവരങ്ങൾ നൽകേണ്ടത് ആവശ്യമാണ്.

4.5.3 പ്രകൃതി ദുരന്തങ്ങൾ ബാധിച്ച മേഖലകളിലെ വായ്പകൾ പുനഃസംഘടിപ്പിക്കുമ്പോൾ, ഇൻഷുറൻസ് തുക ലഭിക്കുന്നുണ്ടെങ്കിൽ ബാങ്കുകൾ അത് കൂടി കണക്കിലെടുക്കണം. വായ്പക്കാരന് പുതിയ വായ്പ അനുവദിക്കുമ്പോൾ, ഈ വരുമാനം, പുനഃസംഘടിപ്പിച്ച വായ്പയുമായി ക്രമീകരിക്കണം. എന്നിരുന്നാലും ബാങ്കുകൾ സദ് ഭാവത്തോടെ പ്രവർത്തിക്കുകയും ഇൻഷുറൻസിന്റെ തുക ലഭിക്കുന്നതിന് കാത്തുനിൽക്കാതെ വായ്പ പുനസംഘടിപ്പിക്കയും ചെയ്യണം.

## പുതിയ വായ്പ ലഭ്യമാക്കൽ

### 5.1 പുതിയ വായ്പ അനുവദിക്കൽ

**5.1.1 SLBC** യും **DCC** യും വായ്പ പുനക്രമീകരിക്കാൻ തീരുമാനിച്ചുകഴിഞ്ഞാൽ ഹ്രസ്വകാല വായ്പകൾ തീർപ്പാക്കിയില്ലെങ്കിലും, വിളയുടെ സാമ്പത്തിക സ്ഥിതിയും കൃഷിസ്ഥലത്തിന്റെ വിസ്തൃതിയും കണക്കിലുടുത്തു നിലവിലുള്ള മാർഗനിർദ്ദേശങ്ങൾക്കനുസരിച്ചു ബാങ്കുകൾ ദുരന്തം ബാധിച്ച ജനങ്ങൾക്ക് പുതിയ വായ്പ അനുവദിക്കേണ്ടതാണ്.

**5.1.2** ബാങ്കുകളുടെ സഹായം കൃഷിക്കും അനുബന്ധ മേഖലകൾക്കും (കോഴി വളർത്തൽ, മൽസ്യബന്ധനം, മൃഗസംരക്ഷണം തുടങ്ങിയവ) മാത്രമല്ല, സാമ്പത്തിക ആസ്തികളുടെ അറ്റക്കുറ്റപ്പണികൾ, പുതിയ ആസ്തികൾ സ്വന്തമാക്കുക തുടങ്ങിയ വ്യത്യസ്തമായ ആവശ്യങ്ങൾക്കുള്ള ദീർഘകാല വായ്പയും ആവശ്യമാണ്. അതുപോലെ, പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങളിലുള്ള ഗ്രാമീണ കരകൗശലത്തൊഴിലാളികൾ, സ്വയം തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ, സൂക്ഷ്മ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങിയവ യ്ക്കും അവരുടെ ഉപജീവനമാർഗ്ഗത്തെ നിലനിർത്താൻ പുതിയ വായ്പകൾ ആവശ്യമായി വരും. ബാങ്കുകൾ, ഇത്തരം ആൾക്കാരുടെ വായ്പയുടെ ആവശ്യകതയും, അനുവദിക്കാനുള്ള വായ്പയുടെ തുകയും അവലോകനം ചെയ്യുകയും ഉചിതമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വായ്പകൾ അനുവദിക്കുകയും ചെയ്യേണ്ടതാണ്.

**5.1.3.** ബാങ്കുകൾക്കു, നിലവിൽ വായ്പയെടുത്തിട്ടുള്ള എല്ലാവർക്കും വസ്തു ജാമ്യമില്ലാതെ **10,000** റൂപ വീതം ഉപഭോഗ വായ്പയും അനുവദിക്കാവുന്നതാണ്. എന്നാൽ, ബാങ്കിന് അതിന്റെ വിവേചനാധികാരം ഉപയോഗിച്ച് **10,000** രൂപ എന്ന പരിധി ഉയർത്താവുന്നതാണ്.

### 5.2 ഉപാധികളും നിബന്ധനകളും

**5.2.1** ഗ്യാരണ്ടി/ജാമ്യം, സുരക്ഷാ, മാർജിൻ

**5.2.1.1** വ്യക്തിഗത ജാമ്യം ഇല്ലാത്തതുകൊണ്ട് വായ്പ നിഷേധിക്കാൻ പാടില്ല. നിലവിലുള്ള ഈടിന്റെ മൂല്യം കുറയുകയോ വെള്ളപ്പൊക്കത്തിൽ നശിച്ചുപോകുകയോ ചെയ്താൽ കൂടുതലായി ഈട് ലഭിക്കാത്തതുകൊണ്ടുമാത്രം ദുരിതാശ്വാസ സഹായം നിഷേധിക്കരുത്. ഈടിന്റെ മൂല്യം (നിലവിലുള്ളതും പുതിയ വായ്പ ഉപയോഗിച്ച് ഉണ്ടാവുന്ന ആസ്തിയും ചേർന്ന്) വായ്പത്തുകയെക്കാൾ കുറവാണെങ്കിലും വായ്പ അനുവദിക്കാവുന്നതാണ്. പുതിയ വായ്പയെ സംബന്ധിച്ചാണെങ്കിൽ സഹാനുഭൂതിയോടെയുള്ള ഒരു നിലപാട് കൈക്കൊള്ളേണ്ടതാണ്.

**5.2.1.2** മുൻപ് വ്യക്തിഗത സെക്യൂരിറ്റിയുടെയോ വിളയുടെ ഹൈപ്പോത്തിക്കേഷന്റെ പിൻബലത്തിലോ അനുവദിച്ച വിള വായ്പ

(കാലാവധി വായ്പയായി പരിവർത്തനം ചെയ്തിട്ടുള്ളത്) എടുത്ത വ്യക്തിക്ക്, പരിവർത്തനം ചെയ്തു കിട്ടുന്ന വായ്പക്ക് കൃഷി ഭൂമി മോർട്ടഗേജ് ചെയ്യാൻ പറ്റാത്ത അവസ്ഥയാണെങ്കിലും ഭൂമി മോർട്ടഗേജ് ചെയ്യാൻ പറ്റാത്തതുകൊണ്ട് മാത്രം പരിവർത്തനം ചെയ്യാനുള്ള ആനുകൂല്യം നിഷേധിക്കാൻ പാടില്ല. വായ്പയെടുക്കുന്നയാൾ ഇതിമുന്പ് ഭൂമിയുടെ ജാമ്യത്തിൽ ഒരു കാലാവധി വായ്പയെടുത്തിട്ടുണ്ടെങ്കിൽ, പരിവർത്തന വായ്പക്ക്, രണ്ടാം മോർട്ടഗേജ് കൊണ്ട് തൃപ്തിപ്പെടേണ്ടതാണ്. പരിവർത്തന ആനുകൂല്യം പ്രദാനം ചെയ്യാൻ ബാങ്കുകൾ മൂന്നാം കക്ഷി ഗ്യാരണ്ടിക്കു വേണ്ടി നിർബന്ധിക്കരുത്.

**5.2.1.3** കൃഷി ഭൂമി ഈടായി എടുത്തിട്ടുണ്ടെങ്കിൽ, ഒറിജിനൽ കൈവശ രേഖയുടെ അഭാവത്തിൽ, കർഷകർക്ക് റെവന്യൂ അധികാരികൾ നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ്, അവർക്കു സാമ്പത്തിക സഹായം അനുവദിക്കാൻ, സ്വീകരിക്കാവുന്നതാണ്.

**5.2.1.4** മാർജിൻ ആവശ്യകത ഒഴിവാക്കുകയോ സംസ്ഥാന സർക്കാർ നൽകിയ ഗ്രാന്റോ സബ്സിഡിയോ മാർജിൻ ആയി കണക്കാക്കുകയോ ചെയ്യാവുന്നതാണ്.

**5.3 പലിശ നിരക്ക്**

പലിശ നിരക്ക് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും. ബാങ്കുകൾ, അവരുടെ വിവേചനാധികാര പരിധിയിൽ നിന്നുകൊണ്ട്, വായ്പയെടുത്തവരുടെ പ്രശ്നങ്ങൾ സഹാനുഭൂതിയോടെ കാണുമെന്നും പ്രകൃതി ദുരന്തം ബാധിച്ച ജനങ്ങൾക്ക് പരമാവധി ഇളവുകൾ നൽകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്. നിലവിലുള്ള കുടിശ്ശികക്കു ഒരുവിധ അധിക പലിശയും ചുമത്തില്ല. പലിശ നിരക്കുകൾ കൂട്ടിച്ചേർക്കുന്നതും ബാങ്കുകൾ ഒഴിവാക്കണം. ബാങ്കുകൾ പിഴപ്പലിശ ഈടാക്കില്ല, കൂടാതെ, പുനഃക്രമീകരിച്ചതും പരിവർത്തനം ചെയ്തതുമായ വായ്പകൾക്ക് ഈടാക്കിയ പിഴപ്പലിശ ഒഴിവാക്കുകയും ചെയ്യും. ആശ്വാസ നടപടികൾ എല്ലാ ബാങ്കുകളിലും ഏകദേശം ഒരുപോലെയാക്കാൻ, പ്രകൃതി ദുരന്തത്തിന്റെ സ്വഭാവവും കാഠിന്യവും അനുസരിച്ചു SLBC യും DCC യും വായ്പയെടുത്തവർക്കു കൊടുക്കാൻ കഴിയുന്ന പലിശയിളവിനെ സംബന്ധിച്ചു ഒരു കാഴ്ചപ്പാട് കൈക്കൊള്ളേണ്ടതാണ്.

**മറ്റു അനുബന്ധ നടപടികൾ**

**6.1 നിങ്ങളുടെ ഉപഭോക്താവിനെ അറിയുക എന്ന മാനദണ്ഡത്തിൽ ഇളവ്**

വലിയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പല വ്യക്തികളും സ്വന്തം സ്ഥലത്തുനിന്നും മാറ്റിനിർത്തപ്പെടുകയും അവരെ ദുരന്തം ദോഷകരമായ രീതിയിൽ ബാധിക്കുകയും ചെയ്തതുകൊണ്ട് അവരുടെ പൊതുവായിട്ടുള്ള തിരിച്ചറിയൽ രേഖകളും വ്യക്തിപരമായ മറ്റു രേഖകളും അപ്രാപ്യമായിരിക്കും എന്ന് മനസ്സിലാക്കണം. അത്തരക്കാർക്കു ഫോട്ടോയുടെയും ബാങ്ക് അധികാരികളുടെ മുഖദാവിൽ കൈയ്യൊപ്പിന്റെയോ വിരലടയാളത്തിന്റെയോ പിൻബലത്തിൽ, ഒരു ചെറിയ അക്കൗണ്ട് തുറക്കാവുന്നതാണ്. അക്കൗണ്ടിൽ 50,000 രൂപയിൽ

കൂടുതൽ ഇല്ലാതിരിക്കുകയും അനുവദിച്ച ദുരിതാശ്വാസവും അക്കൗണ്ടിലുള്ള തുകയും ചേർത്ത് 1,00,000 രൂപയിൽ കൂടാതിരിക്കുകയും ഒരു വർഷത്തിൽ അനുവദിച്ച ദുരിതാശ്വാസ തുകയിൽ കൂടാതിരിക്കുകയും ചെയ്യുന്ന അക്കൗണ്ടുകൾക്കാണ് ഈ നിബന്ധന ബാധകമാകുന്നത്.

**6.2 ബാങ്കിങ് സേവന സൗകര്യം ലഭ്യമാക്കൽ**

ബാങ്കുകൾ അവരുടെ ദുരന്തബാധിത ശാഖകൾ, റിസർവ്വ് ബാങ്കിന്റെ പ്രാദേശിക കാര്യാലയത്തെ അറിയിച്ചു കൊണ്ട് താത്ക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കേണ്ടതാണ്. താത്ക്കാലിക കെട്ടിടത്തിലുള്ള പ്രവർത്തനം 30 ദിവസത്തിനപ്പുറം തുടരുന്നതിനു റിസർവ്വ് ബാങ്കിൽനിന്ന് പ്രത്യേക സമ്മതവും വാങ്ങിയിരിക്കണം. കൂടാതെ ദുരന്ത ബാധിത പ്രദേശങ്ങളിൽ റിസർവ്വ് ബാങ്കിനെ അറിയിച്ചുകൊണ്ട് സാറ്റലൈറ്റ് ഓഫീസുകളും എക്സ്റ്റൻഷൻ കൗണ്ടറുകളും തുറക്കുകയും മൊബൈൽ ബാങ്കിങ് സേവനങ്ങൾ തുടങ്ങിയവ ലഭ്യമാക്കുകയും ചെയ്യണം.

6.2.2 ദുരന്തബാധിത പ്രദേശങ്ങളിലെ ജനങ്ങളുടെ പണത്തിന്റെ ആവശ്യങ്ങൾ സാധ്യമാക്കാൻ ATM സൗകര്യം ഏർപ്പെടുത്തുന്നതിനും മറ്റു പകരം സംവിധാനം ഒരുക്കുന്നതിനും പ്രാധാന്യം കൊടുക്കണം.

6.2.3 ബാങ്കുകൾക്ക്, അവരുടെ വിവേചനാധികാരം ഉപയോഗിച്ച് ദുരിതബാധിതരുടെ പ്രയാസങ്ങൾ ലഘൂകരിക്കാൻ ATM ഫീസ് ഒഴിവാക്കുക, ATMൽ നിന്ന് പിൻവലിക്കാനുള്ള പണത്തിന്റെ പരിധി വർദ്ധിപ്പിക്കുക, ഓവർഡ്രാഫ്റ്റ് ഫീസും, കാലാവധി നിക്ഷേപം നേരത്തെ പിൻവലിക്കാനുള്ള പിഴയും ഒഴിവാക്കുക, ക്രെഡിറ്റ് കാർഡിന്റെയും മറ്റു വായ്പകളുടെ തിരിച്ചടവും താമസിച്ചു അടക്കുന്നതിന്റെ പിഴ ഒഴിവാക്കുക, ക്രെഡിറ്റ് കാർഡ് ഉടമസ്ഥർക്ക് കാർഡിലെ കുടിശ്ശിക ഒന്നോ രണ്ടോ വർഷത്തേക്കുള്ള EMI ആയി തിരിച്ചടക്കാനുള്ള അനുവാദം കൊടുക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യാവുന്നതാണ്. കൂടാതെ ദുരിതബാധിതരുടെ ബുദ്ധിമുട്ടു കണക്കിലെടുത്തു കാർഷിക വായ്പയ്ക്ക് സാധാരണ പലിശയൊഴിച്ചു ഈടാക്കിയ എല്ലാ പിഴകളും ഒഴിവാക്കുകയും ചെയ്യണം.

**കലാപങ്ങളും അസ്വസ്ഥതകളും : മാർഗ്ഗനിർദ്ദേശങ്ങളുടെ പ്രയോഗക്ഷമത**

**7.കലാപങ്ങളുടെയും അസ്വസ്ഥതകളുടെയും സാഹചര്യത്തിൽ മാർഗ്ഗനിർദ്ദേശ ങ്ങളുടെ പ്രയോഗക്ഷമത**

7.1 കലാപ ബാധിതരായ വ്യക്തികൾക്ക് പുനരധിവാസത്തിനു സഹായം നൽകണമെന്ന് റിസർവ്വ് ബാങ്ക് പറയുമ്പോൾ, മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ കൃത്യമായി പാലിക്കേണ്ടതാണ്. എന്നിരുന്നാലും, കലാപ ബാധിതരെന്നു സംസ്ഥാന ഭരണാധികാരികൾ സാക്ഷ്യപ്പെടുത്തിയ വ്യക്തികൾക്കാണ്, മാർഗ്ഗനിർദ്ദേശങ്ങൾക്കനു സരിച്ചു സഹായം നകുന്നതെന്നു ബാങ്കുകൾ ഉറപ്പാക്കണം.

7.2 സംസ്ഥാന സർക്കാരിൽനിന്നു വിവരം ലഭിച്ചതിനു ശേഷം, റിസർവ്വ് ബാങ്ക് മറ്റു ബാങ്കുകൾക്ക് സർക്കുലർ അയക്കുകയും അതിനുശേഷം ബാങ്കുകൾ അവരുടെ ശാഖകളിലേക്കു നിർദ്ദേശങ്ങൾ അയക്കുകയും ചെയ്യുമ്പോൾ കലാപ ബാധിതരായ ജനങ്ങൾക്ക് സഹായം എത്തിക്കാൻ

വൈകുന്നു. കലാപ ബാധിതരായ ജനങ്ങൾക്ക് വേഗത്തിൽ ആശ്വാസനടപടികൾ എത്തുന്നു എന്നുറപ്പിക്കാൻ വേണ്ടി, കലാപങ്ങളോ അസ്വസ്ഥതകളോ ഉണ്ടായാൽ ആവശ്യമെങ്കിൽ DCC യുടെ ഒരു യോഗം വിളിക്കാൻ ജില്ലാ കളക്ടർ ലീഡ് ബാങ്ക് ഓഫീസറോട് ആവശ്യപ്പെടുകയും, കലാപ ബാധിത പ്രദേശങ്ങളിൽ ജീവനും സ്വത്തിനും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളെക്കുറിച്ചു ഒരു റിപ്പോർട് DCC ക്കു നൽകേണ്ടതുമാണ്. കലാപം കാരണം, ജനങ്ങളുടെ ജീവനും സ്വത്തിനും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളെക്കുറിച്ചു DCC ക്കു ബോധ്യമായാൽ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചുള്ള സഹായം കലാപബാധിതർക്ക് എത്തിക്കേണ്ടതാണ്. ജില്ലാ കൺസൾട്ടേറ്റീവ് കമ്മിറ്റി ഇല്ലാത്ത സ്ഥലങ്ങളിൽ, ജില്ലാ കളക്ടർ, കലാപബാധിതരായ ആളുകൾക്ക് സഹായമെത്തിക്കു- ന്നതിനെക്കുറിച്ചു ആലോചിക്കാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ മീറ്റിംഗ് ചേരാൻ ആവശ്യപ്പെടുന്നു. കളക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടും, DCC യുടെയും SLBC യുടെയും അതിൻമേലുള്ള തീരുമാനവും രേഖപ്പെടുത്തുകയും യോഗത്തിന്റെ മിനുട്ടിന്റെ ഭാഗമാക്കുകയും ചെയ്യുന്നു. പ്രസ്തുത യോഗത്തിന്റെ കാര്യപരിപാടിയുടെ ഒരു കോപ്പി ഭാരതീയ റിസർവ്വ് ബാങ്കിന്റെ പ്രാദേശിക ഓഫീസിലേക്ക് അയക്കേണ്ടതാണ്.

### ഭാഗം III

**കാർഷിക മേഖലയിലേക്കുള്ള വായ്പാ പ്രവാഹം - മാർജിനും ഈടിന്റെ ആവശ്യകതയും പരിത്യജിക്കൽ.**

കാർഷിക മേഖലയിലേക്കുള്ള വായ്പാ പ്രവാഹത്തിന്റെ, വിശിഷ്യാ ചെറുകിട വായ്പയുടെ, പ്രാധാന്യം കണക്കിലെടുത്തു ഒരു ലക്ഷം രൂപ വരെയുള്ള കാർഷിക വായ്പക്കും അഞ്ചു ലക്ഷം രൂപ വരെയുള്ള അഗ്രി ബിസിനസ്/ അഗ്രി ക്ലിനിക്സ് വായ്പക്കും മാർജിനും ഈടിന്റെ ആവശ്യകതയും പരിത്യജിക്കാൻ ഉള്ള തീരുമാനം ബാങ്കുകൾക്കു എടുക്കാവുന്നതാണ്.

## അധ്യായം VII

### ലീഡ് ബാങ്ക് പദ്ധതിയിലെ പങ്കാളിത്തം

സ്മാൾ ഫിനാൻസ് ബാങ്കുകളെ അതാതിടത്തെ SLBC യോഗങ്ങളിലേയ്ക്ക് ക്ഷണിക്കാവുന്നതാണ്. ഈ വർഷം, അതായതു 2017-18 ൽ അവർ യോഗത്തിലേക്കുള്ള ക്ഷണിതാവ് മാത്രമായിരിക്കും. 2018-19 ലെ ആദ്യ പാദം മുതൽ വായ്പാ ആസൂത്രണ പ്രക്രിയയിൽ അവർ പങ്കാളി ആകുന്നതോടൊപ്പം ലീഡ് ബാങ്ക് പദ്ധതിയുടെ വിവിധ വേദികളായ SLBC, DLCC/DLRC, BLBC എന്നിവിടങ്ങളിലെ സ്ഥിരംഗവുമായിരിക്കും.

ഭാരതീയ റിസർവ്വ് ബാങ്കിന്റെ വെബ്സൈറ്റ് ആയ www.rbi.org.in.ൽ ലഭ്യമായ ജൂലൈ 3, 2017ലെ ലീഡ് ബാങ്ക് പദ്ധതിയെ കുറിച്ചുള്ള മാസ്റ്റർ സർക്കുലർ പരിശോധിച്ചു് പദ്ധതിയുടെ പ്രവർത്തനത്തെ കുറിച്ചും വിവിധ വേദികളുടെ ഘടനയെ കുറിച്ചും മനസ്സിലാക്കേണ്ടതാണ്.

## അധ്യായം VIII

### സർക്കാർ സ്പോൺസർ ചെയ്യുന്ന പദ്ധതികൾ

പട്ടിക ജാതി/ പട്ടിക വർഗത്തിനും ന്യൂന പക്ഷ സമുദായങ്ങൾക്കും ഉള്ള വായ്പാ സൗകര്യങ്ങൾ

സ്മാൾ ഫിനാൻസ് ബാങ്കുകൾ 2018-19 മുതൽ വായ്പാ ആസൂത്രണ പ്രക്രിയയിൽ പങ്കാളി ആകുകയാണ് . NRLM ,NULM , പട്ടിക ജാതി/ പട്ടിക വർഗത്തിനും ന്യൂന പക്ഷ സമുദായങ്ങൾക്കും ഉള്ള വായ്പാ സൗകര്യങ്ങൾ എന്നീ വിഷയങ്ങളലുള്ള മാസ്റ്റർ സർകുലേഴ്സ് ഏപ്രിൽ 1 , 2018 മുതൽ സ്മാൾ ഫിനാൻസ് ബാങ്കുകൾക്കു പൂർണമായും ബാധകമാകും.

i) ദീൻ ദയാൽ അന്ത്യോദയ യോജന -ദേശീയ നഗര ജീവിതമാർഗ്ഗ പ്രസ്ഥാനം (DAY -NRLM ) RBI /2017 -18 /10 - FIDD.CO.GSSD.BC.No.06/09.09.01/2017-18 July 1, 2017

ii) ദീൻ ദയാൽ അന്ത്യോദയ യോജന -ദേശീയ നഗര ജീവിതമാർഗ്ഗ പ്രസ്ഥാനം (DAY -NRLM ) RBI /2017 -18 /5 - FIDD.GSSD. CO. BC.No.03/09.16.03/2017-18 July 1, 2017

iii) iii ) പട്ടിക ജാതി/ പട്ടിക വർഗത്തിന്ള്ള വായ്പാ സൗകര്യങ്ങൾ RBI /2017 -18 /7 - FIDD.GSSD. CO. BC.No.06/09.09.01/2017-18 July 1, 2017

iv ) ന്യൂന പക്ഷ സമുദായങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ- RBI /2017 -18 /6 - FIDD.GSSD. BC.No.05/09.10.01/2017-18 July 1, 2017

സ്മാൾ ഫിനാൻസ് ബാങ്ക്സ് മുകളിൽ പറഞ്ഞിട്ടുള്ള മാസ്റ്റർ സർക്കുലർ പരിശോധിക്കുകയും പദ്ധതികളുടെ പ്രവർത്തനത്തെ കുറിച്ചുംമനസ്സിലാക്കേണ്ടതുമാണ്. റിസർവ്വ് ബാങ്കിന്റെ വെബ്സൈറ്റ് ആയ www.rbi.org.in.ൽ ഇനി പറയുന്ന ലിങ്കിൽ മാസ്റ്റർ സർക്കുലർ ലഭിക്കുന്നതായിരിക്കും

https://www.rbi.org.in/Scripts/BS_ViewMasterCirculardetails.aspx?did=343